# ദേശീയ ഫിഷറീസ് നയം, 2020

## സമിതിയുടെ പരിഗണനയ്ക്കായുള്ള ആറാമത്തെ കരട് രൂപരേഖ

**2020 ഡിസംബർ 30**

**ഉള്ളടക്കം**


**1.0** മുഖവുര......3
**2.0** **ആമുഖം** ......5
**3.0** **ദർശനം** ......6
**4.0** **ദൗത്യം** ......6
**5.0** **ലക്ഷ്യങ്ങൾ** ......6
**6.0** **തന്ത്രം** ......6
**6.1** **സമുദ്ര മത്സ്യ ബന്ധനം** ......6
*6.1.1* **സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിരത** ......7
*6.1.2* മേൽനോട്ട , നിയന്ത്രണ, നിരീക്ഷണ സംവിധാനം ......11
**6.2** **ഉൾനാടൻ മത്സ്യ മേഖല** ......13
*6.2.1* നദികൾ,നദീതടങ്ങൾ, തടാകങ്ങൾ, തണ്ണീർ തടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മത്സ്യ പരിപാലനം ......13
*6.2.2.* **റിസർവോയർ ഫിഷറീസ് സാധ്യതകൾ പ്രയോജനപ്പെടുത്തൽ** ......16
**6.3** **മത്സ്യകൃഷി** ......18
*6.3.1* *ശുദ്ധജല മത്സ്യകൃഷി* ......18
*6.3.2* *ഓരുജല മത്സ്യ കൃഷി*......21
*6.3.3* *സമുദ്ര മത്സ്യ കൃഷി*......23
*6.3.4* *കടൽ പായൽ കൃഷി*......24
*6.3.5* *അലങ്കാര മത്സ്യ കൃഷി*......26
*6.3.6* *ഉൾനാടൻ ലവണപ്രദേശങ്ങൾ മത്സ്യ കൃഷിക്ക് ഉപയുക്തമാക്കൽ*......27
*6.3.7* *മത്സ്യ കൃഷിയിലെ ആരോഗ്യ പരിപാലനവും ജൈവ സുരക്ഷയും*......28
**6.4** **പശ്ചാത്തല ഭൗതിക സൗകര്യങ്ങൾ** ......29
**6.5** **മത്സ്യ സംസ്കരണവും വാണിജ്യവും** ......31
*6.5.1* *വിതരണ ശൃംഖലയും മൂല്യ ശൃംഖലയും മെച്ചപ്പെടുത്തുന്നു* ......31
*6.5.2* *ആഭ്യന്തര വിപണിയുടെ വികസനം* ......33
*6.5.3* *വാണിജ്യവും ഭക്ഷ്യ സുരക്ഷയും പ്രോത്സാഹിപ്പിക്കുക* ......35
**6.6** **പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും**......36
*6.6.1* *കാലാവസ്ഥാ വ്യതിയാനം*......36
*6.6.2* *ആവാസവ്യവസ്ഥയുടെ ആരോഗ്യവും സമഗ്രതയും ഉറപ്പാക്കുന്നു*......37
*6.6.3* *താക്കോല് ജനുസ്സുകളും അനുപമ ആവാസ വ്യവസ്ഥകളും സംരക്ഷിക്കുക* ......38
*6.6.4* *മത്സ്യ തീറ്റ ഉത്പാദനവും മീന് കുഞ്ഞുങ്ങളുടെ പിടുത്തവും നിയന്ത്രിക്കല്*......39
*6.6.5* "നീല സാമ്പത്തിക" സമീപനവും സമുദ്ര സ്ഥല ആസൂത്രണവും ......39
**6.7** **സാമൂഹ്യ സുരക്ഷ** ......40
*6.7.1* *ചെറുകിട മീൻപിടുത്തക്കാരുടെയും മത്സ്യ കർഷകരുടെയും താല്പര്യങ്ങൾ സംരക്ഷിക്കൽ*......40
*6.7.2* *സാമൂഹ്യ സുരക്ഷ, ലിംഗ നീതി*......41
**6.8** **ഭരണ നിർവഹണം** ......44
*6.8.1* *ഉൾനാടൻ ജലാശയങ്ങളിലെയും സമുദ്രത്തിലേയും വിഭവങ്ങളുടെ സുസ്ഥിര നിയന്ത്രണം* ......44
*6.8.2* *സ്ഥാപനങ്ങൾ*......45
*6.8.3* *മാനവ ശേഷി വികസനവും സംരംഭകത്വവും* ......47
*6.8.4* *വിവര ശേഖരം*......48
*6.8.5* *വിജ്ഞാന വ്യാപനവും സാങ്കേതിക സഹായവും*......49
**6.9** മേഖലാ അന്താരാഷ്ട്ര ധാരണകൾ/ ......50
*6.9.1* മേഖലാതല സഹകരണം പ്രോത്സാഹിപ്പിക്കൽ ......50
*6.9.2* മേഖലയിലെ മുൻനിര രാജ്യമാക്കി ഇന്ത്യയെ വളർത്തുക ......51
**6.10** മുന്നോട്ടുള്ള ഗതി ......52
**അടിസ്ഥാന വിവരങ്ങൾ** ......**53**

# ദേശീയ ഫിഷറീസ് നയം

## 1 മുഖവുര

ഹിമാലയം മുതൽ ഉപഭൂഖണ്ഡത്തിന്റെ പകുതി ചൂഴ്ന്നു നിൽക്കുന്ന മൂന്നു സമുദ്ര ഭാഗങ്ങൾ ഉൾപ്പെടെയുള്ള ജല സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്ന വൈവിധ്യ പൂർണ്ണമായ ഒന്നാണ് ഇന്ത്യയിലെ ഫിഷറീസ്. അത് നമ്മുടെ പൗരാണിക സംസ്കൃതിയുമായും സാമൂഹ്യ ജീവിതവുമായും ഇഴപിരിയാത്ത ജൈവിക ബന്ധം പുലർത്തുന്നു. ദശ ലക്ഷത്തോളം ആളുകള്ക്ക് നേരിട്ടും അതിലേറെ ആളുകള്ക്ക് പരോക്ഷമായും ജീവ സന്ധാരണം സാധ്യമാക്കുന്ന അനേകം തരത്തിലുള്ള മത്സ്യങ്ങൾ, ചിപ്പിവര്ഗ്ഗ ജീവികൾ , ജല സസ്യങ്ങൾ എന്നിവ അടങ്ങിയ വിസ്മയിപ്പിക്കുന്ന ജൈവ വൈവിധ്യത്തോടുകൂടിയ നമ്മുടെ മത്സ്യ മേഖല ആഗോള മത്സ്യബന്ധന സാഹചര്യങ്ങളിൽ സമാനതകളില്ലാത്ത ഒന്നാണ്.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം അൻപതുകളുടെ തുടക്കത്തിൽ ആവിഷ്കരിച്ച ആസൂത്രിത വികസന തന്ത്രങ്ങളുടെ ഫലമായി ക്രമേണ വർധിച്ചു വന്ന നമ്മുടെ മത്സ്യ ഉൽപ്പാദനം ഇന്ന് (2018-19 ) 13.76 ദശ ലക്ഷം ടണ്ണായി ഉയർന്ന്, ചൈനയ്ക്കും, ഇന്തോനേഷ്യക്കും ശേഷം ലോകത്ത് ഏറ്റവും കൂടുതൽ മത്സ്യം ഉൽപ്പാദിപ്പിക്കുന്ന രാഷ്ട്രമായി നമ്മളെ വളർത്തിയിരിക്കുന്നു. സമുദ്ര മത്സ്യ മേഖലയിൽ നിന്നും പരമാവധി എടുക്കാവുന്ന അളവായ 5.31 ദശലക്ഷം ടൺ എന്ന ലക്ഷ്യത്തിലേക്ക് അടുത്ത് കൊണ്ടിരിക്കുമ്പോൾ മത്സ്യ കൃഷി വഴിയുള്ള ഉൽപ്പാദനത്തിൽ കഴിഞ്ഞ മൂന്നു ദശകങ്ങൾ കൊണ്ട് നാം കൈവരിച്ച നേട്ടം അത്ഭുതാവഹമാണ്. മത്സ്യ കൃഷി വഴിയുള്ള ഉൽപ്പാദനത്തിൽ നമുക്ക് ആഗോള തലത്തിൽ രണ്ടാം സ്ഥാനമാണ് ഉള്ളത്.

ദേശീയ ജനസംഖ്യയുടെ 2.04 ശതമാനമായ 28 ദശലക്ഷം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉപജീവനമാർഗ്ഗം നൽകുന്ന ഈ മേഖല, യുവാക്കൾക്കും സ്ത്രീകൾക്കും ഉൾപ്പെടെ ഒരുപാട് പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമെ ഭക്ഷണ- പോഷക സുരക്ഷ, വിദേശനാണ്യ വരുമാനം എന്നിവ നേടുന്നതിന് ധാരാളം അവസരങ്ങളും നൽകുന്നു. 2018-19 കാലയളവില് 2,12,915 കോടി രൂപയുടെ സാമ്പത്തിക മൂല്യമാണ് ഈ മേഖല സംഭാവന ചെയ്തത്. ഇത് ദേശീയ ജി ഡി പി യുടെ 1.12 ശതമാനവും കാർഷിക, അനുബന്ധ മേഖലകളിൽ നിന്നുള്ള മൊത്തം സാമ്പത്തിക മൂല്യത്തിന്റെ 7.28 ശതമാനവും വരുന്നു.ഇതേ കാലയളവിൽ 13.92 ലക്ഷം ടൺ സമുദ്ര ഉൽപന്നങ്ങൾ കയറ്റുമതി ചെയ്ത് 46,589 കോടി രൂപയ്ക്ക് തുല്യമായ വിദേശ നാണ്യം നേടുവാന് ഈ മേഖലയ്ക്ക് കഴിഞ്ഞു. മൊത്തത്തിൽ, 2014-15 മുതൽ 2018-19 വരെ ഈ മേഖല ശരാശരി 10.87 ശതമാനം വാർഷിക സാമ്പത്തിക വളർച്ച

രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലത്തെ ദേശീയ വളർച്ചാ നിരക്ക് 7.16% മാത്രം ആയിരുന്നു എന്ന് ഓർക്കുക.

നമ്മുടെ സമുദ്ര-ഉൾനാടൻ ജലാശയങ്ങൾ / ജല സ്രോതസുകൾ എന്നിവയിൽ നിന്നും മത്സ്യ ബന്ധനം വഴിയും വ്യാപകമാക്കാവുന്ന മത്സ്യ കൃഷിയിലൂടെയും ഇനിയും ഉല്പ്പാദനം അനേക മടങ്ങ് വർദ്ധിപ്പിക്കുവാനുള്ള അനന്ത സാധ്യതകളാണ് നിലനിൽക്കുന്നത്. കോഴി വളർത്തൽ, കാലി വളർത്തൽ, പഴ വർഗ്ഗ കൃഷി, തുടങ്ങിയ മറ്റ് കാർഷിക മേഖലകളുമായി ഉൽപാദന സമന്വയം, അലങ്കാര/ വർണ്ണ മത്സ്യ കൃഷി പോലുള്ള ഭക്ഷ്യേതര മത്സ്യബന്ധനത്തിന്റെ വ്യാപനം, പോഷകസമൃദ്ധമായ മത്സ്യ മാംസ്യമായ ഒമേഗ 3 ഫാറ്റി അമ്ലങ്ങൾ ചേർത്ത് ഉണ്ടാക്കുന്ന പുതിയ പോഷക വസ്തുക്കൾ വഴിയുള്ള മൂല്യ വർദ്ധന, എന്നിങ്ങനെ വിവിധ സാമ്പത്തിക – തൊഴിൽ സാധ്യതകൾ ആണ് ഈ മേഖല നമുക്ക് മുന്നിൽ വെയ്ക്കുന്നത്. വർധിച്ചു വരുന്ന ജനതയുടെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം, കൂടുതൽ മത്സ്യ കൃഷിക്കായി സൃഷ്ട്ടിക്കപ്പെടുന്ന കുളങ്ങൾ, ടാങ്കുകൾ, എന്നിവ മഴ വെള്ള സംഭരണം നടത്തി ഭൂഗർഭ ജല സ്രോതസ്സുകളെ ശക്തി പെടുത്തുകയും അങ്ങിനെ പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയ്യും.

രാജ്യത്തെ വർദ്ധിച്ചുവരുന്ന ജനസംഖ്യയും, പോഷക മൂല്യത്തിൽ മുൻ നിരയിൽ ഉള്ള മത്സ്യ മാംസ്യത്തിന്റെ വർധിച്ചു വരുന്ന ആവശ്യവും കണക്കിൽ എടുക്കുമ്പോൾ ഈ മേഖലയിലെ സുസ്ഥിരത നില നിർത്തേണ്ടതിന്റെ കാര്യത്തിൽ കൂടുതൽ ഗൗരവം നൽകേണ്ടതിന്റെ ആവശ്യകത മുമ്പത്തേക്കാൾ എത്രയോ കൂടുതലാണ് എന്ന് നമുക്ക് ബോധ്യപ്പെടും. ഇത്തരം ആവശ്യങ്ങൾക്കനുസൃതമായും എന്നാൽ, ഇനി വരാനിരിക്കുന്ന നാളത്തെ തലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ തടസ്സം ആകാത്ത രീതിയിലും നമ്മുടെ സജൈവ ജല വിഭവങ്ങളുടെ കാര്യത്തിൽ വളർച്ച ഉറപ്പാക്കുവാൻ ഒരു മികച്ച ദേശീയ മത്സ്യബന്ധന നയ ചട്ടക്കൂട് വികസിപ്പിക്കേണ്ടത് ആവശ്യമാണ്. സുസ്ഥിരമായ മത്സ്യ ബന്ധനതിലൂടെയും മത്സ്യ കൃഷിയിലൂടെയും നമ്മൾ ലക്ഷ്യമിടുന്ന മത്സ്യ ഉല്പ്പാദന - ഉത്പാദന ക്ഷമതാ നിലകൾ കൈവരിക്കുന്നതിനും മത്സ്യ വിഭവങ്ങൾ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗ രേഖയാകും ഈ നയം മുന്നോട്ടു വെയ്ക്കുക. ഈ നയ ചട്ടക്കൂട് വരും കാലയളവിൽ സംസ്ഥാന, കേന്ദ്രഭരണ പ്രദേശ തലങ്ങളിൽ സമാനമായ സംരംഭങ്ങൾക്ക് ആവിഷ്കരിക്കുമ്പോൾ ഒരു വഴികാട്ടിയാകുമെന്നും പ്രതീക്ഷിക്കുന്നു."വൈവിധ്യ പൂർണ്ണമായ ആവാസ വ്യവസ്ഥകളിൽ നിലകൊള്ളുന്ന, നമ്മുടെ മത്സ്യ മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട്, "മലയോരം മുതല് കടലോരം വരെ" എന്ന രീതിയിൽ സമഗ്രമായ ഒരു കാഴ്ചപ്പാടോടെ ആണ് ഈ നയം ആവിഷ്കരിച്ചിരിക്കുന്നത്. മത്സ്യ മേഖലയ്ക്ക് ബാഹ്യ സ്രോതസ്സുകളിൽ നിന്ന് ഉണ്ടാകുന്ന പ്രതികൂല ഫലങ്ങളും, ഈ മേഖലയിലെ വിവിധ പ്രക്രിയകൾ പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും ഏറ്റവും കുറഞ്ഞ അളവിൽ നിലനിർത്തുന്നതിനും, ഈ നിയമം ഉറപ്പാക്കും. നീല സമ്പദ് വ്യവസ്ഥ'യുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, മറ്റ് സാമ്പത്തിക മേഖലകളായ കൃഷി കന്നുകാലി വളർത്തൽ, ജലസ്രോതസ്സുകൾ,

ജലവൈദ്യുതോർജ്ജം, വനം, പരിസ്ഥിതി, പരിസ്ഥിതി ടൂറിസം, ഗ്രാമവികസനം, ഷിപ്പിംഗ് തുടങ്ങിയവയുമായി ഉൽപാദനപരമായ സംയോജനം വഴി 'നീല സമ്പദ്‌വ്യവസ്ഥ'യുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ദേശീയ ഫിഷറീസ് നയം ഉറപ്പുവരുത്തുന്നു .

മത്സ്യ മേഖലയെ ആശ്രയിക്കുന്നവരുടെ പ്രത്യേക സാമൂഹ്യ സാമ്പത്തിക ജീവിത സാഹചര്യങ്ങളോടൊപ്പം, പുതിയ പ്രശ്നങ്ങൾ ആയ കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, ചുഴലിക്കാറ്റുകൾ, സുനാമികൾ, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ, കോവിട് മഹാമാരി പോലുള്ള അഭൂതപൂർവമായ സാഹചര്യങ്ങൾ, എന്നിവ മൂലവും അവർ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരങ്ങൾ തേടുമ്പോൾ ഈ സമുദായങ്ങൾക്ക് തനതായുള്ള പ്രതിരോധ ശക്തികൂടി അർഹമായി പരിഗണിക്കുന്നതിനു ഈ നയം മുൻതൂക്കം കൊടുക്കുന്നു.

അന്താരാഷ്ട്ര വാണിജ്യം, രാജ്യങ്ങൾ പങ്കിടുന്ന ജലരാശികൾ, മറ്റു രാജ്യങ്ങളുടെ സാമ്പത്തിക പരമാധികാര മേഖലകളിലേയ്ക്ക് പലായനം നടത്തുന്ന ജലജീവികൾ, നിയമവിരുദ്ധവും, അനിയന്ത്രിതവും, ഔദ്യോഗിക കണക്കിൽ രേഖപെടുത്താത്തതുമായ മത്സ്യ ബന്ധന രീതികൾ ഇല്ലാതെ ആക്കേണ്ടതിന്റെ വർധിച്ചു വരുന്ന ആവശ്യം, ഇന്ത്യ ഒപ്പ് വെച്ചിരിക്കുന്ന നിർബന്ധിതമായി നടപ്പിൽ ആക്കേണ്ടതും അല്ലാത്തതും ആയ അന്താരാഷ്ട്ര ധാരണകൾ, എന്നിവ മൂലം നമ്മുടെ മത്സ്യ മേഖല ഒരു ആഗോള സാഹചര്യതിലെയ്ക്ക് അടുത്ത് കൊണ്ടിരിക്കുന്ന വസ്തുതയും ഈ നയം പരിഗണിക്കുന്നു.

അതുപോലെ തന്നെ, ഇന്ത്യ ഉൾപ്പെടുന്ന ഭൂമേഖലയിൽ അയൽ രാജ്യങ്ങളുമായി പങ്കു വെയ്ക്കപ്പെടുന്ന നദീ തട ജല വിഭവങ്ങൾ, സമുദ്ര മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, അത്തരം ആവാസ വ്യവസ്ഥകളുടെ സുസ്ഥിരതയ്ക്കായി അന്താരാഷ്ട്ര സഹകരണം ഉറപ്പാക്കുവാൻ വേണ്ട സംഗതികൾ ഈ നയം ഉൾക്കൊള്ളുന്നു.

അവസാനമായി, കേന്ദ്ര സർക്കാർ, നമ്മുടെ മത്സ്യ മേഖലയ്ക്കായി ഒരു പ്രത്യേക മന്ത്രാലയം രൂപീകരിച്ചിരിക്കുന്നു എന്ന വസ്തുതയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, 2025 ആകുമ്പോഴേക്കും നമ്മുടെ രാജ്യത്തെ ഒരു 5 ട്രില്യന് ഡോളർ സാമ്പത്തിക ശക്തി ആയി ഉയർത്തുന്നതിലേക്കു മറ്റു മേഖലകൾക്കൊപ്പം സംഭാവനകൾ നൽകുന്ന ഒരു മേഖല ആക്കുവാനും ദേശീയ താല്പര്യങ്ങളും രാജ്യത്തിന്റെ ഭരണ സാരഥികൾ മുന്നോട്ടു വെയ്ക്കുന്ന വികസന ലക്ഷ്യങ്ങളും നേടുവാനും ഈ നയം അഭിലഷിക്കുന്നു.

## 2 **ആമുഖം**

ഭരണ ഘടന അനുശാസിക്കുന്ന അടിസ്ഥാന തത്വങ്ങളിൽ ആധാരമാക്കിയും, ജന കേന്ദ്രിതവും പങ്കാളിത്ത സമീപനത്തിൽ ഊന്നിയും രൂപീകരിച്ചിരിക്കുന്ന ഈ ദേശീയ ഫിഷറീസ് നയം സമത്വം, നീതി, സുസ്ഥിരത, ലിംഗ സമത്വം, സർവ വികാസം, ആത്മ നിർഭരതയുടെയും , സംരംഭകത്വത്തിന്റെയും പ്രചോദനം, തലമുറകൾ തമ്മിലുള്ള നീതി, എന്നീ

സംഗതികൾ, വികേന്ദ്രീകൃത തത്വം അനുസരിച്ചും, അടുത്ത ഒരു ദശകത്തിൽ മത്സ്യ മേഖല കൈവരിക്കേണ്ട വികസനത്തിനുള്ള ഒരു ദിശാ സൂചിക എന്ന നിലയിലും ലക്ഷ്യമിടുന്നു.

### 3. ദർശനം

വർത്തമാനകാലത്തിന്റെയും ഭാവിതലമുറയുടെയും ആവശ്യങ്ങൾ നിറവേറ്റുന്ന ആരോഗ്യപരവും ഊർജ്ജസ്വലവുമായ മത്സ്യബന്ധന മേഖല

### 4. ദൗത്യം

"വിഭവ സുസ്ഥിരത എന്നത് എല്ലാ കർമ്മ പരിപാടികളുടെയും മർമ്മം ആയി നിലനിർത്തുന്നതോടൊപ്പം, ഈ ദേശീയ ഫിഷറീസ് നയം സാമ്പത്തിക സാമൂഹ്യ ലക്ഷ്യങ്ങളും മീൻപിടുത്തക്കാരുടെയും മീൻ കൃഷിക്കാരുടെയും ക്ഷേമവും കൈവരിക്കുകയും, ഫിഷറീസ് മേഖലയിൽ അടുത്ത പത്തു വർഷക്കാലത്തെയ്ക്ക് വേണ്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മേൽ നോട്ടത്തിനും ഉള്ള സഹായി ആയി വർത്തിക്കുകയും ചെയ്യും."

### 5. ലക്ഷ്യങ്ങൾ

നമ്മുടെ രാജ്യത്തെ മത്സ്യബന്ധനത്തിന്റെയും, മത്സ്യ കൃഷിയുടെയും സമഗ്രവികസനം സുരക്ഷിതമാക്കുക എന്നതാണ് ദേശീയ ഫിഷറീസ് നയത്തിന്റെ ലക്ഷ്യം. മത്സ്യത്തൊഴിലാളികളും മത്സ്യകർഷകരും ഈ നയത്തിന്റെ കാതലായിരിക്കുമെങ്കിലും, വിഭവങ്ങളുടെയും അനുബന്ധ ആവാസ വ്യവസ്ഥകളുടെയും മികച്ച പരിപാലനവും സുസ്ഥിര വികസനവും ഉറപ്പുവരുത്തുക, ആവാസവ്യവസ്ഥയുടെ സമഗ്രത കാത്തുസൂക്ഷിക്കുക, വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ഭക്ഷണവും പോഷക സുരക്ഷയും സംരക്ഷിക്കുക, മത്സ്യബന്ധന-കാർഷിക സമൂഹങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അവയുടെ ശാക്തീകരണവും, ഇന്ത്യൻ മത്സ്യ- മത്സ്യ ഉൽ പന്നങ്ങൾ ആഗോളതലത്തിൽ മത്സരക്ഷമമാക്കുക, മത്സ്യബന്ധന വിഭവങ്ങളുടെ സുസ്ഥിരവും വിവേകപൂർണ്ണവുമായ ഉപയോഗത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര ധാരണകൾ നിറവേറ്റുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ പിന്തുണയ്ക്കുക എന്നിവ ഉന്നം വെയ്ക്കുന്നു.

### 6. തന്ത്രം

ഈ ദേശീയ ഫിഷറീസ് നയം ഇന്ത്യയുടെ മുഴുവൻ ഭൂവിഭാഗങ്ങളും സമുദ്രത്തിലെ സാമ്പത്തിക പരമാധികാര മേഖലയും ഉൾക്കൊള്ളുന്നു.. അടുത്ത പത്തു വർഷത്തേക്കുള്ള (2021-2030) സമയപരിധിക്കുള്ളിലാണ് ഇതിന്റെ തന്ത്രങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. താഴെ കൊടുക്കുന്ന പത്തു ശീർഷകങ്ങളിൽ (6.1-6.10) ഇത് വിശദമാക്കുന്നു.

#### 6.1 സമുദ്ര മത്സ്യ ബന്ധനം

ഇന്ത്യയിലെ വികസന ആസൂത്രണത്തിന്റെ ആദ്യ നാളുകളിൽ തന്നെ മത്സ്യ ബന്ധനം ഉൾപ്പെടെയുള്ള മത്സ്യ മേഖലയുടെ സാധ്യതകൾ മനസ്സിലാക്കപ്പെട്ടിരുന്നു. ഭക്ഷണ –പോഷക സുരക്ഷയുടെ ഒരു സ്രോതസ്സ് എന്നതിനപ്പുറം, വാണിജ്യം, തൊഴിൽ , തീരദേശ വാസികളുടെ

ജീവസന്ധാരണം, എന്നിവയിൽ സമുദ്ര മത്സ്യ മേഖലയുടെ പ്രാധാന്യം വലുതാണ്.

1976 ൽ EEZ ന്റെ അന്താരാഷ്ട്ര പ്രഖ്യാപനത്തിന് ശേഷം നമുക്ക് ലഭ്യമായ സമുദ്ര മേഖലയുടെ വ്യാപ്തി 2.02 ദശലക്ഷം ചതുരശ്ര കിലോമീറ്റർ ആകുന്നു. 8000+ കിലോമീറ്റർ നീളമുള്ള നമ്മുടെ തീരത്തിന്റെ ഷെൽഫ് വിസ്തീർണ്ണം 0.372 ദശലക്ഷംചതുരശ്ര കിലോമീറ്റർ ആണ്. EEZ ന് മേലെയുള്ള പരമാധികാരഅവകാശങ്ങളോടൊപ്പം ഈ സമുദ്ര ഭാഗത്തുള്ള എല്ലാ സജൈവ ജല വിഭവങ്ങളുടെയും വിവേകപരമായ ഉപയോഗം, സംരക്ഷണം എന്നിവ നിർവഹിക്കാനുള്ള ഉത്തരവാദിത്തവും ഇന്ത്യയ്ക്ക് കൈ വന്നു. ഇന്ത്യയിൽ മൊത്തമുള്ള കടൽ മീൻപിടുത്തക്കാരുടെ ജനസംഖ്യ 3.77 ദശലക്ഷം ആയി കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ 0.93 ദശലക്ഷം പേർ കടൽ മീൻ പണിയിൽ നേരിട്ട് വ്യാപൃതരാണ്. മീൻ പിടുത്തവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവർ 0.52 ദശലക്ഷം വരും; അതിൽ 69 % വും സ്ത്രീകൾ ആണ്. മത്സ്യ വിപണന രംഗത്തെ സ്ത്രീകളുടെ പങ്കു വളരെ വലുതാണ്( 86%). മീൻ വിത്ത് ശേഖരിക്കുന്ന തൊഴിലിൽ 14000 ഓളം സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു. സമുദ്ര മത്സ്യ മേഖലയിൽ ചെറുകിട മീൻ പിടുത്തക്കാർ ആണ് കൂടുതൽ ഉള്ളത്.

### 6.1.1 **സമുദ്ര മത്സ്യബന്ധത്തിന്റെ സുസ്ഥിരത**

നമ്മുടെ EEZ ൽ നിന്നും പരമാവധി പിടിച്ചെടുക്കാവുന്ന മീനിന്റെ അളവ് 5.31 ദശലക്ഷം ടൺ ആയി കണക്കാക്കുന്നു. ഇപ്പോൾ (2018-19) പിടിച്ചെടുക്കുന്നത് 4.18 ദശലക്ഷം ടൺ ആകുന്നു. ഇത് 1.13 ദശലക്ഷം ടൺ കൂടി നമുക്ക് സുരക്ഷിതമായി പിടിക്കാം എന്നുള്ള സാധ്യതയെ സൂചിപ്പിക്കുന്നു. 200 മുതൽ 500 മീറ്റർ വരെ ഉള്ള ആഴക്കടൽ മേഖലയിലാണ് ഇനി വികസന സാധ്യത ഉള്ളത്. ആ ഭാഗത്തുള്ള ട്യുണയുടെ മാത്രം പരമാവധി ലഭ്യത 0.23 ദശലക്ഷം ടൺ ആയി കണക്കാക്കുന്നു. കണവ (സ്കിഡ് ), മിക്റ്റൊഫിടുകൾ തുടങ്ങിയ വിഭവങ്ങളും അവിടെ ധാരാളം ഉണ്ട്. 0.63 ദശലക്ഷം ടൺ വരുന്ന ആഴക്കടൽ കണവ, 0.23 ദശലക്ഷം ടൺ വരുന്ന ട്യൂണ എന്നിവയുടെ മുഴുവൻ സാധ്യതയും കൈവരിക്കുവാനായി അവയെ പിടിക്കുവാനും, ഗുണമേന്മ നിലനിർത്തുവാനും മീൻ പിടുത്തക്കാർക്ക് വേണ്ട നൈപുണ്യവും കഴിവും വർദ്ധിപ്പിക്കുവാനും, ആധുനിക യാനങ്ങൾ, മത്സ്യ ബന്ധന ഉപകരണങ്ങൾ എന്നിവ വാങ്ങുവാനും, മത്സ്യ ലഭ്യതാ സാധ്യത പ്രവചിക്കുവാൻ വേണ്ട ഗവേഷണ പ്രവർത്തനങ്ങൾക്കും, ഭക്ഷണയോഗ്യത ഉറപ്പു വരുത്തി മീൻ പിടിക്കുവാനും മൂല്യ വർധന നടത്താനും ഉള്ള ശ്രമങ്ങൾ വർധിപ്പികുവാനും , വേണ്ട നയപരമായ ഉദ്യമങ്ങൾ ഉണ്ടാകും. എന്നിരുന്നാലും, മൂല്യനിർണ്ണയത്തിലെ അനിശ്ചിതത്വങ്ങൾ കണക്കിലെടുക്കുമ്പോൾ, ആഗോള മാനദണ്ഡങ്ങൾക്കനുസൃതമായി അനിയന്ത്രതമായ മത്സ്യ വിളവെടുപ്പിനെക്കുറിച്ചുള്ള മുൻകരുതൽ സമീപനം സ്വീകരിക്കേണ്ടതും സുസ്ഥിരതയും തുല്യതയും പ്രധാന തത്വങ്ങളായി സ്വീകരിക്കേണ്ടതുമാണ്.

സുസ്ഥിരത (പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹിക, സ്ഥാപന) ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ, വിഭവങ്ങളുടെ സുസ്ഥിരതയേക്കാൾ മത്സ്യബന്ധന ശ്രമങ്ങളെ യുക്തിസഹമാക്കുക എന്നതാണ് ഏറ്റവും അടിയന്തിരമായ ആവശ്യം. മത്സ്യ ബന്ധനത്തിൽ സാമ്പത്തിക ഭദ്രത ഉറപ്പാക്കുവാൻ ഇത് സഹായിക്കും. പുതിയ യുണിറ്റുകൾ മത്സ്യ ബന്ധന രംഗത്തേയ്ക്ക് കടന്നു വരുന്നത് ഹ്രസ്വകാലത്തേക്ക് അവസാനിപ്പിക്കുകയും അതിനുശേഷം സുസ്ഥിരത ഉറപ്പാക്കുന്ന തരത്തിൽ മത്സ്യ ബന്ധന ശ്രമത്തെ ക്രമപ്പെടുത്തുകയും വേണം. മത്സ്യ ബന്ധനത്തിനോ ഇതുവരെ ചൂഷണ വിധേയമാക്കപ്പെടാത്ത മീനുകളുടെ കാര്യത്തിൽ, പ്രധാനമായും, ആഴക്കടൽ ഭാഗങ്ങളിൽ, മാത്രമേ പുതിയ യുണിറ്റുകൾക്ക് അംഗീകാരം നൽകൂ. മത്സ്യ ബന്ധനത്തിന് അനുവദനീയമായ ദിവസങ്ങൾ, സമുദ്ര ഭാഗങ്ങൾ, എഞ്ചിൻ കുതിരശക്തി,വലയുടെ വലിപ്പം, കണ്ണി വലിപ്പം, യാനങ്ങളുടെ എണ്ണം, എന്നിവയുടെ നിയന്ത്രണവും വിഭവ ശോഷണം തടയുന്നതിനായി പ്രത്യേക ഫിഷറീസ് മാനേജ്മെന്റ് സ്ഥലങ്ങൾ സൃഷ്ടിക്കലും മറ്റ് പരിപാലന നടപടികളായിരിക്കും. തകർച്ചയോ ശോഷണമോ നേരിടുന്ന മത്സ്യ സഞ്ചയങ്ങൾ തിരികെ പിടിക്കുന്നതിനാവശ്യമായ നടപടികൾ ഫിഷറീസുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൈക്കൊള്ളും. ദുർബലമായ സമുദ്ര പരിതസ്ഥിതിയിൽ മത്സ്യ സമ്പത്തിന്റെ കുറവുകൾ നികത്തുന്നതിനും ജീവിവർഗങ്ങളുടെ വൈവിധ്യം മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാലന പരിപാടികൾ ആയ കടൽ കൃഷി, കൃത്രിമ പാരുകളെ വിന്യസിക്കൽ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും ഇത്തരം ശ്രമങ്ങൾ. പരമാവധി പിടിച്ചെടുക്കാവുന്ന മീനിന്റെ അളവ് തിട്ടപ്പെടുത്തി ഉചിതമായ മത്സ്യ ബന്ധന ശ്രമം നിർണ്ണയിക്കും.

ഉൽപ്പാദന പ്രക്രിയയിൽ ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള പ്രാധാന്യം പൊതുബോധത്തിന്റെ ഭാഗമാക്കി എടുക്കുവാൻ ശ്രമങ്ങൾ ഉണ്ടാകും. ഇതിലേയ്ക്കായി, വിവധ മത്സ്യ ഇനങ്ങൾക്കായി പ്രത്യേക സ്ഥലങ്ങൾ തിരിച്ചുള്ള, പാരിസ്ഥിതിക ജൈവ പ്രധാന സങ്കേതങ്ങൾ , പരിസ്ഥിതി ലോല സമുദ്ര ആവാസ വ്യവസ്ഥകൾ എന്നിവ ഉൾപ്പെടെയുള്ള പരിപാലന പദ്ധതികൾ, വംശനാശഭീഷണി നേരിടുന്ന ഇനങ്ങളുടെ സംരക്ഷണം; വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനുള്ള സ്ഥലകാലികവും താൽക്കാലികവുമായ നടപടികൾ; മീൻപിടുത്തക്കാരുടെ സഹകരണത്തോടെ മത്സ്യ അഭയ കേന്ദ്രങ്ങൾ നിർമ്മിക്കൽ എന്നിവ ആരംഭിക്കും. ഇപ്പോൾ നിലവിലുള്ള മത്സ്യ സംരക്ഷണ സ്ഥലങ്ങളുടെ ഫലപ്രാപ്തി അവലോകനം ചെയ്യുകയും, ഇത്തരം വിഭവ സംരക്ഷണ പരിപാടികൾ വഴി മീൻപിടുത്തക്കാരുടെ ജീവസന്ധാരണത്തിനു തടസ്സം വരുന്നില്ല എന്നതിനും, അവരുടെ ടെന്യൂർ അവകാശങ്ങൾ ഉറപ്പാക്കപ്പെടുന്നതിനായി വേണ്ട നിയമ നിർമ്മാണ നടപടികൾക്കും സർക്കാർ ഇടപെടലുകൾ നടത്തും. ഫിഷറീസ് മാനേജ്മെന്റിലെ ആവാസ വ്യവസ്ഥാ സമീപനം, സമുദ്ര ആവാസ വ്യവസ്ഥയിലെ എല്ലാ ജൈവ-അജൈവ ഘടകങ്ങളുടെയും ക്ഷേമം, ഉപഭോക്തൃ ജന വിഭാഗങ്ങളുടെ സാമൂഹ്യ സവിശേഷതകൾ എന്നിവ പരിഗണിച്ചുകൊണ്ട് നടപ്പിൽ വരുത്തും. ഇതേ കാഴ്ചപ്പാടിൽ, ലോകത്തെ ബഹു-സ്പീഷീസ്, ബഹു-

ഉപഭോക്തൃ, ബഹു-യാന, ഫിഷറീസ്സുകളിൽ വിജയകരം എന്ന് ആഗോള അംഗീകാരം നേടിയ പങ്കാളിത്ത ഫിഷറീസ് മാനേജ്മെന്റ് സംവിധാനം പ്രോത്സാഹിപ്പിക്കും. ഈ രംഗത്ത് കേരള, തമിൾ നാട്, പുതുച്ചേരി എന്നീ സംസ്ഥാനങ്ങൾ നൽകിയ അനുഭവങ്ങൾ ഉദാഹരണമാക്കും. പ്രാദേശിക, മേഖലാ, അന്തർ സംസ്ഥാന, ദേശീയ തലങ്ങളിൽ ഉള്ള ഫിഷറീസ് കൗൺസിലുകൾക്ക് മീൻ പിടുത്തക്കാർക്കിടയിൽ ഉണ്ടാകുന്ന വിവിധ സംഘർഷങ്ങൾ പരിഹരിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുവാൻ കഴിയും. ഇത്തരം കൗൺസിലുകൾക്കാവശ്യമായ ചട്ടങ്ങൾ മീൻപിടുത്തക്കാരുടെയും മറ്റുള്ള തല്പര കക്ഷികളുടെയും സഹകരണത്തോടെ അവതരിപ്പിക്കും.

ഇപ്പോൾ നിലവിൽ ഉള്ള സ്ഥല-കാല നിയന്ത്രണങ്ങൾ നമ്മുടെ രാജ്യത്തെ സമുദ്ര മത്സ്യ സമ്പത്ത് സുസ്ഥിരമാക്കുവാൻ സഹായിച്ചിട്ടുണ്ട്. ഇത്തരം മാനേജ്മെന്റ് ഇടപെടലുകൾ മീൻ പിടുത്തക്കാരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നു എന്ന് ഉറപ്പാക്കുവാൻ, ലഭ്യമായതിൽ ഏറ്റവും നല്ല ശാസ്ത്രീയ വിവരങ്ങളും, മുൻകരുതൽ സമീപനവും, മീനാള പങ്കാളിത്തവും ഉൾപ്പെടുത്തി ആനുകാലിക അവലോകന വിധേയമാക്കും.

ഇപ്പോൾ തീരദേശ സംസ്ഥാനങ്ങളും  കേന്ദ്രഭരണപ്രദേശങ്ങളും കരയിൽ നിന്നുള്ള ആഴമോ ദൂരമോ അടിസ്ഥാനമാക്കി  നിർണ്ണയിച്ച പ്രത്യേക സമുദ്ര ഭാഗങ്ങൾ, യന്ത്രവൽകൃത മത്സ്യബന്ധനം ഒഴിവാക്കി, പരമ്പരാഗത മീൻ പിടുത്തക്കാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. സ്ഥല ഉപയോഗ അവകാശം പ്രദാനം ചെയ്യുന്ന ഇത്തരം മേഖലകൾ പരമ്പരാഗത മീൻ പിടുത്തക്കാരെ വളരെ സഹായിച്ചിട്ടുണ്ട്. പരമ്പരാഗത മീൻ പിടുത്തക്കാർക്ക് വേണ്ടിയുള്ള ഇത്തരം സഹായം സർക്കാർ തുടരുകയും, സമുദ്ര ഉപയോഗം നടത്തുന്ന മറ്റുള്ളവരുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് ടെരിട്ടോറിയൽ സമുദ്രത്തിനുള്ളിൽ (12 നോട്ടിക്കൽ മൈലിനുള്ളിൽ) നിലവിൽ ലഭ്യമായ പ്രദേശത്തിന്റെ വ്യാപ്തി വർധിപ്പിക്കുന്ന കാര്യം പരിഗണിക്കും.

പരമ്പരാഗത അറിവുകളും  സായൻസിക (ശാസ്ത്ര) അറിവുകളും ബിസിനസ്സ് തത്വങ്ങളും സമ്മേളിപ്പിച്ച് സമഗ്രമായ ഒരു ഫിഷറീസ് മാനേജ്മെന്റ് സമീപനം കൈക്കൊള്ളും. നമ്മുടെ ഫിഷറിയുടെ പാരിസ്ഥിതികവും സാമ്പത്തികവും ആയ സുസ്ഥിരത ഉറപ്പാക്കുവാൻ ഉള്ള ഈ സമീപനത്തിൽ മീൻ പിടുത്തക്കാരുടെയും അനുബന്ധ തൊഴിലാളികളുടെയും പൂർണ്ണ പങ്കാളിത്തം  ഉറപ്പുവരുത്തും. മത്സ്യ വിഭവ ലഭ്യത, വിഭവ ഭൂപടം, ഉൽപാദനക്ഷമത വിലയിരുത്തൽ, മത്സ്യ ലഭ്യതാ സാധ്യത, കാലാവസ്ഥാ മുന്നറിയിപ്പുകൾ തുടങ്ങിയ വിവരങ്ങൾ സൃഷ്ട്ടിച്ചു യഥാസമയം മീൻപിടുത്തക്കാർക്ക് ലഭ്യമാക്കാൻ വിജ്ഞാന മാനേജ്മെന്റ് സംവിധാനം സ്വീകരിക്കും. വിവര സാങ്കേതിക വിദ്യയും ഉപഗ്രഹ വിദ്യയും മത്സ്യത്തൊഴിലാളി സമൂഹത്തെ പിന്തുണയ്ക്കുന്നതിനായി പരമാവധി പ്രയോജനപ്പെടുത്തും.

ദൂരക്കടലിലും, ദേശീയ അതിർത്തിക്ക് അപ്പുറത്തുള്ള കടലിലും  മത്സ്യ ബന്ധനം നടത്തുവാൻ ആധുനിക സാങ്കേതിക വിദ്യകളും കൂടുതൽ മുതൽ മുടക്കും ആവശ്യമാണ്. സമഗ്രവികസനത്തിനായി സമുദ്ര മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പൂർണ്ണമായി

പ്രയോജനപ്പെടുത്തുന്നതിനായി ആഴക്കടൽ മത്സ്യബന്ധനത്തിലും സംസ്കരണത്തിലും സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കും. സംരംഭകത്വ വികസനം, ആധുനിക സാങ്കേതിക വിദ്യകൾ, സ്വകാര്യ-പൊതു മേഖലാ പങ്കാളിത്തം, കടപ്പണം ലഭ്യമാക്കുന്നതിൽ കൂടുതൽ ഔപചാരിക സംവിധാനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കപ്പെടും. കൂടാതെ, ഈ മേഖലയുടെ സമഗ്രവികസനത്തിനായി സമുദ്രവിഭവ സംസ്കരണ, കയറ്റുമതി മേഖലയെ ആഴക്കടൽ മത്സ്യബന്ധന വ്യവസായവുമായി സമന്വയിപ്പിക്കുന്നതിന് രീതികൾ ആവിഷ്കരിക്കും.

ആഴക്കടൽ മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മീൻപിടുത്തക്കാരുടെ നൈപുണ്യവും കഴിവും വർധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ സർക്കാർ കൊണ്ടുവരും: നിലവിലുള്ള ആഴക്കടൽ യാനങ്ങളുടെ ആധുനികവൽക്കരണം, പുതിയതോ പുതുക്കിയതോ ആയ തദ്ദേശീയമായ ആഴക്കടൽ യാനങ്ങൾ മീൻ പിടുത്തക്കാരുടെ സഹകരണ സംഘങ്ങൾ/സ്വാശ്രയ സംഘങ്ങൾ വഴി അവതരിപ്പിക്കൽ, ശരിയായ രീതിയിൽ ഇത്തരം മീനുകൾ പിടിച്ചെടുത്തു എങ്ങിനെ കൈകാര്യം ചെയ്യണം എന്നതിൽ കടലിൽ വെച്ച് നൽകുന്ന പരിശീലനം, കമ്പോളം, കയറ്റുമതി എന്നിവയുമായി സംയോജനം, തുടങ്ങിയവയാണ് ഈ സ്കീമുകൾ. ഇത്തരം പരിപാടികൾ നടത്തുമ്പോൾ അവ ആഴക്കടൽ മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട ദേശീയ അന്തർ ദേശീയ നയങ്ങളും ധാരണകളും അനുസരിക്കുന്നു എന്ന് ഉറപ്പുവരുത്തും.

ആഴക്കടൽ മത്സ്യ ബന്ധനത്തിന്റെ കാര്യത്തിൽ E E Z ലുള്ള മത്സ്യ ലഭ്യതയോടൊപ്പം പശ്ചാത്തല സൗകര്യങ്ങൾ, യാന നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ, സർവ്വേ, സെർട്ടിഫിക്കെഷൻ, മനുഷ്യ വിഭവ വികസനം, നടപ്പിലാക്കാൻ സാധ്യമായ നിയമങ്ങൾ, ചട്ടങ്ങൾ, ശക്തമായ മേൽനോട്ട നിയന്ത്രണ നിരീക്ഷണ സംവിധാനങ്ങൾ, മത്സ്യ വിഭവങ്ങളെ പറ്റിയുള്ള ശാസ്ത്രീയ സാങ്കേതിക വിവരങ്ങൾ, ഏറ്റവും ഫലപ്രദമായ മത്സ്യ ബന്ധന രീതികൾ, എന്നിവയും പരിഗണിക്കും. എന്നിരുന്നാലും, അത്തരം സംരംഭങ്ങൾ E E Z നപ്പുറം ഉള്ള ഉൾക്കടൽ മേഖലയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട സംഗതമായ അന്താരാഷ്ട്ര ധാരണകളിൽ പ്രസക്തമായ വ്യവസ്ഥകൾക്ക് അനുസരിച്ചും, രാജ്യ സുരക്ഷ, മീന്പിടുത്തക്കാരുടെ സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ആശയ വിനിമയ നിയന്ത്രണ സംവിധാനങ്ങളും പരിഗണിച്ചായിരിക്കും ഇത്തരം പദ്ധതികൾ നടപ്പിൽ ആക്കുക.

തീരദേശ സംസ്ഥാനങ്ങൾ, ലക്ഷദ്വീപ്-ആന്തമാൻ ദ്വീപുകൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ചു കൊണ്ടും, അവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ടും നമ്മുടെ E E Z ലെ സമുദ്ര വിഭവങ്ങൾ വിനിയോഗം ചെയ്യുന്നതിന് ഒരു സമഗ്ര പദ്ധതി, സർക്കാർ വികസിപ്പിക്കും. 12 നോട്ടിക്കൽ മൈലിനും 200 നോട്ടിക്കൽ മൈലിനും ഇടയിൽ ഉള്ള സമുദ്ര ഭാഗത്തെ വിഭവങ്ങൾ കേന്ദ്ര സർകാരിന്റെ മേൽനോട്ടത്തിൽ ഉള്ള ഒരു പൊതു വിഭവം ആണെന്നും, ഒറ്റപ്പെട്ട വിഭവ വിനിയോഗ സമീപനങ്ങൾ അമിത ചൂഷണത്തിനും അന്തർ-സംസ്ഥാന / കേന്ദ്ര ഭരണ പ്രദേശങ്ങളുടെ ആശയ വൈരുദ്ധ്യങ്ങൾക്കും കാരണമാകും

എന്നുള്ള വസ്തുത തീരദേശ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും ബോധ്യപ്പെടുത്തും. അന്തർസംസ്ഥാന അന്തർദേശീയ സംഘർഷങ്ങൾ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു സ്ഥാപന സംവിധാനം രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. തീരദേശ സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ, ദ്വീപ് സമൂഹങ്ങൾ എന്നിവയുടെ സാമ്പത്തിക വളർച്ചക്കായി തീരദേശ വികസനം, ദ്വീപുകളിലെ മത്സ്യ ബന്ധന വികസനം എന്നിവയ്ക്കായി സമഗ്ര പദ്ധതികൾ എന്നിവസർക്കാർ ആവിഷ്കരിച്ചു നടപ്പിൽ ആക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- ഉചിതവും ഉത്തരവാദിത്തപരവും ആയ സാങ്കേതികവിദ്യ, പങ്കാളികളുടെ, പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ശേഷി ശാക്തീകരണം, എന്നിവ വഴി പൂർണ്ണമായ തോതിൽ വിനിയോഗം ഇനിയും നടത്തിയിട്ടില്ലാത്ത സമുദ്ര മത്സ്യ വിഭവങ്ങൾ ലക്ഷ്യമാക്കിയുള്ള ആഴക്കടൽ മത്സ്യ ബന്ധനവും ദേശീയ അധികാരപരിധിക്ക് പുറത്തുള്ള സമുദ്ര ഭാഗത്തെ മത്സ്യ ബന്ധനവും പ്രോത്സാഹിപ്പിക്കുകയും മത്സ്യ ബന്ധന സംസ്കരണ മേഖലകളിലെ വികസനത്തിനായി പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തം പ്രചോദിപ്പിക്കുകയും ചെയ്യും.
- മത്സ്യ ബന്ധന ശ്രമം ഉചിതമായ രീതിയിൽ ക്രമപ്പെടുത്തുകയും ശോഷണ വിധേയമായ മത്സ്യ സഞ്ചയങ്ങൾ പുന:നിർമ്മിക്കുവാൻ വേണ്ട പരിപാലന പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യും.
- വിവിധ മത്സ്യ ജനുസ്സുകൾ കേന്ദ്രീകരിച്ചും മേഖലകൾ അടിസ്ഥാനമാക്കിയും ഉള്ള വിഭവ സംരക്ഷണ നടപടികൾ , E E Z ലെ സമുദ്ര വിഭവങ്ങൾ വിനിയോഗം ചെയ്യുന്നതിന് ഒരു സമഗ്ര പദ്ധതി എന്നിവ അഭിപ്രായ സമന്വയത്തിലൂടെ ആവിഷ്കരിച്ചു നടപ്പിലാക്കും.
- ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഫിഷറീസ് മാനേജ്മെന്റ് സമീപനം, പങ്കാളിത്ത-ഭരണ നിർവഹണം എന്നിവ സ്വീകരിക്കും.
- നിലവിൽ, അതാത് സമുദ്ര മത്സ്യ ബന്ധന നിയന്ത്രണ നിയമം വഴി യന്ത്ര വൽകൃതമല്ലാത്ത യാനങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥല പരിധി വർധിപ്പിക്കുന്നതിനായി തീരദേശ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളേയും പ്രോത്സാഹിപ്പിക്കും.
- നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സമുദ്ര മത്സ്യബന്ധന മേഖലയിലെ മുഴുവൻ മേഖലകളിലും വിജ്ഞാന മാനേജ്മെൻറ് സുഗമമാക്കുക.
- ആഴക്കടൽ മത്സ്യ ബന്ധനം, E E Z നപ്പുറം ഉള്ള സമുദ്ര മത്സ്യബന്ധനം എന്നിവയ്ക്കായുള്ള പദ്ധതികൾ വികസിപ്പിക്കുമ്പോൾ രാജ്യ സുരക്ഷ, മീൻ പിടുത്തക്കാരുടെ സുരക്ഷ എന്നിവ ഉൾക്കൊള്ളിക്കും.

### 6.1.2 മേൽനോട്ട ,നിയന്ത്രണ , നിരീക്ഷണ സംവിധാനം (MCS)

സർക്കാർ അംഗീകരിച്ച എം സി എസി നെക്കുറിച്ചുള്ള ദേശീയ പ്രവർത്തന പദ്ധതി (എൻ പി ഒ എ - എം സി എസ്) പിന്തുടർന്ന്, സമുദ്ര മത്സ്യബന്ധന

മേഖലയ്ക്ക് മികച്ചതും ഫലപ്രദവുമായ എം സി എസ് ഭരണകൂടത്തിന് നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. സമുദ്ര മത്സ്യ ബന്ധനം നടത്തുന്ന എല്ലാ യാനങ്ങളുടെയും ( പരമ്പരാഗത/കൈവേല , മോട്ടോർ ഘടിപ്പിച്ചവ, യന്ത്രവൽകൃതം, യന്ത്രവല്കൃതം അല്ലാത്തവ) രെജിസ്ട്രേഷനും, ലൈസെൻസിംഗിനും വേണ്ടി ഒരു ഓൺലൈൻ സംവിധാനം (ReALCraft) കേന്ദ്ര സർക്കാർ ഒരുക്കിയിട്ടുണ്ട്. പിടിച്ചെടുക്കുന്ന മീനിന്റെ അളവ്, മത്സ്യ ബന്ധന ശ്രമം എന്നിവ തുടർ മേൽനോട്ടം നടത്തുന്നതിനും, രെജിസ്ട്രേഷൻ, ലൈസെൻസിംഗ് എന്നിവ വഴി മത്സ്യ ബന്ധനം നിയന്ത്രിക്കുന്നതിനും സംവിധാനങ്ങൾ ഉണ്ടെങ്കിലും മേൽനോട്ട, നിയന്ത്രണ, നിരീക്ഷണ സംവിധാനം (MCS) ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശ ഫിഷറീസ് ഡിപ്പാർട്ട്മെന്റുകൾ, തീരദേശ മറൈൻ പോലിസ്, ഇന്ത്യൻ തീര ദേശ രക്ഷാ സേന (കോസ്റ്റ് ഗാർഡ്) എന്നിവയുടെ സംയുക്തമായ ഇടപെടലുകൾ ആവിഷ്‌ക്കരിക്കും. ഇലെക്ട്രോണിക് ചിപ്പുകൾ ഉള്ള സ്മാർട്ട് റെജിസ്ട്രേഷൻ കാർഡുകൾ, ഓരോ യാനതിലും പിടിക്കപ്പെടുന്ന മീനിന്റെ കണക്ക് രേഖ പെടുത്തുവാനുള്ള ലോഗ് ബുക്കുകൾ (ഇലക്ട്രോണിക് ഉൾപ്പെടെ) നിർബന്ധമാക്കൽ, ഉപഗ്രഹ സാങ്കേതിക വിദ്യയുടെ കൂടുതൽ ഉപയോഗം എന്നിവയിലൂടെ എം സി എസിന്റെ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലുകളും ഘട്ടംഘട്ടമായി നടപ്പിലാക്കും. കൂടുതൽ ഫലപ്രദമായ എം സി എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് MCS ഉദ്യോഗസ്ഥരുടെ കഴിവുകൾ, സാമഗ്രികൾ എന്നിവ വർദ്ധിപ്പിക്കുന്നതിനും MCS ൽ മീൻ പിടുത്ത സമുദായങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സംസ്ഥാന /കേന്ദ്ര ഭരണ സർക്കാരുകളുമായി ചേർന്ന് കേന്ദ്ര സർക്കാർ ആവിഷ്കരിക്കും.

രൂപകൽപ്പന, നിർമ്മാണവസ്തു, വലിപ്പം, എഞ്ചിൻ, മത്സ്യ ബന്ധന ഉപകരണങ്ങൾ, മത്സ്യ ബന്ധനം നടത്തുന്ന സമുദ്ര ഭാഗം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വൈവിധ്യം ആർന്ന മത്സ്യ ബന്ധന യാനങ്ങൾ ആണ് നമുക്കുള്ളത്. രെജിസ്ട്രേഷൻ, സർവ്വേ, സെർടിഫിക്കെഷൻ, നിർബന്ധമായി യാനത്തിൽ സൂക്ഷിക്കേണ്ട തിരിച്ചറിയൽ രേഖകൾ, ട്രാക്കിംഗ് ഉപകരണങ്ങൾ, നിയമ ലംഘനം നടത്തിയാൽ അടക്കേണ്ട പിഴ, സമുദ്ര സുരക്ഷ, തൊഴിലാളികളെ എടുക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായും ലോക ഭക്ഷ്യ കാർഷിക സംഘടന, അന്താരഷ്ട്ര സമുദ്രകാര്യ സംഘടന (I M O), അന്താരഷ്ട്ര തൊഴിൽ സംഘടന തുടങ്ങിയവ മുന്നോട്ടു വെയ്ക്കുന്ന ചട്ടങ്ങളും മര്യാദകളും അനുസരിച്ചും പരിഷ്കകരിക്കേണ്ടതുണ്ട്. ഈ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുമ്പോൾ, യാന നിർമ്മാണ കേന്ദ്രങ്ങൾ, മത്സ്യ ബന്ധന ഉപകരണങ്ങൾ (കടലിൽ നഷ്ട്ടപ്പെടുന്ന വലകൾ വഴി മീനുകൾ നശിക്കുന്നത് തടയുവാൻ), എന്നിവയുടെ രെജിസ്ട്രേഷൻ നിർബന്ധമാക്കൽ, യാനങ്ങളുടെ സമുദ്ര യാത്രാ ക്ഷമത പരിശോധിക്കൽ, കാലം ചെന്നതും നഷ്ടത്തിൽ ഉള്ളതും ആയ യാനങ്ങൾ ഘട്ടം ഘട്ടം ആയി നിരോധിക്കൽ തുടങ്ങിയ നടപടികൾ കൂടി നിയമ പരിഷ്കരണ വേളയിൽ പരിഗണിക്കണം.

നിയമവിധേയമല്ലാത്തതും, നിയന്ത്രണ വിധേയമല്ലാത്തതും, കണക്കെടുപ്പ് നടത്താത്തതും ആയ (I U U) മത്സ്യബന്ധനം തടയുന്നതിനും,

ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള അന്താരഷ്ട്ര ധാരണകളിൽ ഒപ്പു വെച്ചിട്ടുള്ളതിനാൽ ഇതിലേയ്ക്കായി തങ്ങളുടെ അധികാരത്തിൽ പെട്ട തുറമുഘങ്ങൾ, സമുദ്ര ഭാഗങ്ങൾ കേന്ദ്രീകരിച്ചു ശക്തമായ നിരീക്ഷണ നിയന്ത്രണ സംവിധാനങ്ങൾ ഭാരത സർക്കാർ കൈക്കൊള്ളും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- തീരദേശ സർക്കാരുകൾ കേന്ദ്ര ഭരണ പ്രദേശങ്ങൾ, ബന്ധപ്പെട്ട മറ്റു മന്ത്രാലയങ്ങൾ/ഡിപ്പാർട്ട്മെന്റ്കൾഎന്നിവയുമായി സഹകരിച്ചുകൊണ്ട് ഫലപ്രദമായ ഒരു MCS സംവിധാനം നടപ്പിൽ വരുത്തും. MCS ഉദ്യോഗസ്ഥരുടെ കഴിവുകൾ, സാമഗ്രികൾ എന്നിവ വർദ്ധിപ്പിക്കുന്നതിനും MCS ൽ മീൻ പിടുത്ത സമുദായങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ ഇതിൽപ്പെടും.
- ദേശീയ , അന്തർദേശീയ മത്സ്യ ബന്ധന യാനങ്ങൾ വഴിയുള്ള ഐ യു യു (I U U) മത്സ്യ ബന്ധനം തടയുവാനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കും.

## 6.2 ഉൾനാടൻ മത്സ്യ മേഖല

സമുദ്ര മത്സ്യ മേഖല പോലെ തന്നെ വിശാലവും വൈവിധ്യപൂർണ്ണവുമാണ് ഉൾനാടൻ മത്സ്യ മേഖല. കൂടാതെ ഉപജീവനമാർഗ്ഗം, ഭക്ഷണം, പോഷകാഹാരം എന്നിവയുടെ ഉറവിടം എന്ന നിലയിൽ അവയുടെ പ്രാധാന്യം കുറവല്ല. പരമ്പരാഗതമായി നദീതീരങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ഒരു പാട് മീൻ പിടുത്ത സമുദായങ്ങൾ ഇവിടെയുണ്ട്. എന്നിരുന്നാലും ഉൾനാടൻ മേഖലയിലെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, മറ്റ് ഉപജീവന സ്രോതസുകളിലേക്കുള്ള അവരുടെ കുടിയേറ്റം മറ്റേതൊരു ഭക്ഷ്യ ഉൽപാദന മേഖലയേക്കാളും പ്രാധാന്യമർഹിക്കുന്നു.

ഇന്ത്യയിലെ മൊത്തം നദീ തീരത്തിന്റെ നീളം 2,01,495.65 കിലോ മീറ്റർ ആണ്. ( കൈവഴികളും ജലസേചന കനാലുകളും ഉൾപ്പെടെ). 3.52 ദശലക്ഷം ഹെക്ടർ ഉള്ള റിസർവോയർ പ്രദേശം, കുളങ്ങൾ, ടാങ്കുകൾ ഉൾപ്പെടുന്ന 2.48 ദശലക്ഷം ഹെക്ടർ പ്രദേശം, 1.16 ദശലക്ഷം ഓരു ജല പ്രദേശം, എന്നിങ്ങനെ 8.24 ദശലക്ഷം ഹെക്ടർ ആണ് ഉൾനാടൻ മേഖലയായി കണക്കാക്കുന്നത്. 24.29 ദശ ലക്ഷം ആൾക്കാർ ആണ് ഈ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നത്.

### 6 .2.1 നദികൾ,നദീതടങ്ങൾ, തടാകങ്ങൾ, തണ്ണീർ തടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മത്സ്യ പരിപാലനം

നദികൾ, നദീതടങ്ങൾ, തടാകങ്ങൾ, തണ്ണീർ തടങ്ങൾ എന്നിവ ചേരുന്നതാണ് നമ്മുടെ ഉൾനാടൻ മത്സ്യ മേഖലയുടെ നട്ടെല്ല്. യുഗങ്ങളായി, ഈ ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങൾ മീന് പിടുത്ത സമുദായങ്ങൾ നിലനിർത്തുകയും ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന് ശുദ്ധജല മത്സ്യങ്ങൾ

നൽകുകയും ചെയ്യു. കട്‌ല, രോഹു, മൃഗാൽ, എന്നീ ശുദ്ധജല മത്സ്യങ്ങളുടെ പ്രജനനതിനുള്ള കൃത്രിമ സാങ്കേതിക വിദ്യയുടെ ആവിർഭാവം വരെ, ഈ മത്സ്യങ്ങളുടെ വിത്തുകൾക്കായി നമ്മൾ ആശ്രയിച്ചിരുന്നത് ഗംഗ, ബ്രഹ്മപുത്ര തുടങ്ങിയ മഹാനദീ പ്രദേശങ്ങളെ ആയിരുന്നു. ജനിതക മേന്മയുള്ള മത്സ്യ വിത്തുകളുടെ സ്രോതസ്സ് എന്ന നിലയിൽ ഈ നദികൾ ഇപ്പോഴും നമ്മുടെ ശുദ്ധജല മത്സ്യ കൃഷിയിൽ സുപ്രധാന പങ്കു വഹിക്കുന്നു.

നഗരവൽക്കരണം, വ്യവസായവൽക്കരണം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസേചനം, വിദ്യുച്ഛക്തി ഉൽപ്പാദനം തുടങ്ങിയ കാരണങ്ങൾ മൂലം നദികളെ ആശ്രയിച്ചുള്ള ഉൾനാടൻ മത്സ്യ മേഖലയ്ക്കു ക്ഷീണം സംഭവിച്ചിരിക്കുന്നു. നദികളിൽ വന്ന ജലപ്രവാഹ ശോഷണം നദികളെ മാത്രമല്ല, നദീമുഖത്തും, തീരക്കടലിലും ഉള്ള ആവാസ വ്യവസ്ഥകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നദീതട ആവാസവ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും മത്സ്യബന്ധനത്തിന്റെ തകർച്ചയെ മറികടക്കുന്നതിനും, നദികളിലെയും അവയുടെ പോഷകനദികളിലെയും മത്സ്യബന്ധനം നിലനിർത്തുന്നതിന് ജലപ്രവാഹത്തിന്റെ ലഭ്യത അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഈ നയം ഒന്നാമതായി പ്രാധാന്യം നൽകുന്നത്. രണ്ടാമതായി, നദിയുടെ ആവാസവ്യവസ്ഥയുടെ പാരിസ്ഥിതിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും നദികളില് കാണുന്ന വിവിധ സ്വാഭാവിക മത്സ്യ ജനുസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വിവിധ സ്രോതസ്സുകളിൽ നിന്ന് നദികളിലേക്കും അവയുടെ പോഷകനദികളിലേക്കും മലിനീകരണം ഒഴുകുന്നത് തടയുന്നതിനും നയം ശ്രദ്ധ കേന്ദ്രീകരിക്കും. മൂന്നാമതായി, ഐഎം സി ജനുസുകളിലുള്ള മീനുകളുടെയും, മൈനർ കാർപ്പ്, മുഷി, മറ്റു ധാരാളം മത്സ്യങ്ങൾ, പ്രധാന നദീതീര ജീവികൾ എന്നിവയുടെ പ്രജനനത്തിനും ലാർവകളുടെ വളർച്ചയ്ക്കും ഉചിതമായ നദീതടങ്ങൾ അനുബന്ധ ജലാശയങ്ങൾ തുടങ്ങിയവ ഈ വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ ജനസംഖ്യ നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പരിരക്ഷിച്ചിരിക്കുന്നു. ഐ എം സിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ നദീതീര പരിതസ്ഥിതിയിൽ എന്തെങ്കിലും തടസ്സം ഉണ്ടായാൽ രാജ്യത്തെ ശുദ്ധജല മത്സ്യം വളർത്തലിലും ഉൽപാദനത്തിലും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകും. നദികൾക്കും കടലുകൾക്കുമിടയിലുള്ള പരിവർത്തന മേഖലകളായ അഴിമുഖങ്ങളും ലാഭകരമായ മത്സ്യബന്ധനം വാഗ്ദാനം ചെയ്യുന്നു. കടലിലേക്ക് ഒഴുകുന്ന രാജ്യത്തെ എല്ലാ പ്രധാന നദീതടങ്ങൾക്കും അഴിമുഖങ്ങൾ ഉണ്ട്; ചില സന്ദർഭങ്ങളിൽ, ഉദാഹരണത്തിന് ഗംഗ നദീതടങ്ങൾ പോലെയുള്ളതിനു അഴിമുഖങ്ങൾ വളരെ വലിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. കൂടാതെ ഇവ വിവിധങ്ങളായ മത്സ്യങ്ങളെ, വളർത്തുന്നതിനും അവയുടെ മത്സ്യബന്ധനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ശുദ്ധജലത്തിന്റെ പ്രവാഹവും വേലിയേറ്റ സ്വാധീനവും ആണ് പ്രധാനമായും അഴിമുഖങ്ങളിലെ മത്സ്യങ്ങളുടെയും മത്സ്യബന്ധനത്തിന്റെയും ഉൽപാദനക്ഷമത നിർണ്ണയിക്കുന്നത്. എന്നിരുന്നാലും, തീരദേശ വാസസ്ഥലങ്ങളിലും വ്യവസായവൽക്കരണത്തിലും വർദ്ധനവുണ്ടായപ്പോൾ, അഴിമുഖങ്ങൾ പല

സ്രോതസ്സുകളിൽ നിന്നുള്ള മലിനീകരണത്തിനു വിധേയമായിട്ടുണ്ട്. കൂടാതെ, ജലത്തിന്റെ ഒഴുക്കോടെ, അഴിമുഖത്തിലേക്കുള്ള ശുദ്ധജലത്തിന്റെ ഒഴുക്ക് ക്രമേണ കുറയുകയും അതിന്റെ സവിശേഷ സ്വഭാവത്തെ ബാധിക്കുകയും മത്സ്യങ്ങളുടെ, ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും കുറവുണ്ടാക്കുകയും ചെയ്യുന്നു.

നദികളുടെയും അവയുടെ പോഷകനദികളുടെയും തുടർച്ചയായി ഉണ്ടാകുന്ന തണ്ണീർ തടങ്ങൾ പണ്ടുമുതലേ ഗംഗയിലും ബ്രഹ്മപുത്ര നദീതടങ്ങളിലും സുപ്രധാന മത്സ്യബന്ധന സ്രോതസ്സുകൾആയി രൂപപ്പെടുത്തിയിട്ടുണ്ട്. നദീതീര മത്സ്യബന്ധനത്തിന്റെ ജീവിതമാർഗമാണ് അവ. ഏകദേശം 1.2 ദശലക്ഷം ഹെക്ടർ വിസ്തൃതിയുള്ള ഈ ജലാശയങ്ങൾ വിവിധ സമുദായങ്ങൾക്ക് മത്സ്യബന്ധനം നിലനിർത്തുക മാത്രമല്ല, മഴക്കാലത്ത് അധികമായി ഒഴുകുന്ന നദീതട പ്രവാഹത്തിനുള്ള ഒരു സംഭരണി ആയി പ്രവർത്തിക്കുകയും ചെയ്യു. കനത്ത എക്കൽ അടിയൽ, മണ്ണിടിച്ചിൽ എന്നിവ കാരണവും, നിരവധി തണ്ണീർ തടങ്ങളും അവയുമായി ബന്ധപ്പെട്ട നദികളും തമ്മിലുള്ള ബന്ധം നഷ്ടപ്പെടൽ, കള ബാധ (പ്രധാനമായും കുളവാഴ - ഐച്ചോർണിയ ക്രാസിപ്പുകൾ) എന്നിവയാൽ ഈ ജലാശയങ്ങളുടെ ജല നിലനിർത്തൽ ശേഷിയും ഉൽപാദനക്ഷമതയും ഗണ്യമായി കുറഞ്ഞു. ഇത് നദീതീര മത്സ്യബന്ധനം കുറയാനും നദീതടങ്ങളിൽ ആവർത്തിച്ചുള്ള വെള്ളപ്പൊക്കം ഉണ്ടാകാനും കാരണമായി. കയ്യേറ്റം സ്ഥിതി കൂടുതൽ വഷളാക്കി. സമുദായങ്ങൾ, ദോഷകരമായ മത്സ്യബന്ധന വലകളുടെ ഉപയോഗിക്കുന്നതും നാമമാത്ര മായ വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നതും വ്യാപകമാണ്, അതിനാൽ നിയന്ത്രണം ആവശ്യമാണ്. നദികളും തണ്ണീർ തടങ്ങളും തമ്മിലുള്ള ബന്ധം പുന:സ്ഥാപിക്കുന്നതിനും അവയുടെ എണ്ണമറ്റ പാരിസ്ഥിതിക സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഈ വിഭവങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനു ശ്രമിക്കും.

പ്രകൃതിദത്ത തടാകങ്ങളും തണ്ണീർത്തടങ്ങളും രാജ്യത്തെ മറ്റൊരു പ്രധാന മത്സ്യബന്ധന സ്രോതസ്സാണ്. വളരെ ഉയർന്ന തലത്തിലുള്ള തടാകങ്ങളും തണ്ണീർത്തടങ്ങളും മുതൽ ഗംഗാ സമതലങ്ങളിലെ 'താലകളും ജീലുകളും' വരെയും ഒഡീഷയിലെ ചിലിക, തമിഴ്നാട്ടിലെയും ആന്ധ്രാപ്രദേശിലെയും പുലിക്കാട്, കേരളത്തിലെ വേമ്പനാട് തുടങ്ങിയ അഴിമുഖ തടാകങ്ങൾ വരെ ഉള്ള ഈ ജലാശയങ്ങൾ സസ്യ- മാംസ ജന്യ മാംസ്യങ്ങളും വിവിധങ്ങളായ ആവാസവ്യവസ്ഥ സേവനങ്ങളും പ്രദാനം ചെയ്യുന്നു. മംഗാന അല്ലെങ്കിൽ ഫോക്സ് നട്ട് (യുറൈൽ ഫെറോക്സ്), സിംഗാര അല്ലെങ്കിൽ വാട്ടർ കാൽ ട്രോപ്പുകൾ (ട്രാപ്പ ബിസ്പിനോസ) എന്നിവ പോലുള്ള പ്രധാന സസ്യ മാംസ്യങ്ങളുടെ ഉറവിടമാണ് ഗംഗ തടത്തിലെ ടാൽസും ജീലുകളും. 1972 ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുള്ള ഗംഗാറ്റിക് ഇറവാഡി ഡോൾഫിനുകളുടെ ആവാസ കേന്ദ്രമാണ് ചിലിക്ക പോലുള്ള അഴിമുഖ തടാകങ്ങൾ. രാജ്യത്തിന്റെ അതിർത്തിയിൽ കാവൽ നിൽക്കുന്ന പ്രതിരോധ ഉദ്യോഗസ്ഥർക്കും വിദൂര പ്രദേശങ്ങളിലെ സമൂഹങ്ങൾക്കും വിലപ്പെട്ട ഭക്ഷണവും പോഷണവും നൽകാൻ കഴിയുന്നതും ആയതിനാൽ

ഹിമാലയത്തിലെ തടാകങ്ങൾ അവയുടെ മത്സ്യബന്ധന ശേഷി ഉപയോഗപ്പെടുത്തുന്നതിനു വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്. ഉൾനാടൻ മത്സ്യബന്ധനം കനത്ത ബാഹ്യ സ്വാധീനത്തിന് വിധേയമായതിനാൽ, വിശാലമായ അർത്ഥത്തിൽ, സമുദ്ര മത്സ്യബന്ധനത്തിന് സമാനമായി കണക്കാക്കപ്പെടുന്ന മാനേജ്മെന്റ് സമീപനങ്ങൾ പിന്തുടരും. ഈ നയങ്ങൾ മത്സ്യ ബന്ധനത്തിന് അനുവദനീയമായ യാനങ്ങളുടെ എണ്ണം, വലിപ്പം, മത്സ്യ ബന്ധനത്തിന് അനുവദനീയമായ ദിവസങ്ങള്; പാട്ട നയങ്ങളുടെ അവലോകനം, ആവശ്യമുള്ളിടത്ത് അവ പരിഷ്കരിക്കുക; പരമ്പരാഗത മത്സ്യബന്ധന സമുദായങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുക; മത്സ്യകൃഷിക്കായി ഉപയോഗിക്കുന്ന പ്രധാന ഇനങ്ങളുടെ ബ്രൂഡ്സ്റ്റോക്കിന്റെ സംരക്ഷണത്തിനായി പ്രധാനമായും മീൻപിടുത്തം അനുവദിക്കാത്ത സീസണും പ്രദേശങ്ങളും നടപ്പിലാക്കുക; വലയുടെ വലിപ്പം, കണ്ണി വലിപ്പം മീൻപിടുത്ത രീതികളിലും നിയന്ത്രണം; നദികളിലെയും അവയുടെ പോഷകനദികളിലെയും ഏറ്റവും കുറഞ്ഞ നിരകിലുള്ള ജലപ്രവാഹം നിലനിർത്തുകയും കയ്യേറ്റം നിയന്ത്രിക്കുകയും ചെയ്തുകൊണ്ടും ആവാസ വ്യവസ്ഥ പുന:സ്ഥാപിക്കൽ, നദികളിലോ അവയുടെ പോഷകനദികളിലോ ഡാമുകളോ ബന്ധനങ്ങളോ നൽകികൊണ്ട് മത്സ്യ ഇടനാഴികളും ശ്രേണികളും ക്രമീകരിക്കുക; തടാക മുഖത്തിന്റെ പതിവായ ആഴപ്പെടുത്തൽ കൊണ്ട് അഴിമുഖ തടാകങ്ങളിലേക്ക് സമുദ്രജലം ആവശ്യത്തിന് ഒഴുക്കുക എന്നിവ ഉൾപ്പെടും. അത്തരം ഘടനകൾ / പ്രവർത്തനങ്ങൾ കുടിയേറ്റ ജീവജാലങ്ങൾക്കു പ്രജനന സ്ഥലത്തേക്കോ തീറ്റ സ്ഥലങ്ങളിലേക്കോ എത്താൻ അനുവദിക്കും. തിരഞ്ഞെടുത്ത, ജനസംഖ്യ ഗണ്യമായി കുറഞ്ഞ മത്സ്യ ഗണങ്ങളുള്ള നദികളുടെയും മറ്റ് ഉൾനാടൻ ജലാശയങ്ങളുടെയും മേച്ചില് പ്രദേശം ഇവയുടെ സ്റ്റോക്ക് നികത്തൽ / വർദ്ധനവ് ആവശ്യപ്പെടുകയും ചെയ്യുന്ന സ്ഥലങ്ങളിലേക്ക് അവലംബിക്കും. കേന്ദ്ര ജല കമ്മീഷനുമായും കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുമായും സജീവമായി നടത്തുന്ന നയപരമായ ഇടപെടലുകൾ ഈ ജലാശയങ്ങളുടെ പഴയ അവസ്ഥ പുന:സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു, അതിലൂടെ അവരുടെ ഭക്ഷണ-ആവാസവ്യവസ്ഥാ സേവനങ്ങളും മറ്റും ആ പ്രദേശത്തും മറ്റ് സ്ഥലങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് ലഭ്യമാകും. പ്രധാന നദികളെ ബന്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്നത് മനസ്സിൽ വെച്ചുകൊണ്ട് തന്നെ , അത്തരം നയപരമായ ഇടപെടലുകൾ മത്സ്യബന്ധന വിഭവങ്ങളെ കൂടുതൽ പ്രധാനമായി നദികളിൽ വസിക്കുന്ന പ്രാദേശിക ജനിതിക സമ്പത്തിനെ പ്രതികൂലമായി ബാധിക്കില്ലെന്നും ഉറപ്പാക്കും.

### 6.2.2 **റിസർവോയർ ഫിഷറീസ് സാധ്യതകൾ പ്രയോജനപ്പെടുത്തൽ**

വൻകിട (5000 ഹെക്ടറിൽ കൂടുതൽ) ഇടത്തരം (1000-5000 ഹെക്ടർ) ചെറുകിട (100 ഹെക്ടറിൽ താഴെ) റിസർവോയറുകൾ ഉൾപ്പെടെ 3 ദശലക്ഷത്തിൽ പരം ജലപ്രദേശമാണ് നമ്മുടെ റിസർവോയറുകൾക്കുള്ളത്. വിവിധ തരം മത്സ്യങ്ങൾ വിവിധ രീതികളിൽ ഇവിടെ വളർത്താം. ഇന്ത്യ, ഭൂഖണ്ഡാന്തര അനുപാതമുള്ള രാജ്യമായതിനാൽ, അതിന്റെ

ജലസംഭരണികൾ വിവിധതരം ഭൂപ്രദേശങ്ങളിൽ വ്യാപിച്ചിരിക്കുകയും വ്യത്യസ്ത മണ്ണിന്റെ തരം, കാലാവസ്ഥ എന്നിവക്ക് വിധേയമാവുകയും ചെയ്യുന്നു, മാത്രമല്ല അവയ്ക്ക് വിവിധതരം നീരൊഴുക്ക് പ്രദേശങ്ങളിൽ നിന്ന് ഉള്ള നീരൊഴുക്ക് ലഭിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും, ഇന്ത്യൻ ജലസംഭരണികളിൽ നിന്നുള്ള ഇപ്പോഴത്തെ വിളവ് അളവിൽ വളരെ കുറവാണ്. ഈ ജലസ്രോതസ്സുകൾ അവയുടെ ഉൽപാദന ശേഷി തിരിച്ചറിയുന്നതിനും ദേശീയ മത്സ്യ ഉൽപാദന ലക്ഷ്യങ്ങളിൽ സംഭാവന ചെയ്യുന്നതിനും മികച്ച മാനേജ്മെൻറ് രീതികൾ പാലിക്കേണ്ടതുണ്ട്. ഇത് ലക്ഷ്യമാക്കി വിവിധ നടപടികൾ ഈ നയം മുന്നോട്ടു വെയ്ക്കുന്നു: 1. വിഭവങ്ങളുടെ ഉൽപാദനക്ഷമത, ഫിഷറീസ് മാനേജ്മെൻറ് കാഴ്ചപ്പാട് (പ്രകൃതി നിയമം, അനുബന്ധ സംഭരണം, വിളവെടുപ്പ് തന്ത്രങ്ങൾ മുതലായവ) എന്നിവ അനുസരിച്ചു മത്സ്യ സ്രോതസ്സുകൾ തരംതിരിക്കൽ 2) ജലാശയങ്ങളിൽ പാട്ടത്തിനെടുക്കുന്നതിനും മത്സ്യബന്ധനത്തിനുള്ള അവകാശങ്ങൾക്കുമുള്ള മികച്ച നയങ്ങൾ നിർമ്മിക്കൽ 3) മത്സ്യബന്ധന വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിന് റിസർവോയർ അധിഷ്ഠിത സമൂഹത്തെ പ്രാപ്തരാക്കുകയും സംരക്ഷിത അല്ലെങ്കിൽ സംവരണ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള ഒരു ഭാഗം അല്ലെങ്കിൽ മുഴുവൻ വരുന്ന അത്തരം ജലാശയങ്ങളിൽ അവരുടെ പരമ്പരാഗത അവകാശങ്ങൾ നിലനിർത്തുകയും ചെയ്യുക. 4) ജലസംഭരണികളിൽ നിന്ന് കാർഷിക മേഖലകളിലേക്ക് വെള്ളം കൊണ്ടുപോകുന്ന ജലസേചന കനാലുകളുടെ വിപുലമായ ശൃംഖലയിൽ കൂട്/പെൻ മത്സ്യകൃഷിയിലൂടെ ഉൽപാദനപരമായ ഉപയോഗം 5) വിനാശകരമായ മത്സ്യ ബന്ധന ഉപകരണങ്ങളുടെയും തെർമോകോൾ, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് സുരക്ഷിതമല്ലാത്ത മത്സ്യബന്ധന യാനങ്ങളെയും ഉപയോഗത്തെ നിരുത്സാഹപ്പെടുത്തുക 6) ആവശ്യമുള്ളിടത്ത് ജലസംഭരണികളുടെ അനുബന്ധ സംഭരണത്തെ പിന്തുണയ്ക്കുന്നതിനായിമൂല്യവർദ്ധിത ശ്രുംഖലകൾ സ്ഥാപിക്കുക. കൃഷി,വിളവെടുപ്പ്, വിത്തിറക്കൽ എന്നിവ യഥാസമയം ഫലപ്രദമാക്കുവാൻ വേണ്ട കമ്പോള ബന്ധങ്ങൾ, മത്സ്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സൃഷ്ട്ടിക്കുക

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- നദികളിലും അവയുടെ കൈവഴികളിലും മത്സ്യ സുസ്ഥിരത ഉറപ്പാക്കുവാൻ വേണ്ട ജല പ്രവാഹം ലഭ്യമാക്കുക
- പ്രസക്തമായ പ്രവർത്തക സംഘങ്ങളുമായി ഏകോപിപ്പിച്ച് നദികളിലേക്കും അവയുടെ പോഷകനദികളിലേക്കും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള മലിനീകരണ പ്രവാഹം തടയുന്നതിലൂടെ നദീതട പരിസ്ഥിതി വ്യവസ്ഥയുടെ പാരിസ്ഥിതിക ആരോഗ്യം മെച്ചപ്പെടുത്തുക.
- സംരക്ഷിത പ്രദേശങ്ങൾ, മത്സ്യ ബന്ധന സമയവും സ്ഥലവും നിയന്ത്രിക്കൽ തുടങ്ങിയ മാർഗ്ഗങ്ങൾ വഴി പ്രാദേശിക ജനുസ്സുകളെ സംരക്ഷിക്കുക

- ഈ വിഭവങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ എണ്ണമറ്റ പരിസ്ഥിതി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും നദികളും തട പ്രദേശങ്ങളും തമ്മിൽ ഉള്ള സ്വാഭാവിക ബന്ധങ്ങൾ പുനസ്ഥാപിക്കുക
- വിഭവങ്ങൾ അവയുടെ ഉൽപാദനക്ഷമതയ്ക്കനുസൃതമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പാട്ട നയങ്ങൾ നടപ്പിലാക്കുകയും വിഭവങ്ങൾ മാനേജുചെയ്യുന്നതിന് പ്രാദേശിക സമുദായങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നു
- വിത്ത് ഉൽപാദനത്തിനും സംഭരണത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.

## 6.3 മത്സ്യ കൃഷി

### 6.3.1 ശുദ്ധജല മത്സ്യ കൃഷി

ഇന്ന്, ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മത്സ്യ ഉൽപാദക രാജ്യമാണ് ഇന്ത്യ. ഏകദേശം 2.48 ദശലക്ഷം ഹെക്ടർ ആണ് കുളങ്ങൾക്കും ടാങ്കുകൾക്കും കീഴിൽകണക്കാക്കിയ വിസ്തീർണ്ണം. 2018-19 കാലയളവിൽ 7.7 ദശലക്ഷം ടൺ ആയിരുന്നു മത്സ്യകൃഷി വഴി നമ്മുടെ ഉൽപ്പാദനം. ഇത് മൊത്തം ഉൾനാടൻ മത്സ്യ ഉത്പാദനത്തിന്റെ 80 ശതമാനവും മൊത്തം മത്സ്യ ഉത്പാദനത്തിന്റെ 56 ശതമാനവും വരുന്നു. രോഹു, കട്ട്ല, മൃഗാൽ തുടങ്ങിയ പ്രധാനപ്പെട്ട മീനുകൾക്കൊപ്പം പംഗാസിയസ്, തിലാപ്പിയ എന്നീ മീനുകളും വ്യാപകമായി കൃഷി ചെയ്യപ്പെടുന്നു.

സമ്മിശ്ര മത്സ്യ കൃഷിയുടെ സാങ്കേതിക വിദ്യ പ്രചാരത്തിൽ വന്ന എഴുപതുകൾക്കു ശേഷം, ഈ രംഗത്തെ സാങ്കേതിക കുതിച്ചു ചാട്ടം കാര്യമായി ഉണ്ടായില്ല. കൃഷിയ്ക്ക് ഉപയുക്തമാക്കിയ സ്ഥല വിസ്തീർണം വർധിച്ചതു വഴി മാത്രമാണ് ഉൽപ്പാദനം വർധിച്ചത്. ശുദ്ധജല മത്സ്യകൃഷിയിൽ തിരശ്ചീനമായി വ്യാപനം നടന്നിട്ടുണ്ടെങ്കിലും, ലംബമായ വർദ്ധനവ് പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ഫലമായി ശരാശരി ഉൽപാദനക്ഷമത ഹെക്ടറിന് 3000 കിലോഗ്രാം ആയി പരിമിതപ്പെട്ടിരിക്കുന്നു. ഗുണമേന്മ യുള്ള മീൻ വിത്തുകൾ, മീൻ തീറ്റകൾ എന്നിവ ഉത്പാദിപ്പിക്കുന്നതും ഉപയോഗിക്കുന്നതും ഏതാനും ചില പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോയിരിക്കുന്നു. കൂടുതലും കർഷകരുടെ സ്വന്തം സംരംഭങ്ങളും കണ്ടുപിടുത്തങ്ങളും പുതുമകളും കാരണം ഓരോ പ്രദേശത്തിനും കൃഷിരീതിയിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ഇത് കാർഷിക ആസൂത്രണം, വിത്തിന്റെയും തീറ്റയുടെയും പര്യവഹനം, ഗുണമേന്മാ നിയന്ത്രണം, രോഗ വ്യാപനം എന്നിവയിൽ പരിമിതികൾ കൊണ്ടുവരാൻ, കർഷകർക്ക് ഒരു പരിധി വരെ ഗുണപ്രദം ആണെങ്കിൽ കൂടി, കാരണമായി.

ആഗോളതലത്തിൽ മുൻ നിരയിൽ ആണെങ്കിലും മത്സ്യ കൃഷിയിൽ ആധുനികമായ രീതികളിൽ വൈവിധ്യ വൽക്കരിക്കുവാൻ നമുക്കിനിയും ആയിട്ടില്ല. അടുത്തകാലത്ത് അവതരിപ്പിക്കപ്പെട്ട പന്ഗെഷ്യസ് , തിലാപ്പിയ എന്നിവയുടെ കാര്യം ഒഴിച്ചാൽ രോഹു, കട്ട്ല, മൃഗാൽ എന്നീ മത്സ്യങ്ങൾ ആണ് ശുദ്ധജല കൃഷി അടക്കി വാഴുന്നത്. അതുപോലെ, സംയോജിത മത്സ്യകൃഷി പശ്ചിമ ബംഗാളിലെയും ചില വടക്കുകിഴക്കൻ

സംസ്ഥാനങ്ങളിലെയും പരമ്പരാഗത ടർഫുകളിൽ ഒഴികെ മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിച്ചിട്ടില്ല. തീവ്ര കൃഷി രീതികൾ വഴിയും, കൂടുതൽ സ്ഥലത്തേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതു വഴിയും ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കാം.

വൈവിധ്യ വൽക്കരണം, വ്യാപനം, എന്നിവ, ഗുണമേന്മയുള്ള മത്സ്യ വിത്ത്, തീറ്റ, ആധുനിക രീതികൾ (ബയോ ഫ്ലോക്, റീ സർക്കുലേഷൻ സംവിധാനങ്ങൾ, സംയോജിത കൃഷി തുടങ്ങിയവ), കാലി വളർത്തൽ, കോഴി വളർത്തൽ, കരകൃഷി, തുടങ്ങിയവുമായി മത്സ്യ കൃഷി സംയോജിപ്പിക്കൽ, വിജ്ഞാന വ്യാപനം, മത്സ്യ കർഷക ഉത്പാദന സംഘങ്ങൾ, എന്നിവയ്ക്ക് ഈ നയം ഊന്നൽ നൽകും. കൃഷിയിതര ആവശ്യങ്ങൾക്കായി ശുദ്ധജല സ്രോതസ്സുകൾ ഉപയോഗിക്കുന്നത് പരിഗണിച്ചു മത്സ്യ കർഷകരുടെ താല്പര്യം സംരക്ഷിക്കും. അത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കുക വഴി സുസ്ഥിരത ഉറപ്പാക്കി കൊണ്ട് അടുത്ത 4-5 വർഷങ്ങൾക്കുള്ളിൽ ശുദ്ധ ജല മത്സ്യ കൃഷിയിൽ ഗണ്യമായ ഉത്പാദന വർധനയാണ് പ്രതീക്ഷിക്കുന്നത്. ശുദ്ധജല മത്സ്യകൃഷിയിൽ നിന്ന് വ്യത്യസ്തമായി, രാജ്യത്തെ തണുത്ത പ്രദേശങ്ങളിലെ ശീതജല മത്സ്യകൃഷിക്ക് വളരെ കുറച്ച് മാത്രമേ ശ്രദ്ധ ലഭിച്ചിട്ടുള്ളു . കൂറ്റൻ ഹിമാലയൻ മലനിരകളും മറ്റ് പർവതനിരകളും മത്സ്യത്തെ വളർത്താൻ ഉയർന്ന ശേഷി ഉള്ളവയായിട്ടും, മത്സ്യകൃഷിയിലെ വികസനം ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലെ ട്രൗട്ട് കൃഷിയിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മലയോരമേഖലയിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗതം, വൈദ്യുതി വിതരണം, ആശയവിനിമയം എന്നിവ മെച്ചപ്പെടുത്തിയതോടെ, രാജ്യത്ത് ഇടത്തരം മുതൽ ഉയർന്ന തടങ്ങളിൽ നിന്ന് നിന്നുള്ള ട്രൗട്ട് കൃഷിക്ക് ഉത്തേജനം നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലഭ്യമായ സ്രോതസ്സുകൾ ഭക്ഷ്യവിതരണത്തിന് മാത്രമല്ല, രാജ്യത്തെ പർവതപ്രദേശങ്ങളിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിക്കും. ഇക്കാര്യത്തിൽ നയ നിർദേശങ്ങൾ മത്സ്യ കൃഷിക്ക് അനുയോജ്യമായ ശീതജലസ്രോതസ്സുകളെ സമഗ്രമായി വിലയിരുത്തുന്നതിനും രാജ്യത്തെ ശീതജല ജല മത്സ്യബന്ധനത്തിന്റെയും മത്സ്യക്കൃഷിയുടെയും വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു; ഉത്തരാഖണ്ഡ്, മേഘാലയ, അരുണാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെ താഴ്ന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള റെയിൻബോ, ബ്രൗൺ ട്രൗട്ട്, കരിമീൻ എന്നിവയുടെ ജേംപ്ലാസം നിറയ്ക്കൽ; മറ്റ് സ്രോതസ്സ്കൾ ആയ വിദേശ ഇനങ്ങളെ പരിചയപ്പെടുത്താനുള്ള സാധ്യതയും ആർട്ടിക് ചാർ ഉൾപ്പെടെ ഉള്ളവയെ ഉയരത്തിലുള്ള തടാകങ്ങൾ സംഭരിക്കുന്നതിന്; ഗുണനിലവാരമുള്ള വിത്തും തീറ്റയും എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള ട്രൗട്ട് ഹാച്ചറികളും ഫീഡു മില്ലുകളും സ്ഥാപിക്കുന്നു. കൂടാതെ, കൃഷിയുടെ വികസനവും, ഉയർന്ന അരുവികളിൽ ഇടത്തരം മുതൽ വലിയവ വരെയുള്ള മഴവില്ല്, ബ്രൂക്ക് ട്രൗട്ട് എന്നിവയുള്ള സംഭരണം, വിനോദ മീൻപിടുത്തം ഉൾപ്പെടെയുള്ള ടൂറിസം എന്നിവ ഹോംസ്റ്റേകളിലൂടെ പ്രോത്സാഹിപ്പിക്കാൻ കഴിയും. അത് വീണ്ടും അരുവികളുടെ പുന:സ്ഥാപനത്തിനും പരിപാലനത്തിനും പ്രദേശവാസികൾക്ക് ഉപജീവനത്തിനുമുള്ള വഴികൾ

നൽകും. ആധുനിക മത്സ്യകൃഷി രീതികൾ വികസിപ്പിച്ചെടുക്കുകയും ആവശ്യമായ അളവിൽ ഗുണനിലവാരമുള്ള മത്സ്യ വിത്ത് ഉത്പാദിപ്പിക്കുകയും അതിന്റെ രാജ്യവ്യാപകമായ ലഭ്യതയും പ്രവേശനക്ഷമതയും ഉറപ്പുവരുത്തുകയും ചെയ്യുന്നത് കഴിഞ്ഞ ആറ് പതിറ്റാണ്ടായി രാജ്യത്ത് ഒരു വെല്ലുവിളിയായി തുടരുന്നു. വിത്ത് ഉൽപാദനവും വിതരണവും രാജ്യത്ത് പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ ഇപ്പോഴും നടക്കുന്നുള്ളൂ. കുളം, ജലാശയങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള മത്സ്യകൃഷിയുടെ വ്യാപനത്തിനും ഉൾനാടൻ മത്സ്യബന്ധനത്തിനും ഇത് ഒരു പ്രധാന തടസ്സമാണ് . ഐ എം സി കൂടാതെ, വാണിജ്യാടിസ്ഥാനത്തിലുള്ള, സിന്ഘി, മഗുര്, ചെമ്മീൻ, ഞണ്ട്, ആവോലി, കണമ്പ് തുടങ്ങിയ ഉയർന്ന മൂല്യമുള്ള മത്സ്യ ഇനങ്ങൾ ഇതുവരെ വേണ്ടത്ര പ്രചാരത്തിൽ വന്നിട്ടില്ല. ഇത് ഇവിടെങ്ങളിലെ മത്സ്യകൃഷി കരിമീൻ അല്ലെങ്കിൽ പങ്കെസിസ് അധിഷ്ഠിതമായി മാത്രം ഒതുങ്ങാൻ കാരണമായിരുന്നു.

വൈവിധ്യവൽക്കരണം രാജ്യത്തെ അടുത്ത മത്സ്യം വളർത്തൽ വിപ്ലവങ്ങളുടെ ('അക്വാപ്ലോഷന്റെ') താക്കോലായിരിക്കും. ഇത് വാണിജ്യപരമായി വളർത്താൻ കഴിയുന്ന മത്സ്യ ഇനങ്ങളുടെ ശ്രേണി വർദ്ധിപ്പിക്കുക മാത്രമല്ല, പരിമിതമായ ജീവിവർഗങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും മത്സ്യകൃഷിയിലെ സാമ്പത്തിക ഭദ്രത വർദ്ധിപ്പിക്കുകയും ചെയ്യും. കാർഷിക മേഖലയിലെ ജനിതക മെച്ചപ്പെടുത്തലുകൾ കർഷകരെ ഉയർന്ന വിളവ് ലഭിക്കുന്ന ഇനങ്ങൾ വളർത്താനും ഹെക്ടറിന് കിട്ടുന്ന വിളവ് വർദ്ധിപ്പിക്കാനും വരുമാനം വർദ്ധിപ്പിക്കാനും സഹായിച്ചു. എന്നാൽ ഇന്ത്യൻ മത്സ്യകൃഷിയിൽ സമാനമായ ഒരു സാഹചര്യം ഇനിയും സംഭവിച്ചിട്ടില്ല, ജനിതക മെച്ചപ്പെടുത്തൽ വിരളം ഇനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മത്സ്യ കൃഷിയ്ക്ക് ഉപയുക്തമായ ഇനങ്ങളിലും, ജനിതക ശക്തിയിലും (സങ്കര ഇനങ്ങൾ സൃഷ്ട്ടിക്കൽ) വൈവിധ്യ വൽക്കരണം കൊണ്ടുവരുന്നത് വഴി ഉൽപ്പാദനവും, വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിയും. സ്വകാര്യമേഖലുമായി യോജിച്ചു കൊണ്ട് ഇതിനായ സാങ്കേതിക ഇടപെടലുകൾ കൊണ്ടുവരും. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ (ഐ സി എ ആർ) കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ പല ഇനങ്ങളുടെയും സാങ്കേതികവിദ്യ ലഭ്യമാണെങ്കിലും, അതിന്റെ വാണിജ്യവൽക്കരണം പരിമിതമാണ്. അത്തരമൊരു സാഹചര്യത്തിൽ, ഗവേഷണ സ്ഥാപനങ്ങൾ സ്വകാര്യമേഖലയുമായി സഹകരിച്ച് വാണിജ്യവൽക്കരണ പ്രക്രിയ വിപുലീകരിക്കേണ്ടത് പ്രധാനമാണ്. അങ്ങനെ വിത്ത് ലഭ്യത മെച്ചപ്പെടും. ഇക്കാര്യത്തിൽ രാജ്യത്തെ വിത്ത് കമ്മിപ്രദേശങ്ങൾക്ക് മുൻഗണന ലഭിക്കും. അങ്ങനെ ചെയ്യുമ്പോൾ, ഗുണനിലവാരമുള്ള വിത്ത് ന്യായമായ നിരക്കിൽ കർഷകർക്ക് ലഭ്യമാണെന്നതും പരിഗണിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന നിരവധി പ്രാദേശിക ഇനങ്ങളുടെ വാണിജ്യപരമായി ലാഭകരമായ വിത്ത് ഉൽപാദന സാങ്കേതികവിദ്യകൾ ദേശീയ സംരംഭങ്ങളിലൂടെയോ അല്ലെങ്കിൽ മറ്റെവിടെ നിന്നെങ്കിലും സാങ്കേതികവിദ്യകൾ കൈമാറുന്നതിലൂടെയോ നേടുന്നതിന് നയപരമായ

സംരംഭങ്ങൾ സഹായിക്കും. ഇക്കാര്യത്തിൽ, സാധ്യതയുള്ള പ്രദേശങ്ങളിൽ ഹാച്ചറികൾ, വിത്ത് ഫാമുകൾ, വിവിധ ഇനങ്ങളുടെ ബ്രൂഡ് ബാങ്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഐ സി എ ആർ ഗവേഷണ സ്ഥാപനങ്ങളുടെ പങ്കും സ്വകാര്യ മേഖലയുമായുള്ള അവരുടെ സഹകരണവും നിർണായകമാകും. ഇനങ്ങളുടെ വൈവിധ്യവൽക്കരണവും വിത്ത് ഉൽപാദനവും പ്രോത്സാഹിപ്പിക്കുമ്പോൾ, ഹാച്ചറികളുടെ അക്രഡിറ്റേഷൻ, വിത്ത് സർട്ടിഫിക്കേഷൻ, ഗുണനിലവാര നിയന്ത്രണം എന്നിവയിലൂടെ ഗുണനിലവാരമുള്ള വിത്തിന്റെ ലഭ്യത ഉറപ്പാക്കും. ഗുണനിലവാരമുള്ള സർട്ടിഫൈഡ് തീറ്റയും കർഷകർക്ക് ലഭ്യമാക്കുമെന്ന് സർക്കാർ ഉറപ്പുവരുത്തും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- മത്സ്യകൃഷിയിൽ ഉപയോഗിക്കുന്ന ഇനങ്ങളുടെ വൈവിധ്യവൽക്കരണം, ഗുണമേന്മയുള്ള വിത്ത് മീനുകളുടെ ലഭ്യത, അനുഗുണമായ സാങ്കേതിക വിദ്യകൾ മറ്റു സേവനങ്ങൾ
- വിത്ത് ഉൽപാദനത്തിനായി രാജ്യത്ത് വിത്ത് ബാങ്കുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെ സമയബന്ധിതവും പ്രവർത്തനപരവുമായ പദ്ധതി തയ്യാറാക്കുന്നു.
- ആറ്റുകൊഞ്ചു (സ്കാംപി) (മാക്രോബ്രാചിയം റോസെൻബെർഗി) കൃഷിയുടെ പുനരുജ്ജീവനം
- മത്സ്യ കർഷകർക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പാക്കൽ, ഉത്പാദക സംഘങ്ങൾ രൂപീകരിക്കൽ
- ശീത ജല കൃഷിയിൽ ട്രൌട്ട് മത്സ്യത്തിനു പ്രചാരം നൽകുകയും ശീത ജല മത്സ്യ കൃഷിക്കായി ഒരു പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കൽ
- ഗുണമേന്മ ഉറപ്പുവരുത്തിയ മത്സ്യ വിത്തുകളുടെ ലഭ്യത വർദ്ധിപ്പിക്കൽ
- കൃഷിക്ക് അനുയോജ്യമായ പുതിയ സ്ഥലങ്ങൾ കണ്ടെത്തി വേണ്ട സേവനങ്ങൾ ലഭ്യമാക്കൽ

### 6.3.2 ഓരുജല മത്സ്യ കൃഷി

മത്സ്യ കൃഷിയിൽ കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഏറ്റവും ചർച്ച ചെയ്യപ്പെട്ടത് ചെമ്മീൻ കൃഷി ആയിരുന്നു. വളർച്ച, തളർച്ച, വീണ്ടും വളർച്ച എന്ന ചാക്രിക രീതിയിൽ ഇവിടെ ചെമ്മീൻ കൃഷി പരമ്പരാഗത രീതികൾ വിട്ടു ആധുനിക രീതികൾ സ്വീകരിച്ചുകൊണ്ട് വാണിജ്യ അടിസ്ഥാനത്തിൽ മുന്നോട്ടു പോയി. വാണിജ്യാടിസ്ഥാനത്തിൽ ആദ്യം രംഗത്ത് വന്ന കാര ചെമ്മീൻ (പിനെയസ് മോനോഡോൺ) കൃഷിയിലെ വളർച്ച അധിക നാൾ നിന്നില്ല. വൈറ്റ് സ്പോട്ട് രോഗം, പ്രതികൂലമായ സുപ്രീം കോടതി വിധി എന്നിവ ആ കൃഷിയെ തളർത്തി. എന്നാൽ 2000 ത്തിന്റെ പകുതിയോടെ വെന്നാമി ചെമ്മീൻ വന്നതോടെ ഉത്പാദനത്തിൽ അഭൂത പൂർവമായ കുതിച്ചുചാട്ടം വരികയും ലോകത്ത് ചെമ്മീൻ കൃഷിയിൽ നമുക്ക് രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. കയറ്റുമതി വരുമാനം വർധിപ്പിക്കുന്നതിൽ ഈ ചെമ്മീൻ നിർണ്ണായക പങ്കാണ് വഹിക്കുന്നത്.

ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ 1.24 ദശ ലക്ഷം ഹെക്ടർ തീരദേശ സ്ഥലമാണ് നമുക്കുള്ളത്. പൂർവ തീരത്തെ പരമ്പരാഗത മേഖലകളിൽ ഒതുങ്ങിയ കൃഷി ഇപ്പോൾ പശ്ചിമ തീരത്തും വ്യാപിച്ചിരിക്കുന്നു. ഗുജറാത്ത് നല്ല ഉദാഹരണം. ചെമ്മീൻ കൃഷിയിലെ ശരാശരി വിസ്തീർണം 3-4 ഹെക്ടർ ആണ്. ഈ കൃഷിയിലെ വിവിധ ഘടകങ്ങൾ (വിത്ത്, തീറ്റ, രോഗപ്രതിരോധം, തുടങ്ങിയ) സംയോജിപ്പിച്ചുകൊണ്ട് നൂറു കണക്കിന് ഹെക്ടർ കൃഷിയ്ക്ക് വിധേയമാക്കിയ സംരംഭകരും ഇവിടെയുണ്ട്.

പരിമിതമായ സാമ്പത്തിക ഉപയോഗമുള്ള തീരദേശ ഭൂമിയുടെ അത്തരം ഉൽപാദന വിനിയോഗം അനുയോജ്യമായ ഭൂമി-പാട്ട നയങ്ങളിലൂടെയും കൃഷിസ്ഥലങ്ങൾ, ഹാച്ചറികൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലൂടെയും മത്സ്യകൃഷിക്കായി പ്രോത്സാഹിപ്പിക്കും. അടിസ്ഥാന സൗകര്യങ്ങൾ ആയ റോഡുകൾ, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവയും ആവശ്യമുള്ളിടത്ത് മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്നു.

ശുദ്ധജല കൃഷിയെ അപേക്ഷിച്ച് ഓരു ജല ചെമ്മീൻ കൃഷി ഒരു വ്യവസായം എന്ന നിലയിൽ ഇവിടെ വികസിച്ചിട്ടുണ്ട്. വിത്ത്, തീറ്റ, രോഗപ്രതിരോധം,സംസ്കരണം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി ദേശീയ, അന്തർദേശീയ കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നു.

ചെമ്മീൻ കൃഷി ഉൾപ്പെടെയുള്ള തീരദേശ മത്സ്യ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി തീരദേശ മത്സ്യ കൃഷി അതോറിട്ടി നിയമം 2005 ൽ നിലവിൽ വന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കി സുസ്ഥിര മത്സ്യ കൃഷി പ്രയോഗത്തിൽ കൊണ്ടുവരുവാൻ വേണ്ട മാർഗ നിർദേശങ്ങൾ ഈ നിയമം വഴി നടപ്പിലാക്കുന്നു.

എന്നിരുന്നാലും വെന്നാമി എന്ന ഒരു ഇനത്തിൽ മാത്രം ശ്രദ്ധ ഊന്നുന്നത് ശുഭകരമല്ല. ഒരൊറ്റ ഇനത്തെ അമിതമായി ആശ്രയിക്കുന്നത് വ്യവസായത്തെ വളരെയധികം അപകടത്തിലാക്കുന്നു. വൈറ്റ്ലെഗ് ചെമ്മീന്റെ അത്ഭുതകരമായ വിജയം, കാര ചെമ്മീനെ മറന്നുപോയ ഒരു ഇനമാക്കി മാറ്റി, കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി കാര ചെമ്മീനെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരു ശ്രമവും നടന്നിട്ടില്ല. അതുപോലെ, ഒരു സ്വദേശി ഇനമായ പെനിയസ് ഇൻഡിക്കസിന്റെ (നാരൻ )കൃഷിക്ക് ഒരിക്കലും പ്രാധാന്യം ലഭിച്ചിട്ടില്ല.

തികച്ചും വിദേശി ആയ ഈ ഇനം ഉപയോഗിച്ചുള്ള ഏകവിള സമ്പ്രദായം ദീർഘകാല സുസ്ഥിരത നൽകില്ല എന്നതിനാൽ കാര ചെമ്മീൻ, മോദാ , കണമ്പ് തുടങ്ങിയ മറ്റ് മത്സ്യ ഇനങ്ങൾ, കല്ലുമ്മേക്കായ പോലുള്ള ജീവികൾ എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള വൈവിധ്യ വൽക്കരണം വ്യവസായം ഇപ്പോൾ നേരിടുന്ന അപകടസാധ്യതകൾ കുറയ്ക്കൽ എന്നിവ ഓര് ജല കൃഷിയിൽ ആവശ്യമാണ്. ഇക്കാര്യത്തിൽ, പാരമ്പര്യേതര ഇനങ്ങളായ കക്ക ഇനങ്ങൾ കൂടി പരിഗണിക്കും, കൂടാതെ ഫിൽട്ടർ-ഫീഡർ എന്ന നിലയിലുള്ള അവരുടെ പങ്ക് കാർഷിക രീതികളുടെ സുസ്ഥിരത വർദ്ധിപ്പിക്കും. കൂടാതെ, കാർഷിക രീതികൾ സുസ്ഥിരമായി തുടരണമെങ്കിൽ മെച്ചപ്പെട്ട ജൈവസുരക്ഷ (ബയോസെക്യൂരിറ്റി), ആരോഗ്യപരിപാലനം (ഹെൽത്ത് മാനേജ്മെന്റ്), ക്വാറന്റൈൻ സൗകര്യങ്ങൾ, മികച്ച മാനേജ്മെന്റ് പ്രാക്ടീസ്

(ബി എം പി) / ഗുഡ് അക്വാകൾച്ചർ പ്രാക്ടീസ് (ജി എ പി) എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയും ഈ നയ സംരംഭങ്ങളിൽ ലക്ഷ്യമിടുന്നു. മത്സ്യസകൃഷിയിൽ നിന്ന് ഉണ്ടാകുന്ന മലിനജല പരിപാലനം ഒരു പ്രധാന പ്രശ്നമാണ്, മലിനജലം നദികളിലേക്കോ തീരദേശ ജലത്തിലേക്കോ പ്രവേശിക്കുന്നതിനുമുമ്പ് മലിനീകരണത്തിന്റെ അളവ് കുറയ്ക്കാൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനെ പിന്തുണയ്ക്കുന്നതിന് നയം നിർദ്ദേശിക്കും. ചെറിയ അക്വാകൾച്ചർ ഹോൾഡിംഗുകൾക്ക്, സാധാരണ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പിന്തുണയ്ക്കുന്നതിനാൽ അവരുടെ കൃഷി ലാഭകരവുമായി തുടരും. കടൽപായൽ, മുത്തുച്ചിപ്പി, മറ്റ് കൃഷി ചെയ്യാവുന്ന കക്ക വർഗ്ഗ മത്സ്യങ്ങൾ എന്നിവയുടെ ഉപയോഗം തുറന്ന ജല സംവിധാനത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് വെള്ളം ശുദ്ധീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കും. ഉൾനാടൻ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പസഫിക് വൈറ്റ്ലെഗ് ചെമ്മീൻ ഫാമുകൾക്ക് സമുദ്രജലം ഉപയോഗിക്കാൻ അനുവാദമില്ല.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- കാര ചെമ്മീൻ, നാരൻ (ഇൻഡിക്കസ്), കണമ്പ് , മോദാ തുടങ്ങിയ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി ഓരുജല കൃഷിയിൽ വൈവിധ്യ വൽക്കരണം കൊണ്ടുവരും
- കാര ചെമ്മീൻ, നാരൻ എന്നിവയുടെ രോഗ പ്രതിരോധ ശക്തി വർധിപ്പിക്കുകയും, നിർദ്ദിഷ്ട രോഗകാരികളില്ലാത്ത ജേംപ്ലാസത്തിന്റെ ഉൽപാദനത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു.
- ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ കൂടുതൽ സ്ഥലങ്ങൾ തീര ദേശത്തു കണ്ടെത്തി തൊഴിലവസരങ്ങൾ, ഭക്ഷ്യ –പോഷക സുരക്ഷിതത്വം എന്നിവ വർധിപ്പിക്കും.
- നിരോധിക്കപ്പെട്ട ആന്റിബയോട്ടിക്കുകളുടെ പൂർണ്ണമായ ഒഴിവാക്കൽ, ജൈവ സുരക്ഷ വർധിപ്പിക്കൽ, കൂടുതൽ ക്വാറന്റൈൻ സംവിധാനങ്ങൾ , ഉത്തമ കൃഷി രീതികളുടെ പ്രോത്സാഹനം

### 6.3.3 സമുദ്ര മത്സ്യ കൃഷി

ജനങ്ങളുടെ വർധിച്ചു വരുന്ന മത്സ്യ ആവശ്യം കണക്കിലെടുത്തും, സമുദ്ര മത്സ്യ ബന്ധനം കൊണ്ട് മാത്രം ഈ ആവശ്യം നേരിടുവാൻ സാധിച്ചേക്കില്ല എന്ന തിരിച്ചറിവിനാലും നമ്മുടെ തീര ദേശത്ത് സമുദ്ര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊണ്ടുകഴിഞ്ഞു. സമുദ്ര മത്സ്യ കൃഷി വഴി 4-8 ദശലക്ഷം ടൺ മത്സ്യം ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും എന്നാണ് കണക്കാക്കുന്നത്.

സമുദ്ര മത്സ്യ കൃഷിയുടെ വികസനം അതിന്റെ ആദ്യ നാളുകളിൽ കൂടിയാണ് ഇവിടെ കടന്നു പോകുന്നത് എന്നതിനാൽ, കൃഷിക്കനുയോജ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നതും, ഉചിതമായ പാട്ട വ്യവസ്ഥ രൂപീകരിക്കുന്നതും ഉൾപ്പെടെയുള്ള നയം ഇതിനായി നമുക്ക് ആവശ്യമാണ്. സമുദ്രത്തിലെ കൂട് മത്സ്യ കൃഷിക്കനുയോജ്യമായ ഇനങ്ങൾ,

മേഖലകൾ എന്നിവ കണ്ടെത്തുന്നതിനും, ചെറുകിട - പരമ്പരാഗത മീൻ പിടുത്തക്കാർക്ക് മുൻഗണന നൽകുന്നതിനും നയം സഹായിക്കും. പ്രത്യേകമായി നിർണ്ണയിക്കപ്പെട്ട സമുദ്ര ഇടങ്ങളിൽ, പ്രത്യേകിച്ചും 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള ഭാഗങ്ങളില് വാണിജ്യാടിസ്ഥാനത്തിൽ സാധ്യതയുള്ള ഇനങ്ങളുടെ വിത്തിന്റെ ഉത്പാദനവും അവയുടെ കൂട് കൃഷിയും വളർത്തലും, മതിയായ സുരക്ഷയോടെയും സാധാരണ മത്സ്യബന്ധനം, കപ്പല് ഗതാഗതം, മറ്റ് സമുദ്ര പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തടസ്സം ഉണ്ടാകാത്ത വിധത്തിലും പ്രോത്സാഹിപ്പിക്കും .

വൻ തിരയുടെയും, വേലിയേറ്റത്തിന്റെയും ശല്യം അധികം ഇല്ലാത്ത ഉൾകടൽ മേഖലകൾ ആണ് കൂട് മത്സ്യ കൃഷിക്ക് പറ്റിയത്. ഇന്ത്യൻ തീരദേശത്ത് ഇത്തരം പ്രദേശങ്ങൾ കുറവായതിനാൽ, തീരക്കടലിൽ പിടിച്ചുനിൽക്കാൻ ശേഷിയുള്ള തരത്തിൽ ഉറപ്പുള്ളതും, നീണ്ട നാൾ നിലനിൽക്കുന്ന നങ്കൂരമുള്ളതും ആയ കൂടുകൾ ആവശ്യമാണ്.

കൂട് മത്സ്യ കൃഷിക്ക് അനുയോജ്യമായ വിവിധ തരം മീനുകളുടെ (മോദ, പോംപാനോ, ഗ്രൂപ്പർ, സ്നാപ്പേർ, സീബ്രീം, ചിപ്പി വർഗ ജീവികൾ) വിത്തുമീനുകൾ കൃത്യമമായി ഉത്പാദിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ നമുക്കുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെലവ് കുറഞ്ഞതും ഗുണ മേന്മ ഉള്ളതുമായ മീൻ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിലേയ്ക്കായി പൊതുമേഖലയിലുള്ള ഗവേഷണ-ഉൽപ്പാദന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളും.

മീൻ കർഷകരും മീൻ പിടുത്തക്കാരും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുവാൻ ആവശ്യമായ മാർഗനിർദേശങ്ങൾ നയത്തിൽ ഉണ്ടാകും. പാരിസ്ഥിക ആഘാതം, ആവാസ വ്യവസ്ഥയുടെ സംഭരണ ശക്തി (കാരിയിംഗ് കപ്പാസിറ്റി) എന്നിവ പഠന വിധേയമാക്കി സമുദ്ര മത്സ്യ കൃഷിയുടെ സുസ്ഥിരത ഉറപ്പ് വരുത്തും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- തീരദേശ സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും കൂടിയാലോചിച്ച് സമുദ്ര മത്സ്യ കൃഷിയുടെ വികസനത്തിനായി, 1 2 നോട്ടിക്കല് മൈലിനുള്ളിലും പുറത്തും മത്സ്യകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ,, മത്സ്യ ഇനങ്ങൾ, പാട്ട വ്യവസ്ഥ, അനുഗുണ സേവനങ്ങൾ എന്നിവ വിശദീകരിക്കുന്ന , ഒരു മാർഗ രേഖ രൂപപ്പെടുത്തുക.
- മത്സ്യ കുഞ്ഞുങ്ങളുടെ ഉത്പാദനത്തിനായുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക
- പ്രാദേശിക സാങ്കേതിക സൗ കര്യങ്ങൾ ഉപയോഗിച്ച് ചെലവ് കുറഞ്ഞ കൂടുകൾ നിർമ്മിക്കുക

### 6.3.4 കടൽ പായൽ കൃഷി

മത്സ്യ കൃഷി, സമുദ്ര കൃഷി എന്നിവ പോലെ തന്നെ സാധ്യതകൾ ഒരുപാടുള്ള മേഖലയാണ് കടൽ പായൽ കൃഷി. സൗന്ദര്യ വർധക വസ്തുക്കൾ,

ഭക്ഷ്യ വസ്തുക്കൾ, ഔഷധ നിർമ്മാണം, ജൈവ ഇന്ധനം, തുടങ്ങിയ വിവിധ ആവശ്യങ്ങളിൽ കടൽ പായലുകളുടെ ആവശ്യം ലോകത്തൊട്ടാകെ വർധിച്ചു വരുന്നു. തീരദേശ സാമ്പത്തിക വ്യവസ്ഥയിൽ ഈ കൃഷിക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ ആകും.

ഇന്ത്യയിൽ കാണപ്പെടുന്ന 844 ഓളം കടൽ പായൽ ഇനങ്ങളുടെ മൊത്തം ജൈവ പിണ്ഡം 58715 ടൺ ആയി കണക്കാക്കപ്പെടുന്നു. തമിൾനാട്, ഗുജറാത്ത്, ലക്ഷദ്വീപ്, ആന്തമാൻ തീരങ്ങളിൽ കടൽ പായൽ സമ്പത്ത് ധാരാളം ഉണ്ട്. മുംബൈ, രത്നഗിരി, ഗോവ, കാർവാർ, വർക്കല, വിഴിഞ്ഞം, പുലിക്കാട്, ആന്ധ്രാപ്രദേശ്, ചില്ക്ക, ഒറീസ്സ, എന്നീ സ്ഥലങ്ങളിൽ കടൽ പായൽ പരപ്പുകൾ ഉണ്ട്. എന്നിരുന്നാലും, തുടർച്ചയായ, വിവേചനരഹിതവും അശാസ്ത്രീയമായ വിളവെടുപ്പ് രീതികൾ പ്രകൃതിദത്ത കടൽപ്പായൽ വിഭവങ്ങളുടെ അപചയത്തിന് കാരണമായി.

കടൽ പായൽ കൃഷി ചെയ്യുവാനുള്ള ആദ്യ നടപടികൾ എൺപതുകളിൽ ആണ് ഇന്ത്യയിൽ ആരംഭിക്കുന്നത്. ഈ കൃഷിക്ക് പ്രചാരം ആയി വരുന്നതെയുള്ളു. മീനിനു ഉള്ളതുപോലെയുള്ള ഭക്ഷ്യ ആവശ്യങ്ങൾക്കായി പ്രാദേശിക ആവശ്യം കടൽ പായലിന് ഇല്ലാത്തതാണ് പ്രചാരം മന്ദഗതിയിൽ ആയതിന്റെ പ്രധാന കാരണം. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കടൽ പായൽ മുഴുവനും വ്യാവസായിക ആവശ്യത്തിനാണ് ഉപയോഗിക്കപ്പെടുന്നത്. പുതിയ സാങ്കേതിക വിദ്യകൾ വഴി ഈ കൃഷിയ്ക്ക് പ്രചാരം നൽകുന്നതോടൊപ്പം ഉത്പാദന – കമ്പോള തലങ്ങളിൽ ഉള്ള മുൻ-പിൻ ബന്ധങ്ങൾകൂടി ശക്തിപ്പെടുത്തും. കൃഷിയ്ക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി കർഷകരെ കടൽ പായൽ കൃഷിയിലേയ്ക്ക് ആകർഷിക്കും. അതെ സമയം, കടലിൽ നിന്നും, സുസ്ഥിരത ഉറപ്പുവരുത്താതെ പായൽ ശേഖരിക്കുന്നതിനെ നിരുല്സാഹപ്പെടുത്തും.

ഗുജറാത്ത്, ഡിയു, ലക്ഷദ്വീപ്, തമിഴ്നാട്, ആന്ധ്രാപ്രദേശ് തീരപ്രദേശത്തുള്ള ഗവേഷണ സ്ഥാപനങ്ങൾ കടൽപായൽ കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കടൽപായൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ഇതിലേക്ക് ആകർഷിക്കുന്നതിനുമായി, തുടക്കത്തിൽ, ലൈംഗിക പ്രജനന രീതികളെ ആശ്രയിക്കുന്ന കടൽപായൽ വിത്തുത്പാദനം പൂരിതമാക്കാൻ ഉതകുന്ന അലൈംഗിക പ്രജനന രീതികൾ നിലവിൽ പരമാവധി കടൽപായൽ കൃഷി നടത്തുന്ന തമിഴ്നാട് തീരത്ത് സ്ഥാപിക്കാൻ കഴിയും. പിന്നീട് ഇത് ഗുജറാത്തിലെ തീരങ്ങളിലേക്കും തീരപ്രദേശത്തുള്ള മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാം. കപ്പാഫൈക്കസ് അൽവാരെസി, തദ്ദേശീയ കടൽപായലുകളായ അഗറോഫൈറ്റുകൾ, ആൽജിനോഫൈറ്റുകൾ എന്നിവയാണ് വലിയ തോതിൽ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന ഇനങ്ങൾ. തീരത്തുനിന്ന് അകലെയുള്ള ജലാശയങ്ങളും കടൽപായൽ വളർത്താനുള്ള അവസരം വാഗ്ദാനം ചെയ്യുന്നവയാണ്. പ്രത്യേകിച്ചും ഇന്റഗ്രേറ്റഡ് മൾട്ടി-ട്രോഫിക് അക്വാകൾച്ചർ സിസ്റ്റങ്ങളിൽ (ഐഎംടിഎ) (സംയോജിത ബഹുനില ആഹാര ശ്രിംഖല ശ്രേണിയോടുകൂടിയ മത്സ്യം വളർത്തൽ) , അവിടെ കടൽപായലിനൊപ്പം മോത പോലുള്ള മത്സ്യ ഇനങ്ങളെയും വളർത്താം. വലിയ തോതിലുള്ള കടൽപ്പായൽ കൃഷിയിലേക്ക് നീങ്ങുമ്പോൾ,

സുസ്ഥിരമായ മാനേജ്മെൻറ് പദ്ധതികൾ നടപ്പാക്കാത്ത കടൽപായൽ വിളവെടുപ്പു രീതികൾ നിരുത്സാഹപ്പെടുത്തും.

മീൻ പടുത്ത സമുദായങ്ങളിലെയും മറ്റു തീരദേശ സമുദായങ്ങളിലെയും സ്ത്രീകൾക്ക് കടൽ പായൽ കൃഷി വരുമാനം നൽകുന്നതിൽ പങ്കു വഹിയ്ക്കുന്നു. ഈ കൃഷിയുമായി ബന്ധപ്പെട്ട പരിശീലനം, വിൽപ്പന, ധന സമാഹരണം, എന്നിവ ലക്ഷ്യമാക്കി സ്വയം സഹായ സംഘങ്ങൾ/സഹകരണ സംഘങ്ങൾ/ ഉത്പാദക കൂട്ടായ്മകൾ എന്നിവ രൂപീകരിക്കുവാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- കടൽ പായൽ കൃഷിയ്ക്ക് അനുയോജ്യമായ സമുദ്ര തീരപ്രദേശങ്ങൾ കണ്ടെത്തി കർഷകരെ ആകർഷിക്കുവാൻ വേണ്ട നടപടികൾ (ഇന്റഗ്രേറ്റഡ് മൾട്ടി-ട്രോഫിക് അക്വാകൾച്ചർ (ഐഎംടിഎ) സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക)
- കടൽപായൽ വളർത്തുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ നൽകുന്നതിന് കടൽത്തീരത്ത് കടൽപായൽ വിത്ത് ബാങ്കുകൾ (വിത്തുത്പാദന കേന്ദ്രങ്ങൾ) സ്ഥാപിക്കുക.
- കടൽപായൽ കൃഷിക്ക് മത്സ്യത്തൊഴിലാളികളെ ആകർഷിക്കാൻ ആവശ്യമായ സ്ഥലങ്ങൾ നൽകുക.
- മീൻപിടുത്ത സമുദായങ്ങളിലെയും മറ്റു തീരദേശ സമുദായങ്ങളിലെയും സ്ത്രീകളെ കടൽ പായൽ കൃഷി നടത്തുവാൻ പ്രോത്സാഹിപ്പിക്കുക.
- ചെറുകിട-ഇടത്തരം കടൽ പായൽ സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങുവാൻ സഹായം നൽകുക.
- വില്പനയ്ക്കുള്ള സഹായങ്ങൾ നൽകുക

### 6.3.5 അലങ്കാര മത്സ്യ കൃഷി

അന്താരാഷ്ട്ര മത്സ്യ വാണിജ്യത്തിൽ താരതമ്യേന ചെറുതെങ്കിൽ കൂടി പ്രാധാന്യം നേടി വരുന്ന ഒന്നാണ് അലങ്കാര മത്സ്യങ്ങൾ. അക്വേറിയം പരിപാലിക്കുക എന്നത് വളരെ ജനപ്രിയമായ ഒരു വിനോദമാണ്, കൂടാതെ അലങ്കാര മത്സ്യങ്ങളുടെ ആഗോള വ്യാപാരം പ്രതിവർഷം 18-20 ബില്യൺ യുഎസ് ഡോളറായി കണക്കാക്കപ്പെടുന്നു. വൈവിധ്യമാർന്ന ജൈവ വിഭവങ്ങൾ കാരണം ഇന്ത്യയ്ക്ക് വാണിജ്യപരമായി പ്രാധാന്യമുള്ള അലങ്കാര മത്സ്യ വിഭവങ്ങൾ ഉണ്ട്. അലങ്കാര മത്സ്യബന്ധനത്തിന് അനുയോജ്യമായ 374 ശുദ്ധജല ഇനങ്ങളും മുന്നൂറിലധികം സമുദ്ര ജീവികളും ഇവിടെയുണ്ട്.

നമ്മുടെ ആഭ്യന്തര അലങ്കാര മത്സ്യ വിപണിയുടെ മൂല്യം 500 കോടി രൂപ ആയി കണക്കാക്കപ്പെടുന്നു. പശ്ചിമ ബംഗാൾ , തമിൾനാട്, മഹാറാഷ്ട്ര, , വടക്കൻ സംസ്ഥാനങ്ങൾ, ദ്വീപ് സമൂഹങ്ങൾ എന്നിവടങ്ങിലെ ചില സ്ഥലങ്ങളിൽ ആയി ഈ സംരംഭം കേന്ദ്രീകരിച്ചിരിക്കുന്നു. അലങ്കാര മത്സ്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ പുതിയ സംരംഭങ്ങൾ

സ്ഥാപിക്കൽ, മൂല്യ ശൃംഖലവികസിപ്പിക്കൽ, ആവാസ വ്യവസ്ഥയുടെ സംരക്ഷണം എന്നിവ നടപ്പിൽ ആക്കും. അക്വേറിയം പരിപാലിക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ച് ഉപഭോക്തൃ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും പൊതു സ്ഥാപനങ്ങളിൽ അക്വേറിയ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഈ സംരംഭത്തിൽ സ്ത്രീകൾക്കും ചെറുപ്പക്കാർക്കും വേണ്ട പരിഗണന നൽകും.

നിലവിൽ, അലങ്കാര ഇനങ്ങളിൽ 85 ശതമാനവും കടലിൽ നിന്നാണ് വിളവെടുക്കുന്നത്. പ്രധാനമായും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മലയോര പ്രദേശങ്ങളിൽ നിന്നോ അല്ലെങ്കിൽ തീരപ്രദേശങ്ങളിലെയും രണ്ട് ദ്വീപ് പ്രദേശങ്ങളിലെയും പ്രധാന പവിഴ ആവാസ വ്യവസ്ഥകളിൽ നിന്നുമാണ് അലങ്കാര മത്സ്യങ്ങളെ വിളവെടുക്കുന്നത്. ഈ അലങ്കാര ഇനങ്ങൾ ഉയർന്ന വില നൽകുന്നവ ആയതിനാൽ, അവയുടെ വിളവെടുപ്പിനുള്ള സമ്മർദ്ദം ഗണ്യമായതും വർദ്ധിക്കുന്നതുമാണ്. നയപരമായ ഇടപെടലുകൾ അത്തരം വിഭവങ്ങൾ മികച്ച രീതിയിൽ വിളവെടുക്കുന്നുവെന്ന് ഉറപ്പാക്കുകയും അലങ്കാര മത്സ്യങ്ങളുടെ ജേംപ്ലാസത്തിന്റെ (ജനിതകദ്രവ്യത്തിന്റെ) സുസ്ഥിരത ഉറപ്പാക്കാൻ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- അലങ്കാര മത്സ്യങ്ങളുടെ മൂല്യ ശ്രുംഖല സൃഷ്ട്ടിക്കൽ
- വിദേശത്ത് നിന്നും വിത്ത് മീനുകൾ ഇറക്കുമതി ചെയ്യൽ
- ലാർവകളുടെ പ്രജനനത്തിനും വിതരണത്തിനും വാണിജ്യാടിസ്ഥാനത്തിലുള്ള കൊടുക്കൽ - തിരികെ വാങ്ങൽ ക്രമീകരണങ്ങളോടുകൂടിയ പ്രവർത്തനത്തെയും ഓപ്പറേറ്റർമാരെയും പ്രോത്സാഹിപ്പിക്കുക.
- വീടുകളിലും തൊഴിൽ ഇടങ്ങളിലും അക്വേറിയങ്ങൾ സ്ഥാപിക്കൽ
- ചെറുകിട-ഇടത്തരം അലങ്കാര മത്സ്യ സംരംഭങ്ങൾ തുടങ്ങുന്നതിനായി സ്ത്രീകളുടെയും ചെറുപ്പക്കാരുടെയും ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ
- ചെറുകിട-ഇടത്തരം അലങ്കാര മത്സ്യ സംരംഭങ്ങൾക്ക് പ്രോത്സാഹനം.

### 6.3.6 ഉൾനാടൻ ലവണപ്രദേശങ്ങൾ മത്സ്യ കൃഷിക്ക് ഉപയുക്തമാക്കൽ

ഉപ്പിന്റെ അംശം കൂടുതലുള്ള പ്രദേശങ്ങൾ 6.73 ദശലക്ഷം ഹെക്ടർ ഉള്ളതായി കണക്കാക്കുന്നു. ഇത് ഗുജറാത്ത് (2.23 ദശലക്ഷം ഹെക്ടർ), ഉത്തർപ്രദേശ് (1.37 ദശലക്ഷം ഹെക്ടർ ), മഹാര്ഷ്ട്ര (0.61 ദശലക്ഷം ഹെക്ടർ ), പശ്ചിമ ബംഗാൾ (0.44 ദശലക്ഷം ഹെക്ടർ), രാജസ്ഥാൻ (0.38 ദശലക്ഷം ഹെക്ടർ) എന്നിങ്ങനെ വ്യാപിച്ചു കിടക്കുന്നു. ഇത്തരം പ്രദേശങ്ങൾ പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലും കാണാം. അശാസ്ത്രീയമായ കനാൽ ജലസേചനം ആണ് ലവണവൽക്കരണത്തിന്റെ പ്രധാന കാരണം . ഉപ്പിന്റെ അംശം വർദ്ധിക്കുമ്പോൾ കൃഷി മാത്രമല്ല, നിർമ്മാണ പ്രവർത്തനവും

ഇത്തരം മണ്ണിൽ അസാദ്ധ്യമാകുന്നു. എന്നാൽ, ഇത്തരം മണ്ണിൽ മത്സ്യ കൃഷി സാധ്യമാക്കുന്ന സാങ്കേതിക വിദ്യകൾ ഇന്ന് ലഭ്യമാണ്. ഹരിയാന, പഞ്ചാബ്, ഉത്തർ പ്രദേശ് സംസ്ഥാനങ്ങളിൽ ഈ രീതി ഉപയോഗിച്ച് കാര ചെമ്മീൻ, വെന്നാമി എന്നിവ വിജയകരമായി കൃഷി ചെയ്തു വരുന്നു. ഇത്തരം പ്രദേശങ്ങളിൽ ബദൽ ഭൂവിനിയോഗ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ , തീരദേശ ചെമ്മീൻ കൃഷിയെ അപേക്ഷിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഇവിടെ കുറവാണ്. എന്നിരുന്നാലും, മത്സ്യകൃഷിയിൽ നിന്ന് മലിനജലം പുറന്തള്ളുന്നത് ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാകാതിരിക്കാൻ ഉചിതമായ പരിഗണന ആവശ്യമാണ്.

പ്രധാനമായി ഈ നയം മത്സ്യകൃഷിക്കു സാധ്യതയുള്ള പ്രദേശങ്ങളെ തിരിച്ചറിയുന്നതിനും മത്സ്യകൃഷിക്കായി അവ അനുവദിക്കുന്നതിനും ലക്ഷ്യമിടുന്നു; ആവശ്യമുള്ളിടത്തെ ഭൂഗർഭജലത്തിന്റെ സുസ്ഥിര ഉപയോഗം ഉൾപ്പെടെ കർഷകർക്ക് മികച്ച സാങ്കേതികവിദ്യകൾ നൽകുക; വിപുലീകരണ പിന്തുണയും സഹായഹസ്തവും; നഷ്ടസാധ്യത കുറയ്ക്കുന്നതിന് മത്സ്യ ഇനങ്ങളായ മോത, കണമ്പ് എന്നിവ നൽകുക; മത്സ്യ കൃഷിയിൽ നിന്ന് മലിനജലം സംസ്കരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള മികച്ച സംവിധാനങ്ങൾ; പസഫിക് വൈറ്റ്ലെഗ് ചെമ്മീൻ, കണമ്പ്, തുടങ്ങിയ ഇനങ്ങളുടെ വിത്തും തീറ്റയും വിതരണം ചെയ്യുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും തുടർന്നുള്ള സഹായത്തിനും മൂല്യ ശൃംഖല ബന്ധങ്ങൾ സ്ഥാപിക്കുക. ഉപ്പുവെള്ളത്തിൽ കൃഷിചെയ്യാൻ അനുയോജ്യമായ വലിയ പ്രദേശങ്ങൾ ലഭ്യമാകുന്നിടത്ത് സ്വകാര്യ പങ്കാളിത്തത്തോടെ പ്രത്യേക മത്സ്യകൃഷി മേഖലകളുടെ വികസനവും ഈ നയത്തിൽ പരിഗണിക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- മത്സ്യ കൃഷി സാധ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി, കൃഷിക്ക് വേണ്ട സഹായ നടപടികൾ കൈക്കൊള്ളുക
- ചെമ്മീൻ കൃഷിയ്ക്കുള്ള വിത്ത്, തീറ്റ എന്നിവ ലഭ്യമാക്കൽ
- കൃഷിക്കാരുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും ഉൽ പ്പന്നത്തിന്റെ വിപണനത്തിനും സഹായിക്കുന്നു.

### 6.3.7 മത്സ്യ കൃഷിയിലെ ആരോഗ്യ പരിപാലനവും ജൈവ സുരക്ഷയും

എഴുപതുകളുടെ അവസാനത്തോടെ ശാസ്ത്രീയ മത്സ്യ കൃഷി പ്രചാരത്തിൽ വന്നതോടെ ഉൽപ്പാദനത്തിൽ വൻ കുതിപ്പാണ് ഉണ്ടായത്. എന്നാൽ വിവിധ തരം രോഗ ബാധകൾ ( വൈറ്റ് സ്പോട്ട്, അൾസറേറ്റീവ് സിണ്ട്രം ) ക്രമേണ കൃഷിയെ പ്രതികൂലമായി ബാധിച്ചു. വരും വർഷങ്ങളിൽ മത്സ്യകൃഷി വളരെയധികം വളർച്ച കൈവരിക്കാനും ജനസംഖ്യയുടെ ഭക്ഷണ, പോഷക ആവശ്യങ്ങൾ നിറവേറ്റാനും വലിയ പങ്കുവഹിക്കും എന്നതിനാൽ ആരോഗ്യ പരിപാലനം ഉൾപ്പെടെ മത്സ്യക്കൃഷിയുടെ എല്ലാ വശങ്ങളും വേണ്ടത്ര ശ്രദ്ധിക്കേണ്ടതുണ്ട്. അടുത്ത കാലത്തായി, തീവ്ര കൃഷി രീതികൾ, വേണ്ടത്ര കരുതല് ഇല്ലാതെ വിദേശ ഇനങ്ങൾ കൊണ്ടുവന്നത് , ശാസ്ത്രീയ വൈദഗ് ധ്യത്തിന്റെ കുറവ്, തുടങ്ങിയയാണ് ഡബ്ല്യുഎസ്എസ്വി (വൈറ്റ് സ്പോട് )

പോലുള്ള പല പകർച്ചവ്യാധികൾക്കും പ്രധാന കാരണം. കൂടാതെ, അപര്യാപ്തമായ ശാസ്ത്രീയ അറിവും, അത്തരം ആകസ്മികത കൈകാര്യം ചെയ്യാനുള്ള കഴിവില്ലായ്മയും ആണ് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയത്.

ജലജീവികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിരവധി പരിഹാര നടപടികളും പെരുമാറ്റച്ചട്ടങ്ങളും അടുത്ത കാലത്തായി വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും, മികച്ച കാർഷിക പരിപാലന രീതികൾ, ഫാം മാനേജർമാരുടെയും തൊഴിലാളികളുടെയും മെച്ചപ്പെട്ട രീതിയിൽ ഉള്ള കഴിവുകൾ എന്നിവ ഉൾക്കൊള്ളുന്ന കൂടുതൽ സമഗ്രമായ ശ്രമങ്ങൾ, ഒരു ദേശീയ ജല മൃഗ ആരോഗ്യ നിരീക്ഷണവും റിപ്പോർട്ടിംഗും മെക്കാനിസം, രോഗം തടയൽ, രോഗ നിയന്ത്രണ തയ്യാറെടുപ്പ്, ജല മൃഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനുള്ള മുൻഗണനാ ഗവേഷണ ആവശ്യകതകൾ, രോഗനിർണയ-രോഗ നിയന്ത്രണ നടപടികൾ, ശുചിത്വവശങ്ങൾ (സാനിറ്ററി, ഫൈറ്റോ-സാനിറ്ററി വശങ്ങൾ), ഇറക്കുമതിയിൽ വരാനിടയുള്ള നഷ്ടങ്ങളുടെ മൂല്യനിർണയം (റിസ്ക് അസസ്മെന്റ്) തീരുമാനമെടുക്കുന്നതിൽ കൈക്കൊള്ളേണ്ട മെച്ചപ്പെട്ട ശേഷി, ഏറ്റവും ഒടുവിലായി ഫലപ്രദമായ സാമൂഹിക പരസ്പര ബന്ധിത ശൃംഖലകളുടെ ആവശ്യകത എന്നിവയാണ് സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമുള്ള വസ്തുതകൾ. കൂടുതൽ ഏകോപനത്തോടെ ഉള്ള ഇടപെടലുകൾ ഈ രംഗത്ത് ആവശ്യമാണ്.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- അപകട സാധ്യതകൾ അപഗ്രഥിച്ചു, അപായ സൂചനകൾ കാലേകൂട്ടി നൽകുവാനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക
- ദേശീയ, സംസ്ഥാന രോഗ നിയന്ത്രണ ശേഷി ശക്തിപ്പെടുത്തുക.
- ജലജീവികളുടെ ആരോഗ്യ പരിപാലനത്തിനായി മികച്ച രീതികൾ പ്രോത്സാഹിപ്പിക്കുക.
- ക്വാറന്റിൻ സംവിധാനങ്ങൾ (പൊതു മേഖലയിൽ), പരിശോധനാ കേന്ദ്രങ്ങൾ (പൊതു-സ്വകാര്യ മേഖലകളിൽ) എന്നിവ സ്ഥാപിക്കുക
- മത്സ്യ കൃഷി യിലെ ആരോഗ്യ പരിപാലനത്തിനുള്ള ഗവേഷണം ശക്തിപ്പെടുത്തുക
- അന്താരാഷ്ട്ര കൈമാറ്റത്തിലെ അപകട സാധ്യതകൾ കുറയ്ക്കുന്നതിന് മേഖലാതല സഹകരണം
- മാനവ ശേഷി വികസനം
- മത്സ്യ രോഗ മേൽനോട്ടത്തിനു ദേശീയ തലത്തിൽ , ഐ സി എ ആർ ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങൾ, ഫിഷറീസ് കോളേജുകൾ /സർവകലാശാലകൾ, ഡിപ്പാർട്ട്മെന്റ്കൾ എന്നിവ സംയോജിച്ചുള്ള പ്രവർത്തനം ശക്തിപ്പെടുത്തൽ
- ഏകോപനത്തിനും, വിവര വ്യാപനത്തിനും വേണ്ട സംവിധാനങ്ങൾ

## 6.4 പശ്ചാത്തല ഭൗതിക സൗകര്യങ്ങൾ

അറുപതുകളുടെ മദ്ധ്യം മുതൽ ചെറുതും വലുതുമായ അനേകം മത്സ്യ തുറമുഖങ്ങളും തുറകളും ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ യാനങ്ങളുടെ എണ്ണം വർധിച്ചതിനാൽ ഈ സൗകര്യങ്ങൾ അപര്യാപ്തമാണ്.

മൊത്തം യാനങ്ങളുടെ 25-30 ശതമാനത്തിനു മാത്രമെ ഇപ്പോൾ ഉള്ള സൗകര്യങ്ങൾ തികയൂ. തിക്കും തിരക്കും വർധിച്ചതിനാൽ മീൻ ഇറക്കുവാൻ മാത്രമല്ല അടുത്ത മത്സ്യ ബന്ധനത്തിന് തയ്യാർ എടുക്കുവാനും കാല താമസം ഉണ്ടാകുന്നു. മാത്രവുമല്ല, പൊതുശുതിത്വ സംവിധാനങ്ങളും അപര്യ്യാപ്തമായി. പിടിച്ചുകൊണ്ടുവരുന്ന മീൻ പാഴായി പോകുന്നതിനു ഈ അപര്യാപ്തതകൾ കാരണം ആകുന്നു.

ഇതുവരെ സ്ഥാപിക്കപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ പൊതുവെയും അവയുടെ ആധുനിക വൽക്കരണത്തിനും ഈ നയം ഊന്നൽ നൽകും. പിടിച്ചു കൊണ്ട് വരുന്ന മീൻ, യാനങ്ങളിൽ ഇരുന്നു ചീത്തയാകുന്നത് തടയുവാൻ നടപടികൾ എടുക്കും. മത്സ്യ മേഖലയിലെ മൊത്തം പശ്ചാത്തല സൗകര്യങ്ങൾ കണക്കിൽ എടുത്തു ഒരു മാസ്റ്റർ പ്ലാൻ തയാർ ആക്കി പുതിയ സൗകര്യങ്ങൾ ആവശ്യാനുസരണം നിർമ്മിക്കും. മീൻ തരം തിരിക്കൽ, വൃത്തിയാക്കൽ, ലേലം ചെയ്യൽ, പാക് ചെയ്യൽ, തുടങ്ങിയ സൗകര്യങ്ങളും ശുദ്ധ ജലം , ഗുണമേന്മയുള്ള ഐസ് എന്നിവയും പശ്ചാത്തല സൗകര്യ വികസനത്തിൽ ഇവിടെ ഉറപ്പുവരുത്തും. പശ്ചാത്തല സൗകര്യ നിർമാണ വികസനത്തിനു വേണ്ട മുതൽ മുടക്കിലും ദൈനം ദിന നടത്തിപ്പിലും പൊതുമേഖല, സ്വകാര്യ മേഖല, പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തം എന്നിവ പരിഗണിക്കും.

മത്സ്യ മൂല്യ ശൃംഖലയുടെ ബന്ധങ്ങൾ കൂടിച്ചേരുന്ന നാഡീ കേന്ദ്രമാണ് തുറമുഖങ്ങളും തുറകളും എന്നതിനാൽ, ഒരു ദേശീയ ഫിഷിംഗ് ഹാർബർ അതോറിറ്റി സ്ഥാപിക്കുന്നതിനുള്ള സർക്കാരിന്റെ ശ്രമമാണിത്. മാസ്റ്റർപ്ലാനിന്റെ മേൽനോട്ടത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനു മേൽനോട്ടം വഹിക്കാനും കേന്ദ്രസർക്കാരിലെയും തീരദേശ സംസ്ഥാനങ്ങളിലെയും / കേന്ദ്രഭരണ പ്രദേശങ്ങളുടെയും ബന്ധപ്പെട്ട മന്ത്രാലയങ്ങൾ / വകുപ്പ് ഉൾപ്പെടുന്ന കമ്മിറ്റി ഇടക്കാലത്ത് സ്ഥാപിക്കും

തുറകളും തുറമുഖങ്ങളും ഇല്ലാത്ത മീൻ ഇറക്കു സ്ഥലങ്ങളുടെ (ബീച്ച് ലാണ്ടിംഗ് സെന്ററുകൾ) വികസനവും ആവശ്യകതകളും നയം പരിശോധിക്കും. 3400 ഓളം മത്സ്യ ഗ്രാമങ്ങൾ ഉള്ളതിൽ 90 ശതമാനത്തിൽ അധികവും തീരത്ത് നിന്നും നേരിട്ട് കടലിൽ ഇറക്കുന്ന പരമ്പരാഗത, മോട്ടോർ യാനങ്ങൾ ആണ് പ്രധാനമായും ഉപയോഗിക്കുന്നത്. മിക്ക സ്ഥലങ്ങളിലും യാനങ്ങൾ അടുപ്പിക്കുവാനോ, വല, എഞ്ചിൻ കേടുപാടുകൾ തീർക്കുവാനോ ഉള്ള സൗകര്യങ്ങൾ ഇല്ല. ഇത്തരം ബീച്ച് ലാണ്ടിംഗ് സ്ഥലങ്ങളുടെ സർവ്വേ നടത്തി ആവശ്യമായ വികസന സൗകര്യങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകും.

ഉൾനാടൻ മത്സ്യ മേഖലയിൽ ഇതുപോലെയുള്ള പശ്ചാത്തല സൗകര്യങ്ങൾ നദികൾ, റിസർവോയറുകൾ എന്നിവ ആസ്ഥാനമാകിയുള്ള പ്രധാന സ്ഥലങ്ങളിൽ ആവശ്യമാണ്. പ്രത്യേകിച്ചും, ദൂരസ്ഥലങ്ങൾ ലക്ഷ്യമാക്കി മീൻ കയറ്റിവിടുന്ന സാഹചര്യങ്ങളിൽഇക്കാര്യത്തിൽ, വിളവെടുപ്പ് ശരിയായ അവസ്ഥയിലും കുറഞ്ഞ സമയപരിധിയോടെയും ലക്ഷ്യസ്ഥാനത്ത് എത്താൻ അനുവദിക്കുന്ന ഗതാഗത സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും മതിയായ പിന്തുണ നൽകും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- എല്ലാ സൗകര്യങ്ങളും ഉള്ള മീൻ തുറമുഖങ്ങൾ , മീൻ തുറകൾ എന്നിവ ആവശ്യാനുസരണം നിർമ്മിക്കൽ
- ഇപ്പോൾ ഉള്ള പശ്ചാത്തല സംവിധാനം ആധുനിക വല്ക്കരിക്കൽ
- മീൻ ഇറക്കുവാനും, കമ്പോളത്തിൽ യഥാസമയം എത്തിക്കുവാനും ഉള്ള സൗകര്യങ്ങൾ റിസർവോയറുകളിൽ നിർമ്മിക്കൽ
- ഒരു ദേശീയ ഫിഷിംഗ് ഹാർബർ അതോറിറ്റി സ്ഥാപിക്കുക
- മാസ്റ്റർപ്ലാനിന്റെ മേൽനോട്ടത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനു മേൽനോട്ടം വഹിക്കാനും കേന്ദ്രസർക്കാരിലെയും തീരദേശ സംസ്ഥാനങ്ങളിലെയും / കേന്ദ്രഭരണ പ്രദേശങ്ങളുടെയും ബന്ധപ്പെട്ട മന്ത്രാലയങ്ങൾ / വകുപ്പ് ഉൾപ്പെടുന്ന കമ്മിറ്റി സ്ഥാപിക്കുക

## 6.5 മത്സ്യ സംസ്കരണവും വാണിജ്യവും

ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ ഉത്പാദനം, മൂല്യവർധനം തുടങ്ങിയ എല്ലാ പ്രക്രിയകളിലും പങ്കെടുക്കുന്ന എല്ലാവരും ചേരുമ്പോൾ ഒരു ഭക്ഷ്യ മൂല്യശ്രുംഖല സൃഷ്ട്ടിക്കപ്പെടുന്നു. ഈ മൂല്യശ്രുംഖലയിലെ എല്ലാ തലങ്ങളും ലാഭകരമാവുകയും, നേട്ടം എല്ലാവർക്കും ലഭിക്കുകയും, പരിസ്ഥിതിയ്ക്ക് ദോഷം ഇല്ലാതെ ഇരിക്കുകയും ചെയ്യുമ്പോൾ ഒരു സുസ്ഥിര ഭക്ഷ്യ മൂല്യശ്രുംഖല ഉണ്ടാകുന്നു.

നിലവിൽ, സമുദ്ര-ഉൾനാടൻ മേഖലകളിലെ വിളവെടുപ്പിനു ശേഷമുള്ള (മത്സ്യ ബന്ധനത്തിന് ശേഷം) നഷ്ടം വളരെ വലുതാണ്. അത്തരം നഷ്ടം കുറയ്ക്കേണ്ട അടിയന്തിര ആവശ്യമുണ്ട്. അതിലൂടെ അധികവും സുരക്ഷിതവുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാണ്. ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന്, ഇനിപ്പറയുന്ന പ്രവർത്തനങ്ങളിൽ നയം ലക്ഷ്യമിടുന്നു.

### 6.5.1 വിതരണ ശൃംഖലയും മൂല്യ ശൃംഖലയും മെച്ചപ്പെടുത്തുന്നു

ഇന്ത്യയിലെ മത്സ്യബന്ധന മേഖലയിലെ മുഴുവൻ പ്രവർത്തനങ്ങളുടെയും ഏറ്റവും ദുർബലമായ കണ്ണിയാണ് വിതരണ ശൃംഖല. ഇത് ഉല്പ്പാദകർക്കും തദ്വാര ദേശീയ സാമ്പത്തിക മേഖലയ്ക്കും വലിയ നഷ്ടം ഉണ്ടാകുന്നു. 'ബോട്ട് ടു പ്ലേറ്റ്', 'ഫാം ടു ഫോർക്ക്' ("യാനത്തില് നിന്നും/മീന് പാടത്തുനിന്നും പാത്രത്തിലെയ്ക്ക്") എന്നിവ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നത് മത്സ്യ തൊഴിലാളികൾക്കും കൃഷിക്കാർക്കും സംസ്കരണം നടത്തുന്ന ആളുകൾക്കും ഒടുവിൽ ഉപഭോക്താക്കൾക്കും ധാരാളം നേട്ടങ്ങൾ നൽകും. എന്നാൽ ഈ ഒരു മേഖല തീർത്തും അവഗണിക്കപ്പെട്ടു കിടക്കുകയാണ്. വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനും ആളുകൾക്ക് സുരക്ഷിതമായ ഭക്ഷണം നൽകുന്നതിനും ശൃംഖലയിൽ പങ്കെടുക്കുന്നവരുടെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും ഈ മേഖല ഗണ്യമായി മെച്ചപ്പെടുത്തേണ്ടതുണ്ട്. വിതരണ ശൃംഖലയിലെ

മെച്ചപ്പെടുത്തലുകൾക്ക് ഇനിപ്പറയുന്ന പ്രധാന നയ സംരംഭങ്ങൾ ആവശ്യമാണ്.

**പാഴാക്കൽ പൂജ്യം നിലയിൽ എത്തിക്കുക**: ശാരീരികവും ഗുണപരവുമായ നഷ്ടം കണക്കിലെടുത്ത് മത്സ്യം പാഴാക്കുന്നത് കുറയ്ക്കുന്നതിന്, യനത്തിലെ മത്സ്യം കൈകാര്യം ചെയ്യുന്നതിലും സംഭരിക്കുന്നതിലും മെച്ചപ്പെടുത്തലുകൾ നടത്തുന്നതിനായി നയ സംരംഭങ്ങൾ ലക്ഷ്യമിടുന്നു. മൂല്യ ശൃംഖലയുടെ ആദ്യ ഘടകമായ ഡെക്കിൽ വച്ച് , മത്സ്യം ശരിയായി കൈകാര്യം ചെയ്യുകയും സൂക്ഷിക്കുകയും ചെയ്താൽ മലിനീകരണ സാധ്യത കുറയുന്നു. ശുദ്ധമായ ഐസ് ഉപയോഗിക്കുന്നതും അല്ലെങ്കിൽ ശീതീകരിച്ച കടൽ വെള്ളം / സ്ലറി ഐസ് സൗകര്യങ്ങൾ നൽകുന്നതും പരമപ്രധാനമാണ്, കൂടാതെ മത്സ്യബന്ധന യാനങ്ങൾക്ക് ശുദ്ധമായ ഐസും മറ്റ് തണുപ്പിക്കൽ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കപ്പെടും.

കരയ്ക്കെത്തിയതിനു ശേഷം, എത്രയും പെട്ടെന്ന് ഉപഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നതിനുള്ള ശീതീകരിക്കപ്പെട്ട വിതരണ സംവിധാനങ്ങൾ വിപുലമാക്കും. വിതരണ ശ്രുംഖലയിലെ ഇടനില ക്കാരുടെ എണ്ണം പരമാവധി കുറച്ചു കൊണ്ട് കൂടുതൽ ലാഭ വിഹിതം പ്രാഥമിക ഉത്പാദകരിൽ എത്തിക്കുവാൻ വേണ്ട നടപടികൾ പങ്കാളിത്ത സംവിധാനത്തിൽ നടപ്പിൽ വരുത്തേണ്ടത് ആവശ്യമാണ്. മൂല്യ ശൃംഖലയിൽ പ്രവർത്തകരുടെ പങ്കാളിത്തം സ്ഥാപിക്കുന്നത് ഉൽപ്പന്നങ്ങളുടെ മികച്ച മൂല്യങ്ങൾ തിരിച്ചറിയുന്നതിനുള്ള താക്കോലാണ്. മത്സ്യത്തൊഴിലാളികൾക്കും കൃഷിക്കാർക്കും മതിയായ നഷ്ടപരിഹാരം ഉറപ്പാക്കുകയും അവരുടെ ഉപജീവനമാർഗം സംരക്ഷിക്കുകയും ചെയ്യുന്ന ഉചിതമായ വരുമാന ഘടനകളും മൂല്യം സാക്ഷാത്കരിക്കുന്നതിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

സമുദ്ര മത്സ്യ ഉൽപ്പാദനത്തിൽ കാര്യമായ വർധന കാണാത്തതിനാലും, മത്സ്യം പാഴാക്കപ്പെടുന്ന പ്രവണതയിൽ കുറവ് വരാത്തതിനാലും വരും വർഷങ്ങളിൽ കയറ്റുമതിക്കായി അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഉണ്ടാകാം. ആഭ്യന്തര വിപണിയിൽ മൂല്യശൃംഖല മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നയപരമായ നടപടികളിൽ (കയറ്റുമതിക്കും) ഒരു നല്ല സംഘടിത വിതരണ ശൃംഖല സ്ഥാപിക്കുക, മീൻ തുറകളിലും ഹാർബറുകളിലും ശുദ്ധമായ വെള്ളം, ശുദ്ധമായ ഐസ്, ശരിയായ സംഭരണം എന്നിവ ലഭ്യമാക്കുക, വിതരണ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽ സൂക്ഷ്മാണുക്കൾ മൂലമുള്ള (മൈക്രോബയോളജിക്കൽ) അപകടങ്ങൾ ഉണ്ടെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഹസാർഡ് അനാലിസിസ് & ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്എസിസിപി) സംവിധാനം നടപ്പിലാക്കന്നതിനും നിയന്ത്രിക്കുന്നതിനും നയപരമായ നടപടികൾ സ്വീകരിക്കുക എന്നിവ ഈ നയം ലക്ഷ്യമിടുന്നു .

**മൂല്യവർദ്ധനവ്**: മത്സ്യം വെള്ളത്തിൽ നിന്ന് പുറത്തെടുത്താൽ (മത്സ്യ പിടിച്ചുകഴിഞ്ഞാൽ) ഉടൻ തന്നെ മൂല്യവർദ്ധനവ് ആരംഭിക്കാം. നേരത്തെ സൂചിപ്പിച്ചതുപോലെ യാനത്തിൽ വച്ചുള്ള ശരിയായ രീതിയിൽ ഉള്ള കൈകാര്യം ചെയ്യൽ മത്സ്യം പാഴാകുന്നത് കുറക്കുന്നു. യാനത്തിൽ വച്ചു തന്നെയുള്ള പ്രാഥമിക രീതിയിൽ ഉള്ള വൃത്തിയാക്കലും ആവശ്യത്തിന് ഐസ് ഉപയോഗിച്ച് മത്സ്യം പെട്ടികളിൽ സൂക്ഷിക്കുകയും ചെയ്യുന്നതെന്നു മത്സ്യത്തിന്റെ മൂല്യം വർദ്ധിപ്പിക്കും. തുറമുഖത്തോ തുറയിലോ എത്തിയ ശേഷം നന്നായി വൃത്തിയാക്കിയ മത്സ്യം വാകം പാക്കിംഗ് (വായു രഹിത കൂടുകളിലാക്കി) നടത്തി ചില്ലറ വിപണികളിലേക്ക് മാറ്റുന്നതിലൂടെ കൂടുതൽ മൂല്യവർദ്ധനവ് നടത്താം. കൂടുതൽ മൂല്യവർദ്ധനയിലേക്ക് നീങ്ങുമ്പോൾ, പോഷകമൂല്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ചേരുവകൾ ചേർക്കുന്നതിലൂടെയും സംഭരണ കാലാവധി വർദ്ധിപ്പിക്കുന്നതിലൂടെയും മത്സ്യ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന്റെ സൗകര്യം മനസ്സിലാക്കുന്നതിലൂടെയും മത്സ്യത്തിന്റെ മൂല്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും. ഇവക്കുപുറമെ ഭക്ഷ്യയേതര ഔഷധ - സൗന്ദര്യ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും ധാരാളം സാധ്യതയുണ്ട്.

**മൂല്യ സൃഷ്ടി**: മീൻപിടുത്തവും മത്സ്യ ഉൽപ്പാദനവും അതിന്റെ പാരിസ്ഥിതികവും സാമൂഹ്യപരവും ആയ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ ഉത്തരവാദിത്തത്തോടെ നടത്തപ്പെടുന്നു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് /ലേബൽ നൽകപ്പെടുന്ന സംവിധാനങ്ങൾ വഴി ആഗോള തലത്തിൽ പുതിയ കമ്പോള സാധ്യതകൾ തുറന്നു തരുന്നു. സുസ്ഥിരത കൈവരിക്കുവാനും കൂടുതൽ വില ലഭിക്കുവാനും കമ്പോള പ്രവേശനം നിലനിർത്തുവാനോ സാധ്യമാക്കുവാനോ ഇത് സഹായിക്കും. ഫലപ്രദമായ എം സി എസും ഒരു 'ബ്ലോക്ക് ചെയിൻ' സമീപനവും ഈ മേഖലയുടെ സുതാര്യത വർദ്ധിപ്പിച്ച് മുഴുവൻ മത്സ്യ വിതരണ ശൃംഖലയും കണ്ടെത്തി രേഖപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ നൽകുകയും പൊതുജനങ്ങളെയും വ്യവസായത്തെയും ഉപഭോക്താക്കളെയും മത്സ്യ സഞ്ചയ സുസ്ഥിരത, ഭക്ഷ്യ സുരക്ഷ തുടങ്ങിയ വസ്തുതകള് ബോധ്യപ്പെടുത്തുകയും ചെയ്യും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- മത്സ്യ വിതരണ ശൃംഖല മെച്ചപ്പെടുത്തി പാഴാക്കൽ പൂർണ്ണമായി നിർത്തലാക്കുക
- മൂല്യ ശൃംഖലയിൽ പങ്കെടുക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും മൂല്യവർദ്ധനയ്ക്കും മൂല്യനിർമ്മാണത്തിനും അവരുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.
- ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പൂർണ്ണ ഇടപെടലുകലോടുകൂടി തിരഞ്ഞെടുത്ത മത്സ്യബന്ധനത്തിന്റെ ഇക്കോ ലേബലിംഗ് പ്രോത്സാഹിപ്പിക്കുക.

### 6.5.2 ആഭ്യന്തര വിപണിയുടെ വികസനം

കയറ്റുമതി ലക്ഷ്യമാക്കിയുള്ള മത്സ്യ സംസ്കരണ രംഗം ആധുനികവൽകരിക്കപ്പെട്ടതാണ് എങ്കിലും ആഭ്യന്തര വിപണിയുടെ കാര്യത്തിൽ ഈ രംഗത്ത് ഇനിയും മുന്നേറാൻ ഉണ്ട്. മീൻ തുറകളിലും നമ്മുടെ കമ്പോളങ്ങളിലും മത്സ്യ വിപണനം നടക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ ശുചിത്വ കാര്യത്തിൽ കൊടുക്കുന്നില്ല എന്നത് ആശാസ്യമല്ല. മീൻ തുറകളും, തുറമുഖങ്ങളും നവീകരിക്കുന്നതിൽ, കേന്ദ്ര സർക്കാരിന്റെ ധനസഹായം ഉണ്ടെങ്കിലും വേണ്ടത്ര പുരോഗതി വന്നിട്ടില്ല. ആഭ്യന്തര വിപണിയിൽ വളർച്ച , ബംഗ്ലാദേശ്, തായ് ലാൻഡ് , ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളെ അപേക്ഷിച്ച്, കുറയുവാൻ ഇതൊരു പ്രധാന കാരണമാണ്. നിർഭാഗ്യവശാൽ, ശുചിത്വമില്ലാത്ത രീതിയിൽ കൈകാര്യം ചെയ്യുന്ന മത്സ്യം വാങ്ങുന്നതിന് ഉപഭോക്തൃ പ്രതിരോധം ഭാരതത്തിൽ കുറവാണ്.

മത്സ്യത്തിനു ആരോഗ്യ - പോഷകഗുണങ്ങൾ വളരെയധികം ഉണ്ടായിരുന്നിട്ടും രാജ്യത്ത് മത്സ്യ ഉപഭോഗം മന്ദഗതിയിലായിരുന്നു. ആഭ്യന്തര വിപണി യുടെ വളർച്ചയുടെ പ്രാധാന്യം, പ്രത്യേകിച്ചും കോവിട് മഹാമാരി മൂലം കയറ്റുമതി കുറഞ്ഞ ഇക്കാലത്ത്, അടിവരയിട്ടു മനസ്സിലാക്കേണ്ട ഒന്നാണ്. ഇതുമൂലം കയറ്റുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ കഴിയും. ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനുപുറമെ, ആഭ്യന്തര വിതരണ ശൃംഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചില്ലറ ശൃംഖലകൾക്ക് മത്സ്യങ്ങളെ അവരുടെ ഉൽപ്പന്ന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യും. ആഹാരത്തിന്റെ ഭാഗമായി മീൻ ഉപയോഗിക്കുന്ന സ്ഥലങ്ങളിലെ സ്കൂളുകളിൽ നടപ്പാക്കപ്പെടുന്ന സൗജന്യ ഉച്ച ഭക്ഷണത്തിൽ, മീൻ ഉൾപ്പെടുത്തുന്നത് പരിഗണിക്കും. ചരക്കു പര്യവഹനത്തിൽ (റോഡ്, റെയിൽ) കാർഷിക ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന സൗജന്യങ്ങൾ മത്സ്യ ഉൽപ്പന്നങ്ങൾക്കും ലഭ്യമാക്കും.

അതുപോലെ, മീൻപിടുത്തക്കാരുമായി നേരിട്ട് ഒരു ബന്ധം സ്ഥാപിക്കുന്നതും അടിസ്ഥാന മൂല്യവർദ്ധനവിനോടൊപ്പം ഉൽപ്പന്നങ്ങൾ റെസ്റ്റോറന്റുകളിലേക്കോ മറ്റ് ഹോട്ടലുകളിലേക്കോ നേരിട്ട് വിപണനം ചെയ്യുന്ന ചെറിയ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേക്കും ഈ നയം ലക്ഷ്യമിടുന്നു. മത്സ്യ സംസ്കരണ രംഗത്ത് ചെറുകിട സംരംഭകരെ , പ്രത്യേകിച്ചും സ്ത്രീകൾ ചേർന്നുള്ള കൂട്ടായ്മകളെ, പ്രോത്സാഹിപ്പിക്കും. അവസാനമായി, ഓൺലൈൻ മത്സ്യ വിപണനത്തിന്റെ വളർച്ച മൂലം ഇപ്പോൾ ധാരാളം ഉപയോക്താക്കൾക്ക് ലാഭകരമായി സംസ്കരിച്ച മത്സ്യം വിതരണം ചെയ്യുന്നതിന് ധാരാളം അവസരങ്ങൾ സൃഷ്ടിച്ചു. മൂല്യ ശൃംഖലയുടെ ഈ ചുരുക്കൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ലാഭകരമാണ്. കാരണം അവർക്ക് ഉപഭോക്താവിന്റെ രൂപയുടെ മേലുള്ള വിഹിതം ഇതുമൂലം വർദ്ധിക്കും. മത്സ്യത്തൊഴിലാളികളുമായുള്ള നേരിട്ടുള്ള ബന്ധം കാരണം മത്സ്യ സംസ്കരണം നടത്തുന്നവർക്ക് മികച്ച മൂല്യ ശൃംഖല ഉറപ്പാക്കാനും കഴിയും. കാലക്രമേണ,

മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ കഴിവുകൾ വികസിപ്പിക്കാൻ കഴിയുമെങ്കിൽ, അവർക്ക് കൂടുതൽ മുതൽമുടക്കുകൾ ഉപയോഗിച്ച് മികച്ച മൂല്യ ശൃംഖലകൾ സ്ഥാപിക്കാൻ കഴിയും. ഈ നയം അത്തരം സംരംഭങ്ങളെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- മത്സ്യ ഉപഭോഗം കൊണ്ടുള്ള ഗുണങ്ങളെ പറ്റി ബോധവൽക്കരണം നടത്തുക, മത്സ്യ ഉപഭോഗം വർദ്ധിപ്പിക്കുവാനുള്ള പുതിയ ഇടപെടലുകൾ
- മത്സ്യ ലഭ്യത സുഗമമാക്കുന്നതിന് വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുകഉൽപ്പന്ന വികസനവും ഓൺലൈൻ പോലെയുള്ള നവീന കമ്പോള രീതികളും പ്രോത്സാഹിപ്പിക്കുന്നു.
- ഇടനിലക്കാരുടെ പങ്ക് കുറയ്ക്കുന്നതിന് പ്രാദേശിക മൂല്യ ശൃംഖലകളെ പിന്തുണയ്ക്കുക.

### 6.5.3 വാണിജ്യവും ഭക്ഷ്യ സുരക്ഷയും പ്രോത്സാഹിപ്പിക്കുക

നമ്മുടെ മത്സ്യ വാണിജ്യം പ്രധാനമായും ആശ്രയിക്കുന്നത് ചെമ്മീനിനെ ആണ്. കയറ്റുമതിയുടെ അളവിൽ 40 ശതമാനവും മൂല്യത്തിൽ 68 ശതമാനവും സംഭാവന ചെയ്യുന്നത് ചെമ്മീൻ ആണ്. കഴിഞ്ഞ 24 വർഷങ്ങൾക്കുള്ളിൽ കയറ്റുമതി മൂല്യം 13 മടങ്ങും തൂക്കം 5 മടങ്ങും വർധിച്ചു എങ്കിലും നമ്മൾ കയറ്റുമതി ചെയ്യുന്ന സമുദ്ര വിഭവങ്ങൾ വലിയ മാറ്റം ഇല്ലാതെ തുടരുന്നു എന്നത് ആശങ്ക ഉളവാക്കുന്ന ഒരു കാര്യമാണ്. ദീർഘകാല വികസനത്തിന്, ഇന്ത്യയുടെ കയറ്റുമതി സാധ്യത വൈവിധ്യവത്കരിക്കേണ്ടത് പ്രധാനമാണ്, മത്സ്യ ബന്ധനത്തിന്റെയും മത്സ്യ കൃഷിയുടെയും സാധ്യതകൾ നമുക്ക് പൂർണ്ണമായി ഉപയോഗിക്കുവാനും മൂല്യ വർധിത വിഭവങ്ങൾ കൂടുതൽ കയറ്റുമതി ചെയ്യുവാനും നമുക്ക് സാധിക്കണം.

നേരത്തെ പറഞ്ഞ കാലയളവിൽ അമേരിക്കൻ കമ്പോളം പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിച്ചു എങ്കിലും യുറോപ്യൻ യൂണിയൻ സാധ്യതകൾ ഇനിയും നമുക്ക് വിജയിക്കുവാൻ കഴിയും. ചൈന, മിഡിൽ ഈസ്റ്റ്, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ പുതിയ വിപണികൾ തുറക്കുന്നതിലും ഇന്ത്യ വിജയിച്ചു. മത്സരാധിഷ്ഠിത വൈവിധ്യവത്കൃത മേഖലയിലൂടെ ഈ വിപണികളിൽ ഇന്ത്യയുടെ സ്ഥാനം കൂടുതൽ ഉറപ്പിക്കാൻ സഹായിക്കും. പലതരത്തിലുള്ള വാണിജ്യ പ്രതിരോധങ്ങൾ വർധിച്ചു വരികയാണ്. പ്രത്യേകിച്ചും അമേരിക്ക , ജപ്പാൻ, ഇ യു തുടങ്ങിയവ ഭക്ഷ്യ സുരക്ഷ, ജൈവ വൈവിധ്യ സുരക്ഷ എന്നീ കാര്യങ്ങളിൽ കൂടുതൽ നിബന്ധനകൾ (ഉദാ: കടൽ ആമ, സമുദ്ര സസ്തനികൾ) നിഷ്കർഷിക്കുന്നു. ഇത്തരം നിബന്ധനകൾ നമ്മുടെ വാണിജ്യ രംഗത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ വേണ്ട, ഉത്പന്ന സ്രോതസ്സ് നിർണ്ണയം (ട്രെസബിളിടി) ഉൾപ്പെടെയുള്ള, നടപടികൾ സ്വീകരിക്കും.

ഇന്ത്യയുടെ സാമ്പത്തിക പദവിയിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാൽ അന്താരാഷ്ട്ര വാണിജ്യത്തിൽ ഇതുവരെ ലഭിച്ചിരുന്ന ചുങ്ക ഇളവുകൾ/മുൻ ഗണനകൾ തുടർന്ന് ലഭിക്കുന്നത് സംശയമാണ്. അതിനാൽ അന്താരാഷ്ട്ര വാണിജ്യത്തിൽ നമ്മുടെ മത്സര ക്ഷമത നിലനിർത്തേണ്ടത് ആവശ്യമാണ്.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- കയറ്റുമതി വികസിപ്പിക്കുന്നതിനായി ഉത്പന്നങ്ങളിലും സമുദ്ര വിഭവങ്ങളിലും വൈവിധ്യവൽക്കരണവും, മൂല്യ വർധനവും
- പുതിയ അന്താരാഷ്ട്ര കമ്പോളങ്ങൾ കണ്ടെത്തുക, സമുദ്ര മത്സ്യ വിഭവങ്ങളിൽ "ബ്രാൻഡ് ഇന്ത്യ്" പ്രോത്സാഹിപ്പിക്കുക
- മീൻ തുറകളിലും ഹാർബറുകളിലും ശുതിത്വം അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെടുത്തുക
- വംശ നാശ ഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങൾക്ക് സംരക്ഷണം നൽകുക
- സ്രോതസ്സ് നിർണ്ണയ ശക്തി (ട്രേസ്ബിളിറ്റി ) വർധിപ്പിക്കുക

## 6.6 പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും

### 6.6.1 കാലാവസ്ഥാ വ്യതിയാനം

സമുദ്ര മത്സ്യ മേഖല അടുത്ത കാലത്തായി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കാലാവസ്ഥാ വ്യതിയാനമാണ്. ഇതിനെതിരെ സമയ ബന്ധിതമായ പൊരുത്തപ്പെടൽ - പ്രതിരോധ നടപടികൾ എടുക്കേണ്ടത് ആവശ്യമാണ്. സമുദ്ര മത്സ്യബന്ധനത്തിന് കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ഇന്ത്യൻ ഇ ഇ സെഡി ലും ചുറ്റുമുള്ള സമുദ്രങ്ങളിലും പ്രകടമാണ്. കാലാവസ്ഥാ വ്യതിയാനം സമുദ്രത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഇതിനകം നമ്മുടെ ഗവേഷണ സ്ഥാപനങ്ങൾ പഠന വിധേയം ആക്കിയിട്ടുണ്ട്. സമുദ്ര ജല താപനിലയിലും ലവണാംശത്തിലും വന്നിരിക്കുന്ന വ്യത്യാസം കടൽ ഭാഗങ്ങളിലെ മത്സ്യങ്ങളുടെ വിതരണം, ലഭ്യത, പ്രജനനം , തുടങ്ങിയ വിവിധ ഘടകങ്ങളെ ബാധിച്ചിരിക്കുന്നു. മത്സ്യ ലഭ്യതയിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള കേന്ദ്രീകൃത പഠനങ്ങളെ ഈ നയം പ്രോത്സാഹിപ്പിക്കും. അത്തരം കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യം മെച്ചപ്പെടുത്താനും മത്സ്യബന്ധന-കാർഷിക സമൂഹങ്ങൾക്ക് സമയബന്ധിതമായി അനുരൂപീകരണ സംവിധാനങ്ങൾ നൽകാനും അവരുടെ ഉപജീവനമാർഗത്തെ ഈ കാലാവസ്ഥാ വ്യതിയാനം ബാധിക്കാതിരിക്കാനും വേണ്ട നടപടികൾ സ്വീകരിക്കും. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്ത്യയുടെ അന്താരാഷ്ട്ര പ്രതിബദ്ധതയുടെ ഭാഗമായി, മത്സ്യബന്ധനം, മത്സ്യബന്ധന സംബന്ധിയായ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങൾ (ജിഎച്ച്ജി) കുറയ്ക്കുന്നതിലൂടെ ഹരിത മത്സ്യബന്ധനം എന്ന ആശയം പ്രോത്സാഹിപ്പിക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- മത്സ്യ ബന്ധനത്തിലും മത്സ്യ കൃഷിയിലും കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന ആഘാതങ്ങളെ പറ്റിയുള്ള പഠനങ്ങൾക്ക് സഹായം നൽകും
- മീൻ പിടുത്തക്കാരും മത്സ്യ കർഷകരും കാലാവസ്ഥ വ്യതിയാനം , മറ്റു പ്രകൃതി ദുരന്തങ്ങൾ എന്നിവയെ നേരിടുവാൻ പ്രാപ്തരാക്കുന്ന മുന്നൊരുക്ക ഇടപെടലുകൾ നടത്തും
- മത്സ്യ ബന്ധന യാനങ്ങൾ, മീൻ തുറകൾ, മത്സ്യ കൃഷിയിടങ്ങൾ എന്നിവയിൽ സൗരോർജം ഉപയോഗപ്പെടുത്തുവാനുള്ള സജ്ജീകരണങ്ങൾ പ്രോത്സാഹിപ്പിക്കും
- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുവാൻ ശക്തിയുള്ള തരം സാങ്കേതിക വിദ്യകൾ സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ വികസിപ്പിക്കും.

### 6.6.2 ആവാസവ്യവസ്ഥയുടെ ആരോഗ്യവും സമഗ്രതയും ഉറപ്പാക്കുന്നു

കടലിലും ഉൾനാടൻ ജലാശയങ്ങളിലും ഉള്ള ആവാസവ്യവസ്ഥയുടെ ആരോഗ്യം മലിനീകരണം മൂലം ക്ഷയിച്ചിരിക്കുന്നു. മത്സ്യ സമ്പത്തിന്റെ കുറവിന് ഇതും ഒരു കാരണമായേക്കാം. കരപ്രദേശങ്ങളിൽ നിന്നും മാളിന്യമുക്തമാക്കാതെ പുറന്തള്ളുന്ന ജലം, പ്ലാസ്റ്റിക് (പ്രത്യേകിച്ചും സൂക്ഷ്മ പ്ലാസ്റ്റിക്) ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ എന്നിവ വർധിച്ച തോതിൽ സമുദ്ര ജലത്തെയും ഉൾനാടൻ ജലത്തെയും മലിനപ്പെടുത്തി ജല ജീവികളുടെ മേൽ പ്രത്യാഘാതം സൃഷ്ടിച്ചിട്ടുണ്ട്. സൂക്ഷ്മ പ്ലാസ്റ്റിക്കുകൾ മത്സ്യത്തിലൂടെ മനുഷ്യരിൽ എത്തുന്നതായും പഠനങ്ങൾ കാണിക്കുന്നു.

കടലിൽ ഉപേക്ഷിക്കപ്പെടുന്ന വലകൾ വഴി സൂക്ഷ്മ പ്ലാസ്റ്റിക്കുകൾനിർഗമിക്കാൻ ഇടവരുന്നു. ഇത്തരം വലകളിൽ ആകസ്മികമായി കുടുങ്ങി മത്സ്യ ശോഷണവും ഉണ്ടാകും. കരയിലും കടലിലും ഉണ്ടാകുന്ന മലിനീകരണം കുറയ്ക്കുവാനും, ആവാസ വ്യവസ്ഥകൾ നിരീക്ഷിക്കുവാനും നടപടികൾ ഉണ്ടാകും. മത്സ്യ ബന്ധന യാനങ്ങൾ വഴിയും മത്സ്യ ബന്ധനം വഴിയും ഒരുതരത്തിലുള്ള മലിനീകരണവും ഉണ്ടാകുന്നില്ല എന്ന് മീൻ പിടുത്തക്കാർ ഉറപ്പുവരുത്തും.

ഉൾനാടൻ, സമുദ്ര മത്സ്യബന്ധനത്തെ ബാധിക്കുന്ന ആവാസവ്യവസ്ഥയുടെ തകർച്ച, മലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ ബാഹ്യ ഘടകങ്ങളെയും ഈ നയം പരിഗണിക്കും. മെച്ചപ്പെട്ട ക്രമീകരണങ്ങൾ വഴി മത്സ്യ സ്റ്റോക്കുകളുടെ ഇടിവ് നികത്താൻ കഴിയും. ഇത് മത്സ്യ ജൈവവസ്തുക്കളുടെയും വിളവിന്റെയും വർദ്ധനവിനും ഉൾനാടൻ, സമുദ്ര മത്സ്യബന്ധനത്തിന് ലഭിക്കുന്ന വാർഷിക സാമ്പത്തിക അറ്റ നേട്ടങ്ങളുടെ വർദ്ധനവിനും ആത്യന്തികമായി മത്സ്യത്തൊഴിലാളികൾക്കും മറ്റ് പങ്കാളികൾക്കും സാമ്പത്തിക വരുമാനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കും. ഫിഷറീസ് മാനെജ്മെന്റിലെ പുതിയ സങ്കേതങ്ങൾ , സാങ്കേതിക വിദ്യകൾ എന്നിവ പ്രോത്സാഹിപ്പിക്കും.

തീര ദേശത്തെ പശ്ചാത്തല ഭൗതിക സൗകര്യങ്ങൾ, മീൻ തുറകൾ, ഹാർബർ എന്നിവയുടെ വികസനം ഇവയെല്ലാം തീരപ്രദേശങ്ങളിൽ മണ്ണൊലിപ്പിനും, തീരം വെയ്ക്കല് തുടങ്ങിയ പ്രശ്നങ്ങള്ക്കും കാരണമാകുന്നു. ഇത് തീരപ്രദേശത്തെയും പരിസ്ഥിതിയെയും ആത്യന്തികമായി മത്സ്യബന്ധനത്തെയും ബാധിച്ചേക്കാം. തീരദേശത്തെ അടിസ്ഥാന സൗകര്യവികസനം പരിഗണിക്കുമ്പോൾ ഈ വശങ്ങൾ പരിഹരിക്കുന്നതിന് മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സർക്കാർ പരിഗണിക്കും.

തീരക്കടൽ പ്രദേശങ്ങളിൽ മത്സ്യ ആവാസ വ്യവസ്ഥയുടെ ആരോഗ്യം പ്രധാനമായും ആശ്രയിക്കുന്നത് നദികൾ ഇങ്ങോട്ട് ഒഴുക്കി കൊണ്ടുവരുന്ന ശുദ്ധജലത്തെയും പോഷക പദാർത്ഥങ്ങളെയും ആകുന്നു. എന്നിരുന്നാലും, ഈ ജലാശയങ്ങൾ നരവംശപരമായ സമ്മർദ്ദങ്ങൾക്ക് വിധേയമാണ്, അതിന്റെ ഫലമായി പാരിസ്ഥിതിക ഗുണനിലവാരം കുറയുകയും ശുദ്ധജലപ്രവാഹം കുറയുകയും ചെയ്യുന്നു. നദീ മുഖത്തും തീരക്കടലിലും ജീവിത ചക്രത്തിലെ പ്രധാന ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന ചെമ്മീൻ തുടങ്ങിയ ജന്തുക്കളെ ഇത് പ്രതികൂലമായി ബാധിക്കുന്നു. കര പ്രദേശവും കടൽ പ്രദേശവും സമഗ്രതയോടെ വീക്ഷിക്കുന്ന നയ നടപടികൾ വഴി തീരദേശ ആവാസ വ്യവസ്ഥയുടെ ആരോഗ്യം സംരക്ഷിക്കും.

നദികളിൽ കെട്ടുന്ന തടയണകൾ, അണക്കെട്ടുകൾ എന്നിവ ദേശാന്തരഗമനം നടത്തുന്ന ഉൾനാടൻ മത്സ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഭാവിയിൽ ഇത്തരം പശ്ചാത്തല വികസന സൗകര്യങ്ങൾ നിർമ്മിക്കുമ്പോൾ വേണ്ട സംരക്ഷണ നടപടികൾ സ്വീകരിക്കും. ഇപ്പോൾ പ്രശ്നങ്ങൾ നേരിടുന്ന നിർമ്മിതികളിൽ പരിഹാരങ്ങൾ നിർദേശിക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും മീൻപിടുത്തം മൂലമുള്ള മലിനീകരണം , നല്ല മാതൃകകൾ വഴി കുറയ്ക്കുകയും ചെയ്യുക
- പുതിയ പരിപാലന രീതികൾ , സാങ്കേതിക വിദ്യകൾ എന്നിവ വഴി ആവാസവ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുക
- മത്സ്യ മേഖലയിലെ പശ്ചാത്തല വികസന നിർമ്മിതികൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുക
- ദേശാന്തരഗമനം നടത്തുന്ന മീനുകളുടെ സ്വാഭാവിക സഞ്ചാരം നദികളിൽ ഉറപ്പുവരുത്തുക.
- കര പ്രദേശവും കടൽ പ്രദേശവും സമഗ്രതയോടെ വീക്ഷിക്കുന്ന നയ നടപടികൾ വഴി തീരദേശ ആവാസ വ്യവസ്ഥയുടെ ആരോഗ്യം സംരക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുക

### 6.6.3 താക്കോൽ ജനുസ്സുകളും അനുപമ ആവാസ വ്യവസ്ഥകളും സംരക്ഷിക്കുക

മത്സ്യ മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോൾ , വംശനാശ ഭീഷണിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ജനുസ്സുകളുടെമേൽ പ്രത്യാഘാതങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തുന്നതിനായി ഉൾനാടൻ, സമുദ്ര ആവാസവ്യവസ്ഥകളുടെ സമഗ്രത നിലനിർത്തുന്നതിന് പ്രാധാന്യം നൽകും. കണ്ടൽകാടുകൾ, കടൽ പുൽമേടുകൾ ,പവിഴ പുറ്റുകൾ, എന്നിവ തീരദേശ ആവാസ വ്യവസ്ഥയിലെ സമഗ്രത നിലനിർത്തുവാൻ വേണ്ട അവിഭാജ്യ ഘടകങ്ങൾ ആകുന്നു. കൂടാതെ നിരവധി മത്സ്യ ഇനങ്ങൾക്കും സമുദ്ര സസ്തനികൾക്കും (ഉദാ. ദുഗോംഗ്-കടൽ പശു) ആവാസ വ്യവസ്ഥ ഉൾപ്പെടെ നിരവധി പരിസ്ഥിതി വ്യവസ്ഥകൾ ഇവ നൽകുന്നു. ഇത്തരം ആവാസ വ്യവസ്ഥകൾ, ഗംഗാ ഡോൾഫിനുകൾ പോലുള്ള വംശനാശ ഭീഷണി നേരിടുന്ന ജീവികൾ വസിക്കുന്ന നദീ വ്യവസ്ഥകൾ എന്നിവ സംരക്ഷിക്കും.

### 6.6.4. മത്സ്യ തീറ്റ ഉത്പാദനവും മീൻ കുഞ്ഞുങ്ങളുടെ പിടുത്തവും നിയന്ത്രിക്കൽ

വ്യാവസായിക മത്സ്യ തീറ്റ ഉത്പാദനത്തിൽ ഇന്ത്യ അരങ്ങേറ്റം കുറിച്ചിട്ടേ ഉള്ളൂ. അടുത്ത നാൾ വരെ നമ്മൾ മത്സ്യ തീറ്റ ഇറക്കുമതി ചെയ്തിരുന്നു എങ്കിൽ ഇപ്പോൾ നാം കയറ്റുമതിയും നടത്തുന്നു. മത്സ്യതീറ്റ ഉൽപാദനം, വിത്ത് ശേഖരണം എന്നിവ സംബന്ധിച്ച നയപരമായ നിർദ്ദേശം ഈ മേഖലയെ നിലനിർത്തുന്നതിന് അടിയന്തിര ആവശ്യമാണ്. സാധാരണയായി മത്സ്യക്കൃഷിയുമായി ബന്ധപ്പെട്ടതാണെങ്കിലും, മത്സ്യതീറ്റ ഉത്പാദനവും വിത്ത് ഉൽപാദനവും വാസ്തവത്തിൽ, മത്സ്യബന്ധനത്തിനെയും മത്സ്യക്കൃഷിയെയും ബാധിക്കും. കാർഷിക കുളങ്ങളിൽ സംഭരിക്കുന്നതിനോ അല്ലെങ്കിൽ കൃഷി ചെയ്യുന്നതിനോ വേണ്ടി ശേഖരിക്കുന്ന വിത്ത് മത്സ്യങ്ങൾ, ഉപേക്ഷിക്കപ്പെടുന്നതു മറ്റ് പല ജീവജാലങ്ങളുടെയും ജനസംഖ്യയെ ബാധിക്കുന്നു.മത്സ്യ കൃഷിക്കായി തീറ്റ ഉൽപ്പാദിപ്പിക്കുവാൻ കമ്പോളത്തിൽ വില കിട്ടാത്ത തരം കടൽ മീനുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നു. തീറ്റ നിർമ്മാണ കേന്ദ്രങ്ങൾ വർദ്ധിച്ചതിനാൽ (ഉദാ: കർണ്ണാടക) ചെറുമീനുകളെയും പാഴ് മീനുകളെയുംപിടിക്കുന്നതിൽ തികച്ചും അശാസ്ത്രീയമായതും, വിനാശകരവും ആയ മത്സ്യ ബന്ധന രീതികൾ ( ഉദാ: കർണ്ണാടക തീരത്ത് കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് മത്തി പിടിക്കുന്ന രീതി) വ്യാപകമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. മീൻ കുഞ്ഞുങ്ങളെ ശേഖരിക്കുന്നതിലും ഇത്തരം അനഭിമത രീതികൾ പ്രയോഗിക്കപ്പെടുന്നു. ഭക്ഷ്യ യോഗ്യമായ മീനുകളെ തീറ്റ നിർമ്മാണത്തിൽ ഉപയോഗിക്കുന്നത് നിരുൽസാഹപ്പെടുതുകയും മീനുകൾക്ക് പകരം മറ്റു ജീവികളെ ഉപയോഗിച്ചുകൊണ്ടുള്ള ബദൽ മാർഗങ്ങൾ രൂപപ്പെടുത്തുവാൻ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, മൊത്തം മത്സ്യ തീറ്റയുടെ ആഭ്യന്തര ആവശ്യം(കോഴി വളർത്തൽ, മത്സ്യ കൃഷി തുടങ്ങിയ) നിർണ്ണയിച്ചുകൊണ്ട് ഉത്പാദനം ക്രമപ്പെടുത്തുകയും ചെയ്യും.

### 6.6.5 “നീല സാമ്പത്തിക” സമീപനവും സമുദ്ര സ്ഥല ആസൂത്രണവും

ലോകത്തെ തന്നെ ഏറ്റവും ഉത്പാദനക്ഷമമായ ഒന്നാണ് നമ്മുടെ തീരക്കടലും സമുദ്ര ആവാസ വ്യവസ്ഥയും. ഈ സമ്പത്ത് ഉപയോഗിച്ച് ഭക്ഷ്യ സുരക്ഷയും തൊഴിൽ സൃഷ്ടിക്കലും സാധ്യമാക്കുന്ന "നീല സാമ്പത്തിക സമീപനം കൈക്കൊള്ളണം എങ്കിൽ മത്സ്യ രംഗത്ത് സുസ്ഥിരത കൊണ്ടുവരേണ്ടത് ആവശ്യമാണ്. നീല സാമ്പത്തിക സമീപനം എന്നതിന്റെ നിർവചനം നല്കപ്പെട്ടിട്ടുണ്ട്. " സാമൂഹ്യ-സാമ്പത്തിക വികസനത്തിന് വേണ്ടി ഇന്ത്യയുടെ അധികാരത്തിൽ പെട്ട സമുദ്ര/കടൽ ഭാഗങ്ങളുടെ മുഴുവൻ വിഭവ സാധ്യതയുംസമുദ്ര ഭദ്രത ഉറപ്പു വരുത്തി, പ്രയോജനപ്പെടുത്തുക. ഉത്പാദനം ഉപഭോഗം എന്നിവയെ ബന്ധിപ്പിക്കുവാനും, സാമ്പത്തിക വികസനത്തിനും പാരിസ്ഥിക സുസ്ഥിരതയ്ക്കും ആയി ഒരു സമഗ്ര സമീപനം നൽകുക. തീരക്കടൽ മാത്രമല്ല ദൂരക്കടൽ വിഭവങ്ങളും ഇതിന്റെ പരിധിയിൽ വരും." ഇതിന്റെ സഞ്ചിത മൂല്യം 4.6 ലക്ഷം കോടി രൂപ ( 5.5 ലക്ഷം കോടി നിലവിലുള്ള മൂല്യ നിരക്കിൽ) ആയി കണക്കാക്കിയിരിക്കുന്നു.

മത്സ്യ ബന്ധനവും മത്സ്യ കൃഷിയും കൂടുതൽ വളർച്ചാ സാധ്യതകൾ ഉള്ള പ്രധാന സാമ്പത്തിക ശക്തികൾ ആയി ഇന്ത്യയിൽ വളർന്നു വരികയാണ്. ഈ രംഗത്ത്, മൊത്തം മൂല്യ ശ്രുംഖല പരിഗണിച്ചുകൊണ്ട്, കൂടുതൽ ധന നിക്ഷേപം, ആധുനിക വൽക്കരണം എന്നിവയാണ് നീല സാമ്പത്തികം വഴി ലക്ഷ്യമിടുന്നത്.

വിവിധ ആവശ്യങ്ങൾക്കായി സമുദ്ര പ്രദേശങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു എന്നതിനാൽ നീല സാമ്പത്തികം നടപ്പാക്കുമ്പോൾ ഒരു സമുദ്ര സ്ഥല ആസൂത്രണ സംവിധാനം സംഗതമാണ്. എണ്ണ, ധാതുക്കൾ, കപ്പൽ സഞ്ചാരം, പ്രതിരോധം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി സമുദ്ര പ്രദേശം കൂടുതൽ കൂടുതൽ ഉപയോഗിക്കേണ്ടി വരുമ്പോൾ മത്സ്യ ബന്ധനത്തിന് ലഭിക്കുന്ന ഇടത്തിന്റെ വിസ്തീർണ്ണത്തിൽ കുറവ് വരും. തൽഫലമായി ഉണ്ടാകുന്ന സംഘർഷങ്ങൾ കുറയുക്കുന്നതിനും നമ്മുടെ സമുദ്ര വിഭവങ്ങൾ സമർഥമായി വിനിയോഗിക്കുന്നതിനും ഒരു സമുദ്ര സ്ഥല ആസൂത്രണ സംവിധാനം കൊണ്ടുവരുന്നതിന് പ്രാധാന്യം നൽകും. ആവശ്യമുള്ളിടത്ത്, ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ ഗവേഷണ പിന്തുണയും അഭ്യർത്ഥിക്കും.

## 6.7 സാമുഹ്യ സുരക്ഷയും

### 6.7.1 ചെറുകിട മീൻപിടുത്തക്കാരുടെയും മത്സ്യ കർഷകരുടേയും താല്പര്യങ്ങൾ സംരക്ഷിക്കൽ

കടലിലും ഉൾനാടൻ ജലാശയങ്ങളിലും ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും ചെറുകിട വിഭാഗത്തിൽ പെട്ടവർ ആണ് എന്നത് ഇന്ത്യയിലെ ഒരു പ്രത്യേകതയാണ്. മത്സ്യ കർഷകരുടെ കാര്യവും വ്യത്യസ്തമല്ല. ഈ പ്രത്യേകതയ്ക്കു ഗുണങ്ങളും ദോഷങ്ങളും ഉണ്ട്. കൂടുതൽ തൊഴിൽ അവസരങ്ങൾ, വലിയ മുടക്കുമുതൽ വേണ്ട, ലളിതമായ സാങ്കേതിക വിദ്യകൾ എന്നിവയാണ് ഗുണങ്ങൾ. വലിയ ഒരു ഭൂഭാഗത്ത് വിവിധ സ്ഥലങ്ങളിൽ ചിതറി വിന്യസിചിരിക്കുന്നതിനാൽ പശ്ചാത്തല

സൗകര്യങ്ങൾ ഒരുക്കൽ, വിജ്ഞാന വിതരണം, വില്പന, നിരീക്ഷണം, മുതൽമുടക്ക് തുടങ്ങിയ കാര്യങ്ങളിൽ ബുദ്ധിമുട്ട് വരുന്നു എന്നതാണ് ദോഷം.

ചെറുകിട മത്സ്യബന്ധനം സുരക്ഷിതമാക്കാൻ ആവശ്യമായ ആദ്യത്തേതും പ്രധാനവുമായ നയപരമായ ഇടപെടൽ ഇതാണ്: (i) അന്താരാഷ്ട്ര മാർഗ്ഗനിർദ്ദേശങ്ങളും ദേശീയ വിദഗ്ദ്ധാഭിപ്രായങ്ങളും നിയമപരമായി പാലിക്കുന്ന 'ചെറുകിട മത്സ്യബന്ധനം' എന്ന പദം നിർവചിക്കുക. നയ പിന്തുണയ്ക്കായുള്ള മറ്റ് പ്രധാന മേഖലകൾ ഇവയാണ്: 2) ചെറുകിടക്കാർക്ക് അവരുടെ പ്രവർത്തനങ്ങൾ സ്വയം നടത്തുന്നതിനായി വേണ്ട പ്രചോദനം നൽകുക 3) നൈപുണ്യം, വൈദഗ്ധ്യം, സംരംഭകത്വം എന്നിവ വർധിപ്പിക്കുക 4) സ്വയം സഹായ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/മത്സ്യ ഉൽപ്പാദക സംഘങ്ങൾ എന്നിവ രൂപീകരിക്കുക/വികസിപ്പിക്കുക 5) പ്രകൃതി വിഭവങ്ങളും സാമ്പത്തിക വിഭവങ്ങളും ചെറുകിടക്കാർക്ക് മാറ്റി വെയ്ക്കുക 6) വനിതകൾക്ക് അവരുടെ നൈപുണ്യത്തിന് അനുസൃതമായ രീതിയിൽ തിരഞ്ഞെടുക്കുവാൻ സാങ്കേതിക വിദ്യകളും വിഭവങ്ങളും ഒരുക്കുക 7) സാമൂഹ്യ സുരക്ഷക്കായുള്ള പ്രത്യേക പദ്ധതികൾ (ജീവൻ, വള്ളം വല തുടങ്ങിയ സ്വത്തുക്കൾക്ക് ഇന്ഷ്വറൻസ് ).

ഭൂമി, ജലം എന്നിവയുടെ ഉപയോഗം, മത്സ്യ ബന്ധന ശക്തിയുടെ ക്രമീകരണം, തീരക്കടൽ, ദൂരക്കടൽ എന്നിവയിലെ ബദൽ ഉപയോഗം തുടങ്ങിയ നയതീരുമാനങ്ങൾ എടുക്കുമ്പോൾ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി നയങ്ങൾ ഉണ്ടാക്കുവാൻ ചെറുകിട മേഖലയെ പറ്റിയുള്ള വിശദ വിവരങ്ങൾ ശേഖരിക്കേണ്ടതും ആവശ്യമാണ്.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- ചെറുകിട മത്സ്യ മേഖല യെ നിർവചിക്കുവാൻ ഇതിന്റെ വ്യാപ്തി , സവിശേഷതകൾ എന്നിവയെപ്പറ്റി ധാരണ രുപീകരിക്കൽ
- സാമൂഹ്യ-സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ചെറുകിട മത്സ്യ മേഖലയുടെ പൂർണ്ണമായ പങ്കാളിത്തം

### 6.7.2 സാമുഹ്യ സുരക്ഷ, ലിംഗ നീതി

സർക്കാർ, നിലവിലുള്ള സാമുഹ്യ ഭദ്രതാ പദ്ധതികൾ തുടരുന്നത് പരിഗണിക്കുകയും ഗുണഭോക്തൃ വിഹിതം നേരിട്ട് കൈമാറുന്ന പദ്ധതി പ്രകാരം ഈ ഭദ്രതാ പദ്ധതികൾ ശക്തിപ്പെടുത്തുകയും ചെയ്യും. സമുദായ ഭദ്രത, ഇന്ഷുറൻസ് , ഗൃഹ നിർമ്മാണം, തുടങ്ങിയവ ഇതിൽപ്പെടും.

കൊടുങ്കാറ്റ്, തിരക്കയറ്റം,വെള്ളപ്പൊക്കം തുടങ്ങിയ തീക്ഷ്ണ കാലാവസ്ഥാ പ്രതിഭാസങ്ങൾ പ്രുകൃതി ദുരന്തങ്ങൾ ആയി പരിഗണിക്കും. കടലിൽ സംഭവിക്കുന്ന എണ്ണചോർച്ചയും ഇങ്ങിനെ പരിഗണിച്ചു ബാധിതരായവർക്ക് ഉപജീവനം തിരിച്ചു പിടിക്കുവാൻ വേണ്ട സാധ്യമായ സഹായം നൽകും.

കടലിൽ ജീവൻ നഷ്ടം സംഭവിക്കുന്ന മീൻ പിടുതക്കാർക്ക് അർഹമായ നഷ്ട പരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എളുപ്പമാക്കും.

മീൻ പിടുത്തത്തിലും മത്സ്യ കൃഷിയിലും അന്യ സംസ്ഥാന തൊഴിലാളികളുടെ പ്രസക്തി വർധിച്ചു വരികയാണ്. തമിൾനാട്, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മീൻ പിടുത്തക്കാർ/തൊഴിലാളികൾ മറ്റു സംസ്ഥാനങ്ങളിലുള്ള യാനങ്ങളിൽ തൊഴിൽ എടുക്കുന്നത് വർഷങ്ങളായി തുടരുന്ന പ്രക്രിയ ആണ്. എന്നാൽ ആസ്സാം, ബംഗാൾ, ബീഹാർ തുടങ്ങിയ സംസ്ഥാനനങ്ങളിൽ നിന്നുള്ളവർ ഈ രംഗത്തേയ്ക്ക് കടന്നു വന്നത് അടുത്ത കാലത്താണ്. നൈപുണ്യത്തിന്റെ കുറവ്, തിരിച്ചറിയൽ രേഖകളുടെ അഭാവം എന്നിവ ഇവർക്ക് വിനയായി മാറുന്നുണ്ട്. മത്സ്യ കൃഷിയിലും മത്സ്യ ബന്ധനത്തിലും ഉള്ള ഇത്തരം തൊഴിലാളികളുടെ ഉന്നമനത്തിനായി വേണ്ട നടപടികൾ കൈക്കൊള്ളും.

മത്സ്യ ബന്ധന നിരോധനം വഴി മത്സ്യ സഞ്ചയങ്ങളിൽ ഗുണങ്ങൾ ഉണ്ടാകുന്നു എന്ന് വലിയ ഒരു വിഭാഗം മീൻ പിടുത്തക്കാർ അഭിപ്രായപ്പെട്ടിടുണ്ട്. നിരോധന ദിവസങ്ങൾ 61 ൽ നിന്നും വർധിപ്പിക്കണം എന്നും ചില സംസ്ഥാനങ്ങളിൽ അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. നിരോധനം കൊണ്ട് കൈവരുന്ന നേട്ടങ്ങളും മീൻ പിടുത്തക്കാരുടെ സഹകരണ മനോഭാവവും കണക്കിലെടുത്ത് നിരോധന കാലയളവിൽ നൽകി വരുന്ന നഷ്ട പരിഹാരം വർധിപ്പിക്കും. വിഭവ സംരക്ഷണത്തിൽ പങ്കാളിത്തം ശക്തിപ്പെടുത്താനും ശോഷണ ഭീഷണിയുള്ള മത്സ്യ സഞ്ചയങ്ങളെ പുനരുജ്ജീവിപ്പിക്കാനും ഇത് സഹായിക്കും.

മത്സ്യ മേഖലയിലെ സഹകരണ സംഘങ്ങൾ പല സംസ്ഥാനങ്ങളിലും വിജയകരമായ പ്രവർത്തനങ്ങൾ ആണ് കാഴ്ച വെയ്ക്കുന്നത്. മത്സ്യ കച്ചവടത്തിലും സംസ്കരണത്തിലും നല്ല ബിസിനസ് മാതൃകകൾ സ്വീകരിക്കുന്നത് വഴി ഈ സംഘങ്ങൾക്ക് കൂടുതൽ ഗുണപ്രദമായി പ്രവർത്തിക്കുവാൻ കഴിയും. സഹകരണ സംഘങ്ങൾ, ഉത്പാദക സംഘങ്ങൾ എന്നിവയെ സാമ്പത്തിക സഹായം, നൈപുണ്യ വികസനം എന്നിവ വഴി ശക്തിപ്പെടുത്തും. മത്സ്യ മേഖലയിലും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും ശാസ്ത്രീയമായ സമീപനങ്ങൾ അനുവർത്തിക്കുന്ന കാര്യത്തിലും സംഘങ്ങളെ പ്രാപ്തരാക്കും.

ഔപചാരിക സ്രോതസ്സുകളിൽ നിന്നും പണം കടമെടുക്കുവാൻ ഉള്ള അവസരങ്ങൾ മത്സ്യ മേഖലയിൽ കുറവും, നടപടിക്രമങ്ങൾ ദുഷ്കരവുമാണ്. ഇത് മൂലം മീൻ പിടുത്തക്കാർക്ക് പൊതുവേ സ്വകാര്യ പണമിടപാടുകാരെയോ ഇടനിലക്കാരെയോ ആശ്രയിക്കേണ്ടിവരികയും കടക്കെണിയിൽ പെടുവാൻ ഇടവരികയും ചെയ്യുന്നു. ഇത് പരിഹരിക്കുവാൻ പൊതുമേഖലാ ബാങ്കുകളുടെ നടപടിക്രമങ്ങൾ ഉദാരമാക്കുവാൻ സർക്കാർ ശ്രമിക്കും. അതുപോലെതന്നെ, വള്ളം/യാനം, വല എന്നിവ ഇൻഷുറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരാൻ ഈ നയം ലക്ഷ്യമിടും. മത്സ്യ കർഷകരുടെ കാര്യത്തിൽ വിള ഇൻഷുറൻസ്, ഏയ്റെറ്റർ , പമ്പുകൾ തുടങ്ങിയവയ്ക്കുള്ള ഇൻഷുറൻസ് രക്ഷ എന്നിവ ലക്ഷ്യമിടും.

മത്സ്യ കച്ചവടം, വിത്തുമീൻ ശേഖരണം, വല നിർമ്മാണം, സംസ്കരണം തുടങ്ങിയ രംഗങ്ങളിൽ പണിയെടുക്കുന്നവരിൽ 69 % സ്ത്രീകളാണ്. മത്സ്യ ബന്ധന രംഗത്തും സ്ത്രീകൾ കടന്നു വരുന്നുണ്ട്. ഈ രംഗത്തെ സ്ത്രീകളുടെ സംഭാവന വിവിധ പദ്ധതികളിലൂടെ സർക്കാർ ശക്തിപ്പെടുത്തും. സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയുടെ രൂപീകരണം, പ്രത്യേക ധന സഹായ സ്കീമുകൾ, തൊഴിൽ ഇടങ്ങളിലെ മെച്ചപ്പെട്ട സൗകര്യങ്ങൾ, പര്യവഹന സൗകര്യങ്ങൾ, സംരംഭകത്വ അവസരങ്ങൾ, ഫിഷറീസ് മാനേജ്മെന്റ് പ്രവർത്തനങ്ങളിൽ പങ്കാളിത്തം എന്നിവ ഇതിൽപ്പെടും.

മത്സ്യ മേഖലയിൽ പണിയെടുക്കുന്ന ലൈംഗിക ന്യൂന പക്ഷത്തിൽ പെട്ട വിവിധ ആൾക്കാരെയും (സ്വവർഗാനുരാഗികൾ, ഭിന്ന ലിംഗർ,ഉഭയ വർഗ പ്രണയികൾ , മിശ്ര ലിംഗർ, തുടങ്ങിയ), സാകല്യ വികസനസങ്കല്പത്തിന്റെ വെളിച്ചത്തിൽ , സഹായിക്കുവാൻ ഈ നയം ലക്ഷ്യമിടുന്നു.

മത്സ്യ സമ്പത്തിനു വന്നുകൊണ്ടിരിക്കുന്ന ശോഷണം ശ്രദ്ധിക്കുമ്പോൾ , തീരദേശ വാസികൾക്ക് ബദൽ ജീവനോപാധികൾ ഒരുക്കേണ്ട പ്രാധാന്യം മനസ്സിലാക്കാം.സമുദ്ര മത്സ്യ കൃഷി, എക്കോ-ടൂറിസം , എന്നിവ ഒരുപാട് സാധ്യതകൾ ഉള്ള ബദൽ വരുമാന സ്രോതസ്സുകളാകുന്നു.

ഇന്ത്യൻ മീൻപിടുത്തക്കാർ അന്താരാഷ്ട്ര സമുദ്രാതിർത്തി ലംഘിക്കുന്നതായുള്ള പരാതികൾ അടുത്തകാലത്തായി കൂടിവരുന്നു. അന്താരാഷ്ട്ര കോടതിയുടെ വിധി പ്രകാരം അതിർത്തി രേഖ പുന:നിർവചിച്ചതാണ് ഒരു കാരണം. ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനായി ബോധവൽക്കരണ – പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കും.

മത്സ്യ ബന്ധന യാനങ്ങളുടെ നിർമ്മാണം ഇന്ത്യയിൽ നിയന്ത്രണ വിധേയമല്ല. ഇതുമൂലം, യാനത്തിലെ വിവിധ ഘടകങ്ങളിൽ വേണ്ട ( ഉപരിതല സ്ഥിരത, മീൻ സംഭരണ സ്ഥലം, തൊഴിലാളികൾക്ക് വിശ്രമ സ്ഥലം, പാചകാലയം, ശൌചാലയം, തുടങ്ങിയവ) ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നീക്കുപോക്കുകൾ സംഭവിക്കുകയും ഗുണമേന്മ കുറഞ്ഞ തരം യാനങ്ങൾ നിർമ്മിക്കപ്പെടുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഫൈബർ വള്ളങ്ങൾ കൂടുതലായി നിർമ്മിക്കപ്പെടുന്നതിനാൽ ഗുണമേന്മ സംബന്ധിച്ച കുറവുകൾ കൂടി വരികയുമാണ്. സമുദ്ര മത്സ്യ ബന്ധന നിയന്ത്രണ നിയമങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തി യാന നിർമ്മാണ കേന്ദ്രങ്ങൾക്ക് രെജിസ്ട്രേഷൻ, യാനങ്ങളുടെ വാർഷിക പരിശോധന, നിർമ്മാണത്തിന് പൊതു ഡിസൈൻ നിർദേശങ്ങൾ, എന്നിവ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ നിയന്ത്രണ വിധേയമാക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- മീൻ പിടുത്തക്കാരുടെ സാമുഹ്യ സുരക്ഷ ലക്ഷ്യമാക്കിയുള്ള പരിപാടികൾ തുടരുകയും ശ്ക്തിപ്പെടുത്തുകയും ചെയ്യുക

- മീൻ പിടുത്തത്തിലും മത്സ്യ കൃഷിയിലും പ്രവർത്തിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ സാമുഹ്യ സുരക്ഷ നൽകുകയും ചെയ്യുക
- മത്സ്യ വിഭവ സംരക്ഷണം,പരിപാലനം എന്നിവയിൽ പങ്കാളിത്തം ഫലപ്രദമാക്കുവാൻ വേണ്ട സഹായങ്ങൾ വർധിപ്പിക്കുക
- മത്സ്യ സഹകരണ സംഘങ്ങൾ, ഉത്പാദക സംഘങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സഹായങ്ങൾ (സാമ്പത്തികം, നൈപുണ്യ വികസനം, സാങ്കേതികം)
- ഔപചാരിക വായ്പാ സംവിധാനങ്ങൾ എളുപ്പമാക്കൽ , മത്സ്യ ബന്ധന രംഗത്തെ സ്വത്തിന് ഇൻഷുറൻസ് പരിരക്ഷ
- സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾ ,ഉത്പാദക സംഘങ്ങൾ , മെച്ചപ്പെട്ട തൊഴിലിട സൌകര്യങ്ങൾ
- ബദൽ വരുമാന മാർഗ്ഗങ്ങൾ, യാന നിർമ്മാണത്തിൽ മെച്ചപ്പെട്ട രൂപകൽപ്പനകൾ, സമുദ്ര അതിർത്തി ആകസ്മികമായി ലന്ഘിക്കുന്നതിനെതിരെ ബോധവൽക്കരണ പരിപാടികൾ

## 6.8 ഭരണ നിർവഹണം

### 6.8.1 ഉൾനാടൻ ജലാശയങ്ങളിലെയും സമുദ്രത്തിലേയും വിഭവങ്ങളുടെ സുസ്ഥിര നിയന്ത്രണം

12 നോട്ടിക്കൽ മൈലിനപ്പുറത്തുള്ള സമുദ്ര വിഭവങ്ങളുടെ ഉപയോഗത്തിൽ വന്നിട്ടുള്ള വളർച്ച ശ്രദ്ധിക്കുമ്പോൾ, നമ്മുടെ സാമ്പത്തിക പരമാധികാര മേഖലയിലും (EEZ) അതിനപ്പുറത്തും (ABNJ) പ്രവർത്തിക്കുന്ന മത്സ്യ ബന്ധന യാനങ്ങളുടെ കാര്യത്തിൽ നിയന്ത്രണം സാധിക്കുന്നതിന് വേണ്ട സമഗ്രമായ ഒരു നിയമ നിർമ്മാണം അനിവാര്യമായിരിക്കുന്നു എന്ന് കാണാം. EEZ നുള്ളിലെ മത്സ്യ ബന്ധനത്തിനു മേൽനോട്ടം നിർവഹിക്കുന്ന കേന്ദ്ര ഏജൻസിക്ക് വേണ്ട മാർഗ നിർദ്ദേശങ്ങൾ, മീൻ പിടുത്തക്കാർക്ക് വേണ്ട നിയന്ത്രണ നിർദ്ദേശങ്ങൾ, അവ അനുവർത്തിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കുവാനുള്ള സംവിധാനങ്ങൾ എന്നിവ ഈ നിയമത്തിൽ വരും.

സമുദ്ര മത്സ്യ മേഖല വിവിധ തരം ഘടകങ്ങളാൽ ചലനാൽമ്കവും പരിവർത്തനവിധേയവുമാണ്. എൺപതുകളിൽ തുടക്കമിട്ട്, തൊണ്ണൂറുകളുടെ മധ്യത്തോടെ തീരദേശ സംസ്ഥാനങ്ങളിൽ പൂർണ്ണമായി നടപ്പിൽ വന്നവയാണ് നമ്മുടെ സമുദ്ര മത്സ്യ നിയന്ത്രണ നിയമങ്ങൾ. വിവിധ അന്താരാഷ്ട്ര നയ ഉപകരണങ്ങൾക്ക് മുൻപേ (1982 UNCLOS,1992 UNFSA,1995 FAO CCRF) രൂപീകരിക്കപ്പെട്ടവ ആയതിനാലും മേൽനോട്ട പരിപാലനത്തിൽ സമഗ്രത കൊണ്ടുവരേണ്ടതിനാലും ഈ നിയമങ്ങൾ കാലികമായി പരിഷ്കരിക്കുന്നതിൽ ശ്രദ്ധ ചെലുത്തും. ഇതിലേയ്ക്കായി നിർമ്മിക്കുന്ന കരട് മാതൃകാ ബില്ല് സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പരിഗണനയ്ക്ക് വെയ്ക്കും.

ഇതുപോലെ തന്നെ, ഒരു മാതൃകാ ബില്ല് ഉൾനാടൻ മത്സ്യ മേഖലയ്ക്കും നിർമ്മിക്കും. നിലവിലുള്ള നിയമത്തിൽ അനുസൃതമായ മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് വരുത്താവുന്നതാണ്.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- സമുദ്ര മത്സ്യ നിയന്ത്രണ നിയമങ്ങൾ കാലികമായി പരിഷ്കരിക്കൽ
- സാമ്പത്തിക പരമാധികാര മേഖലയിൽ 12-200 നോട്ടിക്കൽ മൈൽ മേഖലയിലെ മത്സ്യ ബന്ധനം നിയന്ത്രണ വിധേയമാക്കൽ
- ഉൾനാടൻ മത്സ്യ മേഖലയ്ക്ക് ഒരു മാതൃകാ ബില്ല്

### 6.8.2 സ്ഥാപനങ്ങൾ

**സമുദായതലത്തിൽ ഉള്ള സ്ഥാപനങ്ങൾ നിർമ്മിക്കൽ:** മത്സ്യ വിഭവ പരിപാലനം വിജയകരമാകണമെങ്കിൽ സ്വത്തവകാശ സംവിധാനങ്ങൾ (മത്സ്യ വിഭവങ്ങളുടെ ഉടമ ആര്, വിഭവ സംരക്ഷണം ആരുടെ ഉത്തരവാദിത്തം, നേട്ടങ്ങൾ ആർക്കാണ്, തുടങ്ങിയ കാര്യങ്ങൾ) കൃത്യമായി തീരുമാനിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. മത്സ്യ വിഭവങ്ങളുടെ ഉടമസ്ഥതയുടെ കാര്യത്തിൽ വ്യക്തത ഇല്ലായ്മ നമ്മുടെ രാജ്യത്ത് ഒരു പ്രശ്നമാണ്. ഭരണകൂട പ്രതിനിധി എന്നാ നിലയിൽ സർക്കാരാണ് മത്സ്യ വിഭവങ്ങളുടെ ഉടമ എങ്കിലും മത്സ്യ സമുദായങ്ങളും പരമ്പരാഗത ഉടമസ്ഥത അവകാശപ്പെടുന്നു. ഈ രണ്ടു നിലപപാടുകളും സമന്വയിപ്പിക്കുവാനുള്ള വഴി സഹ-പരിപാലനം ആണ്. ത്രിതല സംവിധാനത്തിൽ , അവകാശങ്ങൾ, കടമകൾ, എന്നിവ വ്യക്തമാക്കി, നിയമ സാധുതയോടെയുള്ള സഹ – പരിപാലന സംവിധാനങ്ങൾ കേരളവും, തമിഴ് നാടും ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇത്തരം സംവിധാനങ്ങൾ മറ്റു സംസ്ഥാനങ്ങളിലും നടപ്പിൽ വരുത്തുവാൻ ശ്രമിക്കും.

**മൂല്യ ശ്രംഖലയുടെ സമഗ്രത** : വിതരണ ശ്രുംഖലയെക്കുറിച്ചുള്ള അറിവ് ആണ് ഏതൊരു വ്യവസായത്തിന്റെയും താക്കോൽ. അനുയോജ്യമായ ഒരു ക്രമീകരണത്തിൽ, ഉൽപാദന യൂണിറ്റിൽ നിന്ന് വിപണിയിൽ അന്തിമ ഉപഭോഗതിനായി ഉണ്ടാക്കേണ്ട ഉല്പന്നത്തിന്റെ ഉത്പാദനപ്രക്രിയയിൽ അവയ്ക്ക് ഉപയോഗിക്കാൻ കഴിയുന്ന ഇടനില വസ്തുക്കളുടെ (inputs) ഗുണനിലവാരത്തെയും അളവുകളെയും കുറിച്ചുള്ള പൂർണ്ണമായ അറിവ് യൂണിറ്റുകൾക്ക് ഉണ്ടായിരിക്കണം. മത്സ്യബന്ധന ഉൽപാദനം സാധാരണയായി ഒരു യാനത്തിലോ ഫാമിലോ നടക്കുന്നു. എന്നിരുന്നാലും, ഇടനില സാധനങ്ങളിൽ അവർക്ക് കാര്യമായ നിയന്ത്രണമില്ല. ഉദാഹരണത്തിന്, ബോട്ട് നിർമ്മാണം കേന്ദ്രങ്ങൾക്ക് അത് മത്സ്യത്തൊഴിലാളികൾക്ക് ഉചിതമായ തോതിലുള്ള മൂല്യം നേടുന്നുവെന്ന് ഉറപ്പാക്കാനുള്ള അടിസ്ഥാന സവിശേഷതകൾ ഇല്ല. അതുപോലെ മത്സ്യം വളർത്തൽ ഫാമിനു അതിലുപയോഗിക്കുന്ന മീൻ വിത്തുകളുടെയും മത്സ്യ തീറ്റയുടെയും, ഗുണനിലവാരതിനുമേൽ യാതൊരു വിധ നിയന്ത്രണമില്ല. അതേസമയം, മത്സ്യത്തൊഴിലാളികളും കൃഷിക്കാരും പലപ്പോഴും അവരുടെ ഉൽപ്പന്നത്തിന്റെ അന്തിമ ലക്ഷ്യസ്ഥാനത്തിനെകുറിച്ചുള്ള അറിവിൽ ഒരു ശൂന്യതയിലാണ് നിൽക്കുന്നത് . ഇതിന്റെ ഫലമായി മൂല്യ

ശൃംഖലയിൽ പങ്കെടുക്കുന്ന ഓരോ പങ്കാളിയും ഒരു ദൂരെകഴ്ചയില്ലാത്ത ഉൽപാദന തന്ത്രം പിന്തുടരുകയോ വിഭവങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുകയോ അവയുടെ മൂല്യം സൃഷ്ടിക്കുകയോ ചെയ്യാത്ത വിധത്തിലുള്ള ഒരു നിലവറയിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നു. പ്രത്യേക നിർദേശങ്ങളും കരാറും അടിസ്ഥാനമാക്കി ഒരു ഫിഷിംഗ് ബോട്ട് / ഫാം കേന്ദ്രീകൃതമായ ഒരു മൂല്യ ശൃംഖല സൃഷ്ടിക്കുവാൻ ഈ നയം ലക്ഷ്യമിടുന്നു. ഇങ്ങനെ സൃഷ്ടിച്ച മൂല്യ ശൃംഖല സമുദായത്തിന്റെ സ്വന്തമയി നിലനിർത്താൻ മത്സ്യത്തൊഴിലാളി / കർഷക സഹകരണ സംഘങ്ങൾ / എഫ്എഫ്പിഒകൾ / കോ-മാനേജ്മെന്റ് ബോഡികൾ എന്നിവ രൂപപെടുത്താൻ പ്രോത്സാഹിപ്പിക്കും

**ഏകജാലക സംവിധാനം**: ഫിഷറീസ്, മൃഗ സംരക്ഷണം, ക്ഷീര ഉൽപ്പാദനം എന്നിവയ്ക്കായുള്ള കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പുതിയ ഫിഷറീസ് ഡിപാർ ട്ട്മെന്റ് ആണ് ഇപ്പോൾ ഉള്ളത്. പക്ഷേ, മത്സ്യ മേഖലയുടെ സമഗ്ര വികസനം സാധ്യമാകണമെങ്കിൽ ഈ സംവിധാനം പര്യാപ്തമല്ല. അതിനാൽ, "ഫിഷറീസ് & സമുദ്ര മേഖലാ കാര്യങ്ങൾ "എന്ന പേരിൽ ഒരു മന്ത്രാലയം കേന്ദ്രത്തിൽ സൃഷ്ട്ടിക്കണം.

മേൽപ്പറഞ്ഞവ നേടുന്നതിന്, ഗവേഷണ-വികസന, എം സി എസ്, ട്രേഡ്, അന്താരഷ്ട്ര നയതന്ത്ര ബന്ധങ്ങൾ വികസനം മുതലായവ ഉൾക്കൊള്ളുന്ന കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടത്താനുള്ള ഒരു പ്രത്യേക വകുപ്പ് സജ്ജീകരിക്കേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിവിധ മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും കീഴിൽ ചിതറിക്കിടക്കുന്ന സ്ഥാപനങ്ങളെ പുതിയ വകുപ്പിന്റെ പരിധിക്ക് കൊണ്ടുവരുന്നതിനു അങ്ങനെ കൂടിച്ചേരൽ ആവശ്യമാണ്. ഇക്കാര്യത്തിൽ മുന്നോട്ട് പോകുമ്പോൾ, വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു 'ഫിഷറീസ്, മാരിടൈം അഫയേഴ്സ് മന്ത്രാലയം' സൃഷ്ടിക്കുന്നത്തിനു ഈ നയം ലക്ഷ്യമിടുന്നു. മൊത്തത്തിൽ ഈ മേഖലയുടെ സംഭാവനകളെ സർക്കാർ വിഭാവനം ചെയ്ത നീല സമ്പദ്വ്യവസ്ഥയുടെ ലക്ഷ്യങ്ങളിലെക്കുള്ള വിപുലീകരണമാണ് ഈ പ്രക്രിയയിൽ ലക്ഷ്യമിടുന്നത്.

ഇപ്പോൾ നിലവിൽ ഉള്ള നാല് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനം (FSI,CIFNET,CICEF,NIFPHATT) വിശദമായ പുനരവലോകനം നടത്തി പ്രവർത്തന ക്ഷമത വർധിപ്പിക്കണം. ദേശീയ ഫിഷറീസ് വികസന ബോർഡിന്റെ പ്രവർത്തനവും കാലികമായി പരിഷ്കരിക്കണം. ഈ അഞ്ചു സ്ഥാപനങ്ങൾ ഒരു ഡയരക്ടർ ജെനറലിന്റെ കീഴിൽ കൊണ്ടുവരണം.

തീരാ ദേശ സംസ്ഥാന സർക്കാരുകളെ കൂടാതെ, വിവിധ (കാർഷികം, ആഭ്യന്തരകാര്യം, വാണിജ്യം & വ്യവസായം, പരിസ്ഥിതി, വനം&കാലാവസ്ഥാ വ്യതിയാനം, ജല വിഭവങ്ങൾ, ഊർജം , ഭൌമ ശാസ്ത്രം തുടങ്ങിയ) കേന്ദ്ര മന്ത്രാലയങ്ങൾ ഫിഷറീസ് കാര്യങ്ങളിൽ ഇടപെടേണ്ട സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. വിവിധ മന്ത്രാലയങ്ങൾക്ക് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും ഈ രംഗത്ത് ഉണ്ട്. ഈ ബഹുമുഖ സംവിധാനം ഉണ്ടാക്കുന്ന ആശയകുഴപ്പം പരിഹരിച്ചു ഏകോപനം സാധ്യമാക്കുവാൻ ഒരു സംവിധാനം കൊണ്ടുവരേണ്ടത് ആവശ്യമാണ്.

മത്സ്യ കൃഷിയെ കാർഷിക വിഷയത്തിന്റെ പരിധിയിൽ കൊണ്ട് വന്നു അർഹമായ ഇളവുകൾ ( നികുതി, കരം, ജലം ,വൈദ്യുതി , മറ്റ് ഉത്പാദന ഘടകങ്ങൾ) ലഭ്യമാക്കപ്പെടുന്ന രീതിയിൽ തുല്യത കൊണ്ട് വരണമെന്ന വളരെ കാലമായുള്ള ആവശ്യം നിലനിൽക്കുന്നു. ഇതുനായി നയ സഹായം പരിഗണിക്കും.
കാർഷിക മേഖലയുമായി സമരസപ്പെടുത്തുന്നതിനോടൊപ്പം , മീൻ പിടുത്തക്കാർക്കും മത്സ്യ കർഷകർക്കും പ്രയോജനകരവും അവരുടെ വരുമാനം ഇരട്ടിയാക്കാൻ സഹായിക്കുന്നതുമായ കാർഷിക മേഖലയിലെയും അനുബന്ധ മേഖലയിലെയും പ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കാനും ഈ നയം ലക്ഷ്യമിടുന്നു.

**മനുഷ്യ വിഭവ ശാക്തീകരണം**: മത്സ്യ മേഖലയിലെ സ്ഥാപനവൽക്കരണം ഊർജിതപ്പെടുത്തുന്നതിൽ മനുഷ്യ വിഭവ ശാക്തീകരണം നിർണ്ണായകമായ പങ്കു വഹിക്കുന്നു. ഈ മേഖല എല്ലാ അർത്ഥത്തിലും ഉൽപാദനം മുതൽ മൂല്യവർദ്ധന വരെ, പലമടങ്ങ് വളർന്നു എങ്കിലും ഈ മേഖല കൈകാര്യം ചെയ്യുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ശേഷി വളരെ താഴ്ന്ന നിലയിൽ തുടരുന്നു. ഈ വിശകലനം വിവിധ തരത്തിലുള്ള അവലോകന പ്രക്രിയകളായ പരിശീലനപരിപടികളിൽ നിന്നും ഉരിത്തിരിഞ്ഞു വന്നതാണ്. മറ്റ് പ്രാഥമിക ഉൽപാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം എന്നിവായുമായി തട്ടിച്ചു നോക്കുമ്പോൾ ഈ മേഖലയിലെ വിവിധ തൊഴിൽ അവസരങ്ങൾ, നൂതന പരിശീലന പരിപാടികൾ തുടങ്ങിയവയും വളരെ താഴെയാണ്. ഈ മേഖലയെ പ്രവർത്തിക്കുന്ന മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകതകൾക്ക് മുൻഗണന നൽകുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ഔദ്യോഗിക സംവിധാനങ്ങളിൽ ഉള്ള വിവിധ ഉദ്യോഗസ്ഥരുടെ പ്രവർത്തന ശേഷി ഉചിതമായ പരിശീലന പരിപാടികൾ വഴി കാലികമായി വർധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സഹ-പരിപാലന സംവിധാനങ്ങൾ കൊണ്ടുവരുന്നത് പ്രോത്സാഹിപ്പിക്കുക
- മൂല്യ ശ്രുംഖലയുടെ ഉടമസ്ഥത സമുദായത്തിന്റെ കീഴിൽ വരുന്നത് പ്രോത്സാഹിപ്പിക്കുക
- മൂല്യ ശ്രുംഖലയുടെ സമഗ്രത പ്രോത്സാഹിപ്പിക്കുക
- ഗവേഷണം, വാണിജ്യം, മേൽനോട്ട നിയന്ത്രണം, വികസനം,അന്താരാഷ്ട്ര കാര്യങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏകജാലക സംവിധാനം
- ഫിഷറീസ്&സമുദ്ര കാര്യങ്ങൾക്കായി പ്രത്യേക കേന്ദ്ര മന്ത്രാലയം, പ്രത്യേക ഡയരക്ടർ ജെനറൽ
- ഫിഷറീസ് ഉദ്യോഗസ്ഥന്മാർക്കായി പരിശീലന പരിപാടികൾ
- കൃഷിയ്ക്ക് തുല്യമായ രീതിയിൽ മത്സ്യ കൃഷിയെ പരിഗണിക്കുക.

### 6.8.3 മാനവ ശേഷി വികസനവും സംരംഭകത്വവും

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം മത്സ്യ മേഖല ,വാണിജ്യ വൽക്കരണത്തിലൂടെ അഭൂതപൂർവമായ വികസനം കൈവരിച്ചു എങ്കിലും മീൻ പിടുത്തക്കാരും

മത്സ്യ കർഷകരും അവരുടെ സംരഭകത്വവികസനത്തിന്റെ കാര്യത്തിൽ കാര്യമായ വളർച്ച കൈവരിച്ചിട്ടില്ല. മേഖലയുടെ പ്രവർത്തനങ്ങളും സംഘടനകളും മാറ്റത്തെ പ്രതിരോധിക്കുന്നവായി തുടരുന്നു. ഇക്കാര്യത്തിൽ നയപരമായ ഇടപെടലുകളിൽ, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കൽ, കരകൗശല മത്സ്യബന്ധനം / കൃഷി എന്നിവയിൽ കൂടുതൽ സാമ്പത്തികവും കാര്യക്ഷമവുമായി മാറുന്നത്തിനു മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മേഖലയിൽ ചെയ്യേണ്ട മാർഗ്ഗനിർദേശങ്ങൾ, എന്നിവ ഉൾപ്പെടും.

മത്സ്യബന്ധനത്തിന്റെയും,മത്സ്യകൃഷിയുടെയും വാണിജ്യവത്ക്കരണത്തിന്റെ നേട്ടങ്ങള് നേടുന്നതിന്, മീൻപിടുത്തക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും സംരംഭക കഴിവുകൾ പ്രോത്സാഹിപ്പിച്ച് വികസിപ്പിക്കുകയും, മത്സ്യ മൂല്യ ശൃംഖലയിലും ആധുനികതയുടെ മറ്റ് ആവശ്യകതകളിലും അവയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്യും. പരമ്പരാഗത മീൻ പിടുത്തക്കാർ, മത്സ്യ കർഷകർ എന്നിവർക്കായി പ്രത്യേക സരംഭകത്വ-നൈപുണ്യ വികസന പരിപാടികൾ നടപ്പിൽ വരുത്തും. രാജ്യത്തുടനീളം സ്ഥാപിതമായ ഫിഷറീസ് കോളെജുകൾക്ക് ഇതിൽ ഒരു പങ്കു വഹിക്കുവാൻ കഴിയും. ഇത് കൂടാതെ, ചില ഗവേഷണ-വികസന സ്ഥാപനങ്ങൾക്ക് വിവിധ തലങ്ങളിൽ പങ്കാളികളുടെ സംരംഭകത്വം വളർത്തുന്നതിനുള്ള സമർപ്പിത പ്രോഗ്രാമുകൾ ഏറ്റെടുക്കാനും കഴിയും

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- ഫിഷറീസ് ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായത്തോടെ മാനവ ശേഷി വികസനവും , സംരംഭകത്വവും നടപ്പിൽ വരുത്തുക

### 6.8.4 വിവര ശേഖരം

നയ രൂപീകരണം എന്നത് കൃത്യമായ വിവരത്തെ (ഡേറ്റ) ആശ്രയിച്ചാണിരിക്കുന്നത്. കഴിഞ്ഞ നാല്-അഞ്ചു ദശകങ്ങളിലൂടെ മത്സ്യ മേഖലയിൽ സംഭവിച്ച വികസനത്തിന് അനുസരിച്ചുള്ള മാറ്റങ്ങൾ ഈ രംഗത്തെ വിവര ശേഖര സംവിധാനങ്ങളിൽ ഉണ്ടായില്ല. സമുദ്ര മത്സ്യത്തിന്റെ കാര്യത്തിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ രീതിയിൽ വിവര ശേഖരണം നടത്തപ്പെടുന്നു എങ്കിലും ഉൾനാടൻ മത്സ്യത്തിന്റെ കാര്യത്തിൽ ഈ ഒരു സംവിധാനം ഫലപ്രദമായി നടക്കുന്നില്ല. അതേപോലെ, അഞ്ചു വർഷങ്ങൾ കൂടുമ്പോൾ നടത്തപ്പെടുന്ന മറൈൻ സെൻസസ് ഉൾനാടൻ മേഖലയുടെയും മത്സ്യ കൃഷിയുടെയും കാര്യത്തിൽ നടത്തപ്പെടുന്നില്ല. ജീവ ശാസ്ത്രപരമായ വിവരങ്ങൾ ലഭ്യമായ തോതിൽ സാമൂഹ്യ-സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് വിവരങ്ങൾ ഇന്ന് ലഭ്യമാകുന്നില്ല.

ഇക്കാര്യങ്ങൾ പരിഗണിച്ച്, മൊത്തം മത്സ്യ മേഖലയുടെ കൂടുതൽ സമഗ്രമായ വിവരങ്ങൾ പതിവായി ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുതുവാൻ നടപടികൾ കൈക്കൊള്ളും. സ്ഥിതിവിവരം&പദ്ധതി നിർവഹണ വകുപ്പിന്റെ മന്ത്രാലയം വഴി അവസ്ഥാ നിർണ്ണയ സർവേകൾ പതിവായി നടത്തുവാൻ ആവശ്യപ്പെടും. ഫിഷറീസുമായി ബന്ധപ്പെട്ട വിവിധ വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുവാനും ബന്ധപെട്ട സ്ഥാപനങ്ങളെ സഹായിക്കുവാനും ഒരു ദേശീയ സംവിധാനം കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിൽ രൂപീകരിക്കും. ഈ വിവര സഞ്ചയം മന്ത്രാലയത്തിന്റെ കൈവശമായിരിക്കും ഉണ്ടാകുക.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ

- വിവരശേഖരണത്തിനും വിവര വിതരണത്തിനും വേണ്ടി ഒരു ദേശീയ സംവിധാനം വികസിപ്പിക്കുക

### 6.8.5 വിജ്ഞാന വ്യാപനവും സാങ്കേതിക സഹായവും

ഫിഷറീസ് രംഗത്തെ ഗവേഷണ – വികസന സ്ഥാപനങ്ങളുടെ വിന്യാസത്തിന്റെ കാര്യത്തിൽ മുൻനിര രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഭാരതീയ കാർഷിക ഗവേഷണ കൌൺസിലിന് ( ICAR ) കീഴിൽ 8 ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ കീഴിൽ തീരദേശ മത്സ്യ കൃഷി അതോറിട്ടി ഉൾപ്പെടെ 6 സ്ഥാപനങ്ങൾ, സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിട്ടിയുടെ കീഴിൽ 3 സ്ഥാപനങ്ങൾ ഭൌമ ശാസ്ത്ര മന്ത്രാലയത്തിന്റെ കീഴിൽ 4 സ്ഥാപനങ്ങൾ, വിവിധ സംസ്ഥാനങ്ങളുടെ കീഴിൽ ഉള്ള 30 ഫിഷറീസ് കോളേജുകൾ എന്നിങ്ങനെ വലിയ ഒരു ശ്രുംഖല തന്നെ ഇവിടെ ഉണ്ട്.

ഇന്ത്യയിലെ ഫിഷറീസ് ഗവേഷണ രംഗത്ത് മുൻനിരയിൽ പ്രവർത്തിക്കുന്നത് ICAR ന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങൾ ആകുന്നു. എഴുപതുകളുടെ ആരംഭത്തിൽ വിവിധ ഇനം കാർപ്പ് മത്സ്യങ്ങളെ ഉൾക്കൊള്ളിച്ചുള്ള സമ്മിശ്ര മത്സ്യ കൃഷിയും ഹാച്ചറി സാങ്കേതിക വിദ്യയും വികസിപ്പിച്ചു രാജ്യമെങ്ങും പ്രചാരത്തിൽ വരുത്തിയതോടെ ഉണ്ടായ "നീല വിപ്ലവ"ത്തിനു നേതൃത്വം നൽകിയത് ഈ ഗവേഷണ സ്ഥാപനങ്ങൾ ആയിരുന്നു. കേന്ദ്ര കൃഷി – സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട മത്സ്യ കർഷക വികസന ഏജൻസികൾ (FFDA) ഇതിന് ആക്കം നൽകി. അന്തരീക്ഷത്തിൽ നിന്ന് ശ്വസിക്കുന്ന മീനുകളുടെ കൃഷി, ഓര് ജല മത്സ്യ കൃഷി, റിസർവോയറുകളിലെ മത്സ്യ കൃഷി എന്നിവയ്ക്കും വേണ്ട സാങ്കേതിക വിദ്യകൾ ഈ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ച് പ്രചാരത്തിൽ കൊണ്ട് വന്നിട്ടുണ്ട്. സമുദ്ര മത്സ്യ ഗവേഷണ രംഗത്തും ICAR ഗവേഷണ സ്ഥാപനങ്ങൾ സ്തുത്യർഹമായ സംഭാവനകൾ (രാജ്യത്ത് മൊത്തം പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ അളവിനെ പറ്റിയുള്ള വിവരം ശേഖരിക്കൽ, ശാസ്ത്രീയമായി പിടിച്ചെടുക്കുവാൻ ഉചിതമായ ഏറ്റവും ചെറിയ വലിപ്പം, മത്സ്യ ശേഖരങ്ങളുടെ അവസ്ഥാ നിർണ്ണയം, സമുദ്ര മത്സ്യ കൃഷിക്കായി വിവിധ

ജനുസ്സുകളുടെ കുഞ്ഞുങ്ങളെ കൃത്രിമമായി ഉണ്ടാക്കൽ, അഞ്ചു വർഷംതോറും നടത്തുന്ന മറൈൻ സെൻസസ്, മത്സ്യ സംസ്കരണം, ആധുനിക യാനനിർമ്മിതികൾ, മത്സ്യ ഗുണമേന്മ, തുടങ്ങിയ വിഷയങ്ങളിൽ സാങ്കേതിക വിദ്യകൾ ) നൽകി വരുന്നു.

എന്നാൽ, മത്സ്യ കൃഷിയിൽ കുതിച്ചുചാട്ടവും, മീൻ പിടുത്തത്തിൽ ഉത്പാദന സ്ഥിരതയും വിഭാവന ചെയ്യുമ്പോൾ ഫിഷറീസ് ഗവേഷണ-വികസന സ്ഥാപനങ്ങൾക്ക് കൂടുതൽ നിർണ്ണായകമായ പങ്കുകൾ വഹിക്കുവാനുണ്ട്. മത്സ്യ കർഷകരുടെയും മീൻ പിടുത്തക്കാരുടെയും ആവശ്യങ്ങൾക്ക് അനുസൃതമായ സാങ്കേതിക വിദ്യകൾ, വിജ്ഞാന വ്യാപനം എന്നിവയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിലൂടെ വികസനത്തിന്റെ ചാലക ശക്തിയായി ഗവേഷണം മാറണം. സ്വകാര്യമേഖലയുമായുള്ള പങ്കാളിത്തം ഇവിടെ പ്രസക്തമാണ്. ഗവേഷണം, വികസനം,ഭരണ നിർവഹണം ഇവ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആക്കം കൂട്ടുവാൻ വേണ്ട നയങ്ങൾ നൽകപ്പെടും.

അവസാനത്തെ കണ്ണി വരെ എത്തുന്ന വിജ്ഞാന വ്യാപനം ഈ നയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. സാക്ഷരത, ഇന്റർനെറ്റ് ഉപയോഗം, സ്മാർട്ട് ഫോൺ, എന്നിവ വർധിച്ചുവരുന്ന സാഹചര്യം വിജ്ഞാന വ്യാപനം കൂടുതൽ എളുപ്പവും, ചെലവ് കുറഞ്ഞതും ആക്കും. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ, വിവര ശേഖരണം, ഗവേഷണ വിവരങ്ങൾ എത്തിക്കൽ ഇവ യഥാ സമയം നടത്തുന്നതിനുള്ള സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകും. ഇത്തരം വിവരങ്ങൾ അതാതു ദേശ ഭാഷകളിൽ ലഭ്യമാക്കും. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന "സാഗർ മിത്ര" ഇതിൽ പ്രയോജനപ്പെടും.

സത്വര ശ്രദ്ധ വേണ്ട പ്രധാന സംഗതികൾ:

- അവസാനത്തെ കണ്ണി വരെ എത്തുന്ന വിജ്ഞാന വ്യാപനവും വിപുലീകരണ സേവനങ്ങളും നൽകുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി അന്തർ മന്ത്രാലയ സഹകരണം
- കാര്യക്ഷമവും വേഗത്തിലുള്ളതുമായ വികസനത്തിനായി മത്സ്യബന്ധന മേഖലയിലെ ഗവേഷണ-വികസന ബന്ധം ശക്തിപ്പെടുത്തുക. ഒപ്പം സുസ്ഥിര മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കുമുള്ള സാങ്കേതികവിദ്യകളുടെയും രീതികളുടെയും വിജ്ഞാന വ്യാപനം

## 6.9 മേഖലാ/അന്താരാഷ്ട്ര ധാരണകൾ

### 6.9.1 മേഖലാതല സഹകരണം പ്രോത്സാഹിപ്പിക്കൽ

നമുക്ക് അതിരുകൾ ആയുള്ള പടിഞ്ഞാറ് ഭാഗത്തെ അറേബ്യൻ കടലും കിഴക്ക് ഭാഗത്തെ ബംഗാൾ ഉൾക്കടലും ഇന്ത്യൻ മഹാസമുദ്രത്തിന്റെ വടക്ക്

ഭാഗം ഉൾക്കൊള്ളുന്നു. പാകിസ്ഥാൻ, മാലദ്വീപുകൾ, ശ്രീലങ്ക, ബംഗ്ലാദേശ് , മ്യാന്മാർ, തായ് ലാൻഡ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങൾ നമ്മുടെ സമുദ്രാതിർത്തി പങ്കിടുന്ന രാഷ്ട്രങ്ങളാണ്. അതിർത്തികൾ മാത്രമല്ല , ആവാസ വ്യവസ്ഥകൾ കൂടി നാം പങ്കിടുന്നുണ്ട്. (ഉദാ: ശ്രീലങ്കയുമായി പങ്കിടുന്ന മാന്നാർ ഉൾക്കടൽ, പാക് ഉൾക്കടൽ, ബംഗ്ലാദേശ് പങ്കിടുന്ന സുന്ദർബൻസ് , ആന്തമാൻ കടലിലെ മീയീക് (മേർഗുയി ) ദ്വീപ് സമൂഹം). അറേബ്യൻ ഉൾക്കടലിലും ബംഗാൾ ഉൾക്കടലിലും സമുദ്രാന്തരഗമനം നടത്തുന്ന വിവിധ മത്സ്യങ്ങൾ (ട്യൂണ വർഗ്ഗം, സ്രാവുകൾ, സ്പാനിഷ് അയില) ധാരാളമായി കാണപ്പെടുന്നു. ഈ മത്സ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗം ലക്ഷ്യമാക്കി ആവശ്യമായ മേഖലാതല സഹകരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

മീന്പിടുത്തക്കാരുടെ കടൽ സുരക്ഷ ഉറപ്പാക്കുവാനും രാജ്യാന്തര സഹകരണം ആവശ്യമാണ്. ബംഗാൾ ഉൾക്കടലിലും അറേബ്യൻ കടലിലും പ്രതികൂലമായ കാലാവസ്ഥ ഉണ്ടാകുന്നതും ജീവ ഹാനി സംഭവിക്കുന്നതും കൂടിയിട്ടുണ്ട്. സമുദ്ര മത്സ്യ ബന്ധനത്തിലും മേഖലാതല ഏർപ്പാടുകളിലും ഉഭയകക്ഷി ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കും. അതിർത്തികൾ പങ്കിടുന്ന മത്സ്യ വിഭവങ്ങളുടെ പരിപാലനം, മനുഷ്യാവകാശ സംരക്ഷണം (പ്രത്യേകിച്ചും മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തി കടന്നു മീൻ പിടുത്തം നടത്തുന്നവരുടെ) തുടങ്ങിയവ ശക്തിപ്പെടുത്തുവാൻ ഈ സഹകരണം സഹായിക്കും.

മറ്റു രാജ്യങ്ങളിലെ മത്സ്യ ബന്ധന യാനങ്ങളിൽ തൊഴിൽ എടുക്കുന്ന ഇന്ത്യൻ മീൻപിടുത്തക്കാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. മനപ്പൂർവം അല്ലാതെ സമുദ്രാതിർത്തി ലംഘിച്ച് മത്സ്യ ബന്ധനം നടത്തുന്ന പ്രത്യേക സാഹചര്യങ്ങളിൽ ഈ മീൻപിടുത്തക്കാർ പിടിക്കപ്പെടുമ്പോൾ അവരുടെ മോചനം സാധ്യമാക്കുന്നതിൽ കേന്ദ്ര സർക്കാരിന് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. അതിനാൽ ഇത്തരം മീൻപിടുത്തകാർക്ക് ആവശ്യം വേണ്ട നൈപുണ്യവും ഔപചാരികമായ മാർഗങ്ങൾ വഴി ആണ് ഇത്തരം തൊഴിൽ സമ്പാദിക്കുന്നത് എന്ന കാര്യവും ഉറപ്പാക്കും.

അന്താരാഷ്ട്ര ധാരണകളുടെ കാര്യത്തിൽ, സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (സു.വി.ല) പെടുന്ന സു.വി.ല 1 4 കൈവരിക്കുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ നൽകും.

### 6.9.2 മേഖലയിലെ മുൻനിര രാജ്യമാക്കി ഇന്ത്യയെ വളർത്തുക

ഒരു രാജ്യം അതിന്റെ സമുദ്ര വിഭവങ്ങൾ സുസ്ഥിരമായി പരിപാലിക്കുന്നു എന്ന കാര്യത്തിലെ വിശ്വാസ്യത അന്താരഷ്ട്ര സമുദ്രവിഭവ വാണിജ്യത്തിലെ ഒരു നിർണ്ണായക ഘടകമായി ഗണിക്കുന്ന സാഹചര്യം ആണ് ഉണ്ടായിവരുന്നത്. ഫിഷറീസ് പരിപാലനത്തിൽ മുൻ നിരയിലുള്ള ആസ്ട്രേലിയ, നോർവേ, ന്യൂസിലാൻഡ് തുടങ്ങിയ രാഷ്ട്രങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ച മാർഗം ശ്രദ്ധേയമാണ്. അന്താരാഷ്ട്ര അംഗീകാരം ലഭിക്കുന്ന തരത്തിൽ പരിപാലന സംവിധാനങ്ങൾ നടപ്പിൽ വരുത്തുകയും വിവിധ മാനകങ്ങൾ ഉപയോഗിച്ചുകൊണ്ട് വിശ്വാസ്യത

ഉറപ്പുവരുത്തുകയും ആണു ഈ രാജ്യങ്ങൾ ആദ്യമായി ചെയ്തത്. അതിനുശേഷം, അവർ വികസിപ്പിച്ച പരിപാലനവുമായി ബന്ധപ്പെട്ട ജ്ഞാനം മറ്റു രാജ്യങ്ങൾക്ക് നൽകി, അവരുടെ ജ്ഞാനത്തിന്റെയും സംവിധാനത്തിന്റെയും വിശ്വാസ്യത കൂടുതൽ ഉറപ്പിക്കുകയും ചെയ്തു. പുഷ്കലമായ ഒരു ജ്ഞാന നിർമ്മാണ സംവിധാനം ഇന്ത്യയിൽ ഉണ്ടെങ്കിലും അന്താരഷ്ട്ര തലത്തിൽ അർഹിക്കുന്ന അംഗീകാരം ഇനിയും ലഭ്യമായിട്ടില്ല. ആഗോള തലത്തിലുള്ള തീരുമാനങ്ങൾ എടുക്കുന്ന വേദികളിൽ ഇന്ത്യൻ ശാസ്ത്രജ്ഞരുടെ പങ്കാളിത്തവും പ്രാതിനിധ്യവും വർധിപ്പിക്കും. മേഖലാതല സംവിധാനങ്ങളിലെ പങ്കാളിത്തം, അന്താരാഷ്ട്ര തലത്തിൽ പരിശീലനം, ഗവേഷണം തുടങ്ങിയവയ്ക്ക് പ്രോത്സാഹനം നൽകും.

## 6.10 മുന്നോട്ടുള്ള ഗതി

നമ്മുടെ രാജ്യത്തിന്റെ, മത്സ്യ ബന്ധനവും മത്സ്യ കൃഷിയും ഉൾപ്പെടുന്ന മത്സ്യ മേഖലയുടെ സമഗ്ര വികസനത്തിനായി പത്തു പ്രധാന തലക്കെട്ടുകളുടെ കീഴിൽ 28 വിഷയങ്ങളാണ് ഇതുവരെ പ്രതിപാദിച്ചത്. ചില വിഷയങ്ങൾ തനിയെ (സ്വതന്ത്രമായി) അഭിമുഖീകരിക്കുവാൻ സാധിക്കുന്നതും മറ്റു ചിലവ പരസ്പര ബന്ധിതമായി മാത്രം അഭിമുഖീകരിക്കേണ്ടവയുമാണ്. അസംഖ്യം ജനങ്ങൾ ആശ്രയിക്കുന്നതും വൈവിധ്യ പൂർണ്ണവുമായ ഈ മേഖലയിൽ നയപരമായ ഇടപെടലുകൾ നടത്തുക എന്നത് എളുപ്പമല്ല എങ്കിലും അസാധ്യമല്ല. ഇവിടെ പരാമർശിക്കപ്പെട്ട 28 വിഷയങ്ങളുമായി ബന്ധപ്പെട്ട കർമ്മ പരിപാടികൾ വിശദമാക്കി ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിനും ചില പദ്ധതികളുടെ സാധ്യത കാണിക്കുവാനുള്ള സന്നാഹ പരിപാടികൾ സംഘടിപ്പിക്കുവാനും വേണ്ട ഒരു സമഗ്ര പ്രക്രിയ ആരംഭിക്കും. പ്രധാന മന്ത്രി മത്സ്യ സമ്പദ യോജനയുടെ കീഴിൽ പറഞ്ഞിട്ടുള്ള സ്കീമുകൾക്കും പദ്ധതികൾക്കും വകകൊള്ളിച്ചിട്ടുള്ള തുക, ഈ നയത്തിൽ മുന്നോട്ടുവെച്ചിട്ടുള്ള മിക്ക പരിപാടികളും നടപ്പിലാക്കുന്നതിനു മതിയാകും. കൃത്യമായ ഇടവേളകളിൽ ഉള്ള അവലോകനവും വിലയിരുത്തലും കർമ്മ പദ്ധതിയിൽ നിർബന്ധമായും ഉണ്ടാകും. ഗുണഭോക്താക്കളുടെ സക്രിയമായ പങ്കാളിത്തം ഉറപ്പാക്കുവാൻ ദേശീയ ഫിഷറീസ് നയത്തിന്റെ പ്രാരംഭം മുതൽ തന്നെ തുടങ്ങുന്ന ശ്രമങ്ങൾ ഉണ്ടാകുന്നത് നന്നായിരിക്കും.

പര്യവസാനമായി , ഈ ദേശീയ ഫിഷറീസ് നയത്തിന്റെ കാലാവധി അടുത്ത പത്തു വർഷങ്ങളായിട്ടാണ് സങ്കല്പ്പിചിട്ടുള്ളതെങ്കിലും, വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചാൽ ഇതിന്റെ ഗുണങ്ങൾ തുടർ കാലയളവിലും ലഭ്യമാകും എന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

## അടിസ്ഥാന വിവരങ്ങൾ

### എ . പൊതുവയവ

| ഘടകം | മൂല്യം |
|---|---|
| രാജ്യത്തിന്റെ വിസ്തീർണ്ണം (ദശലക്ഷം ചതുരശ്ര കിലോമീറ്റർ) | 3.29 |
| ജനസംഖ്യ (ദശലക്ഷം) | 1210.19 |
| നഗരവാസികളുടെ ആകെ എണ്ണം * (ദശലക്ഷം) | 80.33 |
| മൊത്തം ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം * (ദശലക്ഷം) | 168.08 |
| ശരാശരി കുടുംബ വലുപ്പം * (നഗര) (വ്യക്തി) | 4.9 |
| ശരാശരി കുടുംബ വലുപ്പം * (ഗ്രാമീണ) (വ്യക്തി) | 4.6 |

*ദേശീയ ജനസംഖ്യാ സെൻസസ് 2011

### ഫിഷറീസ് മേഖല ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ

| ആഭ്യന്തര വരുമാന വളർച്ച നിരക്ക് (ജിവിഎ), വളർച്ചാ നിരക്ക് (%) (മൂല്യനിരക്ക് 2011-12 ) | | | | |
|---|---|---|---|---|
| വർഷം | ഫിഷറീസ് മേഖലയുടെ ജിവിഎ (കോടി രൂപ) | ദേശീയ ജിവിഎ (കോടി രൂപ) | വാർഷിക വളർച്ചാ നിരക്ക് (ഫിഷറീസ് മേഖല) | വാർഷിക വളർച്ചാ നിരക്ക് (ദേശീയ) |
| 2009-10 | 61,269 | 71,31,836 | 3.53 | 6.86 |
| 2010-11 | 64,663 | 77,04,514 | 5.54 | 8.03 |
| 2011-12 | 68,027 | 81,06,946 | 5.20 | 5.22 |
| 2012-13 | 71,362 | 85,46,275 | 4.90 | 5.42 |
| 2013-14 | 76,487 | 90,63,649 | 7.18 | 6.05 |
| 2014-15 | 82,232 | 97,12,133 | 7.51 | 7.15 |
| 2015-16 | 90,205 | 1,04,91,870 | 9.70 | 8.03 |
| 2016-17 | 99,627 | 1,13,28,285 | 10.45 | 7.97 |
| 2017-18 | 1,14,248 | 1,20,74,413 | 14.68 | 6.59 |

| | | | | |
|---|---|---|---|---|
| 2018-19 | 1,28,011 | 1,28,03,128 | 12.05 | 6.04 |
| *ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇന്ത്യാ ഗവൺമെന്റ്* | | | | |

| മൊത്ത വരുമാന വർധനവിന്റെ (ജിവിഎ) വളർച്ചാനിരക്ക് (%) (മൂല്യനിരക്ക് 2011-12 ) | | | | |
|---|---|---|---|---|
| വർഷം | ഫിഷറീസ് മേഖല(%) | | ദേശീയം (%) | |
| | വാർഷിക വളർച്ചാ നിരക്ക് | ശരാശരി വളർച്ചാ നിരക്ക് | വാർഷിക വളർച്ചാ നിരക്ക് | ശരാശരി വളർച്ചാ നിരക്ക് |
| 2009-10 | 3.53 | | 6.86 | |
| 2010-11 | 5.54 | | 8.03 | |
| 2011-12 | 5.20 | **5.27** | 5.22 | **6.32** |
| 2012-13 | 4.90 | | 5.42 | |
| 2013-14 | 7.18 | | 6.05 | |
| 2014-15 | 7.51 | | 7.15 | |
| 2015-16 | 9.70 | | 8.03 | |
| 2016-17 | 10.45 | **10.87** | 7.97 | **7.16** |
| 2017-18 | 14.68 | | 6.59 | |
| 2018-19 | 12.05 | | 6.04 | |
| *ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇന്ത്യാ ഗവൺമെന്റ്* | | | | |

## B. ഉൾനാടൻ മത്സ്യമേഖല

| ഘടകം | മൂല്യം |
|---|---|
| *പ്രകൃതി വിഭവങ്ങൾ* | |
| **നദികളും കനാലുകളും** (കി.മീ) | 2,01,495.65 |
| **ചെറുതും ഇടത്തരവും വലുതുമായ റിസർവോയർ** (നമ്പർ) | 9,058 |
| **ചെറുതും ഇടത്തരവും വലുതുമായ റിസർവോയർ** (ഹെ) | 35,24,724.18 |
| സംഭരണികളും കുളങ്ങളും (ഹെ) | 24,78,263.21 |
| ഓരുജലം (ഹെ) | 11,60,162.50 |
| ബീൽലുകൾ (ഹെ) | 4,24,850.93 |
| ഓക്സ്ബോ തടാകങ്ങൾ (ഹെ) | 1,17,800.45 |
| **ഒഴിവാക്കിയ ജലപ്രദേശം (ഹെ)** | 2,30,136.38 |
| നദികളും കനാലുകളും ഒഴികെ (ഹെ) | 3,00,724.52 |
| **നദികളും കനാലുകളും ഒഴികെയുള്ള മൊത്തം ജലാശയങ്ങൾ** (ഹെ) | 82,36,662.17 |
| 2017-18 ലെ മത്സ്യ ഉൽപാദനം (ദശലക്ഷം ടൺ) | 8.90 |

## C സമുദ്രമത്സ്യ മേഖല

| ഘടകം | മൂല്യം |
|---|---|
| ***പ്രകൃതി വിഭവങ്ങൾ*** | |
| മൊത്തം സമുദ്രതീരം (കി.മീ) | 8,118 |
| സാമ്പത്തിക പരമാധികാര മേഖല (ദശലക്ഷം ചതുരശ്ര കിലോമീറ്റർ) | 2.02 |
| കോണ്ടിനെന്റൽ ഷെൽഫ് (ഏകദേശം) (ദശലക്ഷം ചതുരശ്ര കിലോമീറ്റർ) | 0.53 |
| മീൻ തുറകൾ | 1,547 |
| മത്സ്യബന്ധന ഗ്രാമങ്ങൾ | 3,477 |
| മത്സ്യത്തൊഴിലാളി ജനസംഖ്യ | **3,774,577** |
| ***മത്സ്യ വിഭവങ്ങൾ (മൊത്തം സാധ്യത)*** | |
| ഇടത്തട്ടു മത്സ്യങ്ങൾ (ടൺ ) | 2,298,281 |
| ഉപരിതല മത്സ്യങ്ങൾ (ടൺ ) | 2,631,827 |
| ലക്ഷദ്വീപ് തീര സമുദ്രം (ടൺ ) | 14,490 |
| ആൻഡമാൻ & നിക്കോബാർ തീര സമുദ്രം (ടൺ ) | 43,794 |
| മൊത്തം ആഴക്കടൽ (ടൺ ) | 2,30,832 |
| മറ്റുള്ളവ(ടൺ ) | 91,369 |
| മൊത്തം സാധ്യത (ടൺ ) | **5,310,593** |
| ***തൊഴിൽ*** | |
| **സജീവ മത്സ്യത്തൊഴിലാളികൾ (നമ്പർ)** (2016) | **927,081** |
| **മത്സ്യഅനുബന്ധ മേഖല (നമ്പർ)** (2016) | **521,745** |
| **മത്സ്യബന്ധനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന ആകെ ആളുകൾ** (2016) | **1,448,826** |
| **രജിസ്റ്റർ ചെയ്ത ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ** (2019) **(നമ്പർ)** | **53** |
| **രജിസ്റ്റർ ചെയ്ത മോട്ടറൈസ്ഡ് യാനങ്ങൾ (നമ്പർ)** | **136,920** |
| **രജിസ്റ്റർ ചെയ്ത മോട്ടറൈസ്ഡ് യന്ത്രവത്കൃത യാനങ്ങൾ(നമ്പർ)** | **66,198** |
| **രജിസ്റ്റർ ചെയ്ത മോട്ടറൈസ്ഡ് അല്ലാത്ത യാനങ്ങൾ(നമ്പർ)** | **65,876** |
| **ആകെ രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങൾ (നമ്പർ)** | **269,047** |
| 2017-18 ലെ മത്സ്യ ഉൽപാദനം (ദശലക്ഷം ടൺ) | **3.69** |

## ഡി . മീൻപിടുത്തക്കാർ

| ക്ര. ന. | സംസ്ഥാനങ്ങൾ / കേ .ഭ . പ്രദേശങ്ങൾ | മീൻപിടുത്തക്കാർ | | |
|---|---|---|---|---|
| | | മൊത്തം | കടൽ | ഉൾനാടൻ |
| 1 | ആന്ധ്രപ്രദേശ് | 14,47,529 | 5,17,435 | 9,30,094 |
| 2 | അരുണാചൽ പ്രദേശ് | 24,015 | - | 24,015 |
| 3 | അസം | 25,24,106 | - | 25,24,106 |
| 4 | ബീഹാർ | 60,27,375 | - | 60,27,375 |
| 5 | ഛത്തീസ്ഘട്ട് | 2,20,355 | - | 2,20,355 |

| | | | | |
|---|---|---|---|---|
| 6 | ഗോവ | 10,545 | 12,651 | -2,106 |
| 7 | ഗുജറാത്ത് | 5,58,691 | 3,54,992 | 2,03,699 |
| 8 | ഹരിയാന | 1,18,455 | - | 1,18,455 |
| 9 | ഹിമാചൽ പ്രദേശ് | 11,806 | - | 11,806 |
| 10 | ജമ്മു കശ്മീർ | 17,396 | - | 17,396 |
| 11 | ജാർഖണ്ഡ് | 1,40,897 | - | 1,40,897 |
| 12 | കർണാടക | 9,74,276 | 1,57,989 | 8,16,287 |
| 13 | കേരള | 10,44,361 | 5,63,903 | 4,80,458 |
| 14 | മധ്യപ്രദേശ് | 22,32,822 | - | 22,32,822 |
| 15 | മഹാരാഷ്ട്ര | 15,18,228 | 3,64,899 | 11,53,329 |
| 16 | മണിപ്പൂർ | 47,711 | - | 47,711 |
| 17 | മേഘാലയ | 16,567 | - | 16,567 |
| 18 | മിസോറം | 6,289 | - | 6,289 |
| 19 | നാഗാലാൻഡ് | 7,958 | - | 7,958 |
| 20 | ഒഡീഷ | 15,17,574 | 5,17,623 | 9,99,951 |
| 21 | പഞ്ചാബ് | 7,591 | - | 7,591 |
| 22 | രാജസ്ഥാൻ | 57,260 | - | 57,260 |
| 23 | സിക്കിം | 581 | - | 581 |
| 24 | തമിഴ്നാട് | 12,83,751 | 7,95,708 | 4,88,043 |
| 25 | തെലങ്കാന | 8,62,221 | - | 8,62,221 |
| 26 | ത്രിപുര | 7,761 | - | 7,761 |
| 27 | ഉത്തരാഖണ്ഡ് | 8,352 | - | 8,352 |
| 28 | ഉത്തർപ്രദേശ് | 39,00,005 | - | 39,00,005 |
| 29 | പശ്ചിമ ബംഗാൾ | 32,36,261 | 3,68,816 | 28,67,445 |
| 30 | ആൻഡമാൻ &നിക്കോബാർ | 25,941 | 26,521 | -580 |
| 31 | ചണ്ഡിഗഡ് | 524 | - | 524 |
| 32 | ദാദ്ര & നഗർ ഹവേലി, ദാമൻ & ഡിയു | 40,016 | 15,836 | 24,180 |
| 33 | ദില്ലി | 617 | - | 617 |
| 34 | ലഡാക്ക് | 22 | - | 22 |
| 35 | ലക്ഷദ്വീപ് | 27,934 | 21,416 | 6,518 |
| 36 | പുതുച്ചേരി | 1,07,272 | 50,270 | 57,002 |
| | **മൊത്തം** | 2,80,11,649 | 37,74,577 | 2,42,37,072 |
| | ഇന്ത്യയിലെ ആകെ ജനസംഖ്യ | | | **1,37,13,60,350** |
| | മത്സ്യത്തൊഴിലാളികൾ (മൊത്തം ജനസംഖ്യയുടെ%) | | | 2.04 |
| | സമുദ്ര മത്സ്യത്തൊഴിലാളികൾ (**മൊത്തം** മത്സ്യത്തൊഴിലാളികളുടെ%) | | | 13.48 |
| | ഉൾനാടൻ മത്സ്യത്തൊഴിലാളികൾ (മൊത്തം മത്സ്യത്തൊഴിലാളികളുടെ %) | | | 86.52 |

## ഇ. ഉൽപാദനവും ഉപഭോഗവും

2014-15 മുതൽ 2018-19 വരെ (ലക്ഷം ടണ്ണിൽ) സംസ്ഥാനങ്ങൾ / കേ .ഭ തിരിച്ചുള്ള ഉൾനാടൻ, സമുദ്ര മത്സ്യ ഉത്പാദനം

| S.No. | സംസ്ഥാനങ്ങൾ / കേ .ഭ | 2014-15 | | | 2015-16 | | | 2016-17 | | | 2017-18 | | | 2018-19 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഉൾനാടൻ | കടൽ | മൊത്തം | ഉൾനാടൻ | കടൽ | മൊത്തം | ഉൾനാടൻ | കടൽ | മൊത്തം | ഉൾനാടൻ | കടൽ | മൊത്തം | ഉൾനാടൻ | കടൽ | മൊത്തം |
| 1 | ആന്ധ്രപ്രദേശ് | 15.03 | 4.75 | 19.79 | 18.32 | 5.20 | 23.52 | 21.86 | 5.80 | 27.66 | 28.45 | 6.05 | 34.50 | 33.92 | 8.75 | 42.67 |
| 2 | അരുണാചൽ പ്രദേശ് | 0.04 | 0.00 | 0.04 | 0.04 | 0.00 | 0.04 | 0.04 | 0.00 | 0.04 | 0.04 | 0.00 | 0.04 | 0.05 | 0.00 | 0.05 |
| 3 | അസം | 2.83 | 0.00 | 2.83 | 2.94 | 0.00 | 2.94 | 3.07 | 0.00 | 3.07 | 3.27 | 0.00 | 3.27 | 3.31 | 0.00 | 3.31 |
| 4 | ബീഹാർ | 4.80 | 0.00 | 4.80 | 5.07 | 0.00 | 5.07 | 5.09 | 0.00 | 5.09 | 5.88 | 0.00 | 5.88 | 6.02 | 0.00 | 6.02 |
| 5 | ഛത്തീസ്ഘട്ട് | 3.14 | 0.00 | 3.14 | 3.42 | 0.00 | 3.42 | 3.77 | 0.00 | 3.77 | 4.57 | 0.00 | 4.57 | 4.89 | 0.00 | 4.89 |
| 6 | ഗോവ | 0.03 | 1.15 | 1.18 | 0.05 | 1.07 | 1.12 | 0.04 | 1.14 | 1.18 | 0.06 | 1.18 | 1.24 | 0.05 | 1.15 | 1.20 |
| 7 | ഗുജറാത്ത് | 1.11 | 6.98 | 8.10 | 1.12 | 6.97 | 8.10 | 1.17 | 6.99 | 8.16 | 1.34 | 7.01 | 8.35 | 1.43 | 6.99 | 8.42 |
| 8 | ഹരിയാന | 1.11 | 0.00 | 1.11 | 1.21 | 0.00 | 1.21 | 1.44 | 0.00 | 1.44 | 1.90 | 0.00 | 1.90 | 1.80 | 0.00 | 1.80 |
| 9 | ഹിമാചൽ പ്രദേശ് | 0.11 | 0.00 | 0.11 | 0.12 | 0.00 | 0.12 | 0.13 | 0.00 | 0.13 | 0.13 | 0.00 | 0.13 | 0.13 | 0.00 | 0.13 |
| 10 | ജമ്മു & കശ്മീർ | 0.20 | 0.00 | 0.20 | 0.20 | 0.00 | 0.20 | 0.20 | 0.00 | 0.20 | 0.21 | 0.00 | 0.21 | 0.21 | 0.00 | 0.21 |
| 11 | ജാർഖണ്ഡ് | 1.06 | 0.00 | 1.06 | 1.16 | 0.00 | 1.16 | 1.45 | 0.00 | 1.45 | 1.90 | 0.00 | 1.90 | 2.08 | 0.00 | 2.08 |
| 12 | കർണാടക | 2.23 | 4.00 | 6.23 | 1.69 | 4.12 | 5.81 | 1.59 | 3.99 | 5.57 | 1.88 | 4.14 | 6.03 | 1.98 | 3.89 | 5.87 |
| 13 | കേരള | 2.02 | 5.24 | 7.26 | 2.11 | 5.17 | 7.28 | 1.61 | 4.31 | 5.93 | 1.48 | 4.14 | 5.63 | 1.66 | 5.49 | 7.14 |
| 14 | മധ്യപ്രദേശ് | 1.09 | 0.00 | 1.09 | 1.15 | 0.00 | 1.15 | 1.39 | 0.00 | 1.39 | 1.43 | 0.00 | 1.43 | 1.73 | 0.00 | 1.73 |
| 15 | മഹാരാഷ്ട്ര | 1.44 | 4.64 | 6.08 | 1.46 | 4.34 | 5.80 | 2.00 | 4.63 | 6.63 | 1.31 | 4.75 | 6.06 | 1.00 | 4.67 | 5.68 |
| 16 | മണിപ്പൂർ | 0.31 | 0.00 | 0.31 | 0.32 | 0.00 | 0.32 | 0.32 | 0.00 | 0.32 | 0.33 | 0.00 | 0.33 | 0.32 | 0.00 | 0.32 |
| 17 | മേഘാലയ | 0.06 | 0.00 | 0.06 | 0.11 | 0.00 | 0.11 | 0.12 | 0.00 | 0.12 | 0.12 | 0.00 | 0.12 | 0.13 | 0.00 | 0.13 |
| 18 | മിസോറം | 0.06 | 0.00 | 0.06 | 0.07 | 0.00 | 0.07 | 0.08 | 0.00 | 0.08 | 0.08 | 0.00 | 0.08 | 0.07 | 0.00 | 0.07 |
| 19 | നാഗാലാൻഡ് | 0.08 | 0.00 | 0.08 | 0.08 | 0.00 | 0.08 | 0.09 | 0.00 | 0.09 | 0.09 | 0.00 | 0.09 | 0.09 | 0.00 | 0.09 |
| 20 | ഒഡീഷ | 3.36 | 1.33 | 4.70 | 3.77 | 1.45 | 5.21 | 4.55 | 1.53 | 6.08 | 5.34 | 1.51 | 6.85 | 5.07 | 2.52 | 7.59 |
| 21 | പഞ്ചാബ് | 1.15 | 0.00 | 1.15 | 1.20 | 0.00 | 1.20 | 1.33 | 0.00 | 1.33 | 1.37 | 0.00 | 1.37 | 1.36 | 0.00 | 1.36 |
| 22 | രാജസ്ഥാൻ | 0.45 | 0.00 | 0.45 | 0.42 | 0.00 | 0.42 | 0.50 | 0.00 | 0.50 | 0.54 | 0.00 | 0.54 | 0.56 | 0.00 | 0.56 |
| 23 | സിക്കിം | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 24 | തമിഴ്നാട് | 2.40 | 4.57 | 6.98 | 2.43 | 4.67 | 7.09 | 1.97 | 4.72 | 6.69 | 1.85 | 4.97 | 6.82 | 1.62 | 5.13 | 6.75 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 25 | തെലങ്കാന | 2.68 | 0.00 | 2.68 | 2.37 | 0.00 | 2.37 | 1.99 | 0.00 | 1.99 | 2.70 | 0.00 | 2.70 | 2.94 | 0.00 | 2.94 |
| 26 | ത്രിപുര | 0.65 | 0.00 | 0.65 | 0.69 | 0.00 | 0.69 | 0.72 | 0.00 | 0.72 | 0.77 | 0.00 | 0.77 | 0.76 | 0.00 | 0.76 |
| 27 | ഉത്തരാഖണ്ഡ് | 0.04 | 0.00 | 0.04 | 0.04 | 0.00 | 0.04 | 0.04 | 0.00 | 0.04 | 0.05 | 0.00 | 0.05 | 0.05 | 0.00 | 0.05 |
| 28 | ഉത്തർപ്രദേശ് | 4.94 | 0.00 | 4.94 | 5.05 | 0.00 | 5.05 | 6.18 | 0.00 | 6.18 | 6.29 | 0.00 | 6.29 | 6.62 | 0.00 | 6.62 |
| 29 | പശ്ചിമ ബംഗാൾ | 14.38 | 1.79 | 16.17 | 14.93 | 1.78 | 16.71 | 15.25 | 1.77 | 17.02 | 15.57 | 1.85 | 17.42 | 15.88 | 1.82 | 17.70 |
| 30 | ആൻഡമാൻ & നിക്കോബാർ | 0.00 | 0.37 | 0.37 | 0.00 | 0.37 | 0.37 | 0.00 | 0.39 | 0.39 | 0.00 | 0.39 | 0.40 | 0.00 | 0.41 | 0.41 |
| 31 | ചണ്ഡിഗഡ് | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 32 | ദാദ്ര & നഗർ ഹവേലി, | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 33 | ദാമൻ & ഡിയു | 0.00 | 0.32 | 0.32 | 0.00 | 0.23 | 0.23 | 0.01 | 0.23 | 0.24 | 0.00 | 0.24 | 0.25 | 0.00 | 0.24 | 0.25 |
| 34 | ദില്ലി | 0.01 | 0.00 | 0.01 | 0.01 | 0.00 | 0.01 | 0.01 | 0.00 | 0.01 | 0.01 | 0.00 | 0.01 | 0.01 | 0.00 | 0.01 |
| 35 | ലക്ഷദ്വീപ് | 0.00 | 0.13 | 0.13 | 0.00 | 0.16 | 0.16 | 0.00 | 0.30 | 0.30 | 0.00 | 0.21 | 0.21 | 0.00 | 0.22 | 0.22 |
| 36 | പുതുച്ചേരി | 0.06 | 0.42 | 0.47 | 0.07 | 0.47 | 0.54 | 0.04 | 0.46 | 0.50 | 0.07 | 0.42 | 0.50 | 0.07 | 0.45 | 0.52 |
| | ഇന്ത്യ | 66.91 | 35.69 | 102.60 | 71.62 | 36.00 | 107.62 | 78.06 | 36.25 | 114.31 | 89.02 | 36.88 | 125.90 | 95.82 | 41.76 | 137.58 |

അവലംബം: ഫിഷറീസ് വകുപ്പ്, സംസ്ഥാന സർക്കാർ / കേ .ഭ പ്രദേശങ്ങൾ

| | |
|---|---|
| മത്സ്യത്തിന്റെയും ചെമ്മീന്റെയും വാർഷിക പ്രതിശീർഷ ഉപഭോഗം (നഗരം ) (കിലോഗ്രാം) | 3.00 |
| മത്സ്യത്തിന്റെയും ചെമ്മീന്റെയും വാർഷിക പ്രതിശീർഷ ഉപഭോഗം (ഗ്രാമീണ) (കിലോഗ്രാം) | 3.24 |
| മത്സ്യഉപഭോക്യത്തു കുടുംബങ്ങൾ (നഗരം) (ദശലക്ഷം) | 16.87 |
| മത്സ്യഉപഭോക്യത്തു കുടുംബങ്ങൾ (ഗ്രാമീണ) (ദശലക്ഷം) | 44.54 |

അവലംബം: ഹാൻഡ്ബുക്ക് ഓഫ് ഫിഷറി സ്റ്റാറ്റിസ്റ്റിക്ക് 2018, ദേശീയ ജനസംഖ്യാ സെൻസസ് 2011